Reg. No. M. 2293

ഒററപ്രതി 2ണ.

# സത്യദീപം

“ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല.”

പുസ്തകം 26 | 1128 മേടം 9—ബുധനാഴ്ചതോറും—പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1953 ഏപ്രിൽ 22 | ലക്കം 34

## ആസ്തിക്യ“ചാക്കൗട്ട്” !


### സുഖദുഃഖങ്ങളുടെ അകവും പുറവും—തത്വചിന്താപരമായ ഒരു ലഘുനിരീക്ഷണം

(പി. ഒ.)

ആയുഷ്കാലപര്യന്തം, അകമെയും പുറമെയും, മിക്കവാറും മനുഷ്യസാദ്ധ്യമായിട്ടുള്ളേടത്തോളം, ജീവിതനൈർമ്മല്യവും, സത്യം, ദയ, ദീനാനുകമ്പ, പരോപകാരസന്നദ്ധത, തുടങ്ങിയ വിശിഷ്ടഗുണങ്ങളും, സ്വജീവിതത്തിൽ അഭംഗമായി അനുഷ്ഠിച്ചുപോന്ന അത്യന്തം ദൈവഭക്തനായ ഒരു മനുഷ്യനു് തുടരെത്തുടരെ പല ക്ലേശാനുഭവങ്ങളും ഉണ്ടായി. അയാൾ തന്റെ മുതലിൽ ഒരു വലിയഭാഗം ചെലവഴിച്ചു് ഉൽകൃഷ്ടവിദ്യാഭ്യാസത്തിനായി വിദേശസർവ്വകലാശാലകളിൽ അയച്ചിരുന്ന ഒരു പുത്രൻ പെട്ടെന്നു് എന്തോ രോഗംപിടിപെട്ടു് ഇംഗ്ലണ്ടിൽവച്ചു് അകാലചരമം പ്രാപിച്ചതായി ഒരുദിവസം കമ്പി വന്നു. അതുകഴിഞ്ഞു് ഏതാനും ദിവസങ്ങൾക്കുള്ളിൽ അയാളുടെ ഒരു പ്രിയപുത്രി, യാദൃച്ഛികമായി സാരിത്തുമ്പിൽ തീപിടിച്ചു ദേഹമാസകലം കത്തിയെരിഞ്ഞു് അതിദയനീയമാംവണ്ണം മരണംപ്രാപിച്ചു. ഈ കഠിനദുഃഖം സഹിയാഞ്ഞു് അയാളുടെ ഭാര്യ രോഗിണിയായി കിടപ്പിലായി. അതും പോരെങ്കിൽ അയാൾക്കു കാൻസർരോഗവും പിടിപെട്ടു. അങ്ങനെ ആ ഭവനം നീറിപ്പുകയുന്ന സന്താപത്തിന്റെ ധൂമപടലങ്ങൾകൊണ്ടു് അന്ധകാരാവൃതമായിത്തീർന്നു. സമസ്തജനങ്ങൾക്കും ഉപകാരിയായി, നാട്ടിനൊരു മണിവിളക്കായി, ശോഭിച്ചിരുന്ന ആ സഹൃദയവൃദ്ധൻ താങ്ങാനാവാത്ത ദുഃഖപാരവശ്യംകൊണ്ടു സർവ്വദാ പരിക്ഷീണനായി കാണപ്പെട്ടു. പൂമുഖത്തിട്ടിരുന്ന ചാരുകസേരയിൽ ശോകമൂകനായി അങ്ങനെ കിടക്കും. ജീവിതത്തിന്റെ വെളിച്ചം അണഞ്ഞുപോയതുപോലെ അയാൾക്കു പലപ്പോഴും തോന്നി.

അയാളുടെ സ്നേഹിതന്മാർ ആത്മാർത്ഥമായി സഹതപിച്ചു. പ്രത്യേകിച്ചു് ഒരു സ്നേഹിതന്റെ അനുശോചനവാക്കുകൾ ഈവിധത്തിലായിരുന്നു:

“പ്രിയ സ്നേഹിതാ! താങ്കൾ എത്ര ഭക്തിനിഷ്ഠയോടെ ദൈവത്തെ സേവിച്ചു! എന്നിട്ടും ദൈവം താങ്കളോടു് ഇത്ര നിഷ്ഠുരണം പെരുമാറിയല്ലോ എന്നോർക്കുമ്പോൾ, എന്റെ സ്വന്ത ദൈവവിശ്വാസംതന്നെ ചഞ്ചലിച്ചുപോകുന്നു. കേവലം മര്യാദക്കാരനായ ഒരു മനുഷ്യൻപോലും പെരുമാറാത്തവിധത്തിൽ നിർദ്ദയമായിട്ടാണല്ലോ ദൈവം താങ്കളോടു പ്രവർത്തിച്ചിരിക്കുന്നതു്. ദൈവത്തെ താങ്കൾ ഇത്ര വിശ്വസ്തതയോടെ സേവിച്ചതിന്റെ ഫലം ഇതാണല്ലോ കിട്ടിയതു്. കഷ്ടം! നേരെമറിച്ചു്, ദുർവൃത്തികളിലും അഴിമതികളിലും അക്രമങ്ങളിലും അടിമുടി മുഴുകി, കണ്ണമാനം ജീവിക്കുന്ന എത്രയോ പേരെ ധനസമൃദ്ധിയും മറെറല്ലാ ജീവിതസുഖസൗഭാഗ്യങ്ങളും അങ്ങോളമിങ്ങോളം അകമ്പടിസേവിക്കുന്നതായി നാം ചുററുപാടും കാണുന്നു? ഇതാണോ ദൈവനീതി? അനർഹരായ പല നല്ല മനുഷ്യർ കഷ്ടപ്പാടും പീഡകളും അനുഭവിക്കുന്നു; കണ്ണുനീരും കൈയുമായി കഴിയുന്നു! ഇങ്ങനെ അനീതിയും അക്രമവും ദാരിദ്ര്യവും കഷ്ടപ്പാടുകളും അരങ്ങഴിഞ്ഞു വിളയാടാൻ അനുവദിക്കുന്ന ഒരു ദൈവത്തെയാണോ, കരുണാമൂർത്തിയെന്നും നീതിയുടെ ഇരിപ്പിടമെന്നും സകലരും വാഴ്ത്തിക്കൊണ്ടാടുന്നതു ? ഇത്തരക്കാരനായ ഒരു ദൈവം ഉണ്ടെന്നോ, അഥവാ ഉണ്ടെങ്കിൽത്തന്നെ ആ ദൈവത്തെ സേവിക്കേണ്ട ആവശ്യമെന്താണെന്നോ മനസ്സിലാക്കാൻ പ്രയാസമായിരിക്കുന്നു. മര്യാദക്കാരോടു മര്യാദയായി പെരുമാറാൻപോലും അറിഞ്ഞുകൂടാത്ത ഈ ദൈവത്തിന്റെപിന്നാലെ ഇനിമേൽ ഞാനില്ല. പോയതുപോകട്ടെ. നമുക്കിനി നമ്മുടെ സ്വന്തകാര്യംനോക്കി ജീവിക്കാം. ദൈവം ദൈവത്തിന്റെ കാര്യവും നോക്കിക്കൊള്ളട്ടെ. എന്താ? എന്തുപറയുന്നു?”



ജൂബിലേറിയൻ റൈററ് റവ ഡോക്ടർ ജോർജ്ജ് ആലപ്പാട്ട് വിജയിപ്പൂതാക!

ചാരുകസേരയിൽ ചിന്താമഗ്നനായിക്കിടന്ന ആ ദൈവഭക്തൻ തന്റെ സ്നേഹിതന്റെ ഉന്മത്തജല്പനങ്ങളെ ക്ഷമാപൂർവ്വം കേട്ടു. സ്വന്തം സൃഷ്ടികർത്താവിനോടുള്ള പ്രകടമായ പ്രതിഷേധവിപ്ലവത്തിന്റെ തീപ്പൊരികൾ പാറിച്ച ആ വികലപ്രഭാഷണം ശ്രോതാവിന്റെ ചിന്താമണ്ഡലത്തിൽ തീകൊളുത്തി. അതു് എരിഞ്ഞടങ്ങിയപ്പോൾ ഏതോ ജ്ഞാനോദയംകൊണ്ടെന്നപോലെ ആ വൃദ്ധന്റെ മുഖം പ്രസന്നമായി. അദ്ദേഹം മെല്ലെ എഴുന്നേററിരുന്നു. തന്റെ സ്നേഹിതനോടു ചോദിച്ചു:

“അപ്പോൾ നിങ്ങൾ ദൈവവുമായി യാത്രപറയുകയാണിപ്പോൾ, അല്ലേ?”

“അതെ, എന്നു ഞാൻ വിചാരിക്കുന്നു.”

ദൈവം നമുക്കു കഷ്ടപ്പാടുകളും ചില അക്രമികൾക്കു ധനവും സുഖസൗഭാഗ്യങ്ങളും കൊടുക്കുന്നതിലുള്ള പ്രതിഷേധമായിട്ടാണോ?”

“അതെ.”

“എന്നാൽ സ്നേഹിതാ, നാം തമ്മിൽ ഇക്കഴിഞ്ഞ അനേകവർഷക്കാലമായി നിലനിന്നുപോന്ന മൈത്രീബന്ധവും ഇവിടെവച്ചു് അവസാനിപ്പിക്കേണ്ടിവന്നിരിക്കുന്നതിൽ ഞാൻ നിർവ്യാജം വ്യസനിക്കുന്നു. കാരണം ആസ്തിക്യബോധത്തിന്റെ വഴിത്തിരിവിങ്കലാണു് ഇപ്പോൾ നാം വന്നുനില്ക്കുന്നതു്. നിങ്ങൾ ഇവിടെവച്ചു് ഇടത്തോട്ടു തിരിയുന്നു. ഞാൻ ഇത്രയുംകാലം തീർത്ഥാടനം ചെയ്തുവന്ന ഇതേവ

ഴിയിലൂടെത്തന്നെ മുന്നോട്ട യാത്ര തുടരാനാണു നിശ്ചയിച്ചിരിക്കുന്നതു്. ദൈവം നമുക്കു കഷ്ടപ്പാടുകൾ തരുന്നതു് നിഷ്ഠുരതമാണെന്നു നിങ്ങൾ പറഞ്ഞല്ലോ. നേരെമറിച്ചാണെൻെറ ദൃഢബോധ്യം. കഷ്ടപ്പാടുകളും ശോകാനുഭവങ്ങളും (Sufferings)പോലെ മനുഷ്യസ്വഭാവത്തെ ശുദ്ധീകരിച്ചു സ്ഫുടംചെയ്യെടുക്കാൻ മറെറാന്നിനും കഴിവില്ല. എങ്ങനെയാണെന്നോ? ഓരോ ബുദ്ധിമുട്ടുകൾ എതിരേവന്നു വഴിവിലങ്ങിനില്ക്കുമ്പോൾമാത്രമാണല്ലോ അവയെ ജയിച്ചു് അപ്പുറംകടക്കാൻ മനുഷ്യർ ശ്രമംചെയ്യാറുള്ളതു്. കായികമായിട്ടെന്നതുപോലെതന്നെ, മാനസികമായും ശ്രമം (effort, exertion) കൊണ്ടു മാത്രമേ വ്യായാമം കിട്ടുന്നുള്ളു. വ്യായാമത്തിൽനിന്നു് ആയാസവും, ആയാസംമൂലം ആരോഗ്യപുഷ്ടിയും വളർച്ചയും കിട്ടുന്നു. ശാരീരികമായ ഈ തത്വം മാനസികമായും തികച്ചും സാർത്ഥകമാണു്. അപ്പോൾ കഷ്ടപ്പാടുകളും മനക്ലേശങ്ങളും വരുമ്പോൾ, അവയോടൊരുമിച്ചുതന്നെ, അവയെ സഹിക്കാനും വഹിക്കാനുമുള്ള കഴിവു പഠിക്കാനുള്ള സന്ദർഭങ്ങളും വന്നു നമ്മെ കാത്തുനില്ക്കുന്നുണ്ടു്. എന്തിനു നാം അവയൊക്കെ സഹിക്കണം? അവയെ തട്ടിത്തെറിപ്പിക്കരുതോ എന്നു നിങ്ങൾ ചോദിക്കാം. പാടില്ല, സഹനശക്തി ജീവിതവിജയത്തിനാവശ്യമായ സ്വഭാവമാതൃകയുടെ ചേരുവയിലെ ഒരു പ്രധാനഘടകമാണു്, ആരെക്കൊണ്ടും, എപ്പോഴും എല്ലാ പ്രതിബന്ധങ്ങളെയും തട്ടിത്തെറിപ്പിച്ചു് മുന്നോട്ടുപോകാൻ സാധ്യമല്ല. ഭവിഷ്യൽഫലസാധ്യതകളുടെ ഗുരുലഘുത്വങ്ങൾ നോക്കാതെ സകലതും പാടെ തട്ടിത്തെറിയാൻ ശ്രമിക്കുന്നവൻ ചിലപ്പോൾ ആ വിമൂഢസാഹസത്തിൽ സ്വയം തട്ടിത്തെറിയപ്പെട്ടെന്നുവരാം. സ്റ്റാലിനു ലോകത്തെ മുഴുവൻ ആക്രമിച്ചു കീഴടക്കണമെന്നു് ആഗ്രഹമുണ്ടായിരുന്നില്ലേ? എങ്കിലും സാർവ്വലൗകികമായ രാഷ്ട്രീയ നിലപാടുകളെ ചുററും നോക്കിക്കണ്ടപ്പോൾ അദ്ദേഹം ആ സാഹസത്തിനു തുനിഞ്ഞില്ല. ക്ഷമയോടെ കാത്തിരുന്നു. അത്രയ്ക്കു ബുദ്ധിയായിതാനും. അപ്പോൾ, വിവേകപൂർവ്വമായ ക്ഷമയും സഹനശക്തിയും അവനവൻെറ ഭൗതികവും ധാർമ്മികവുമായ നിലനില്പിനുതന്നെ അനുപേക്ഷണീയമാണെന്നു സ്പഷ്ടം. അങ്ങനെ, മനുഷ്യസ്വഭാവസംസ്കാരത്തെ ഉത്തരോത്തരം പവിത്രീകരിച്ചു് ദൈവാഭിമുഖമായി നമ്മെ ഉന്നമിപ്പിച്ചു് അടുപ്പിക്കാനുള്ള സുവർണ്ണസോപാനമാണു് ക്ലേശാനുഭവങ്ങൾ എന്നു സിദ്ധിക്കുന്നു. നമ്മുടെ സ്വഭാവം കറതീർന്നു് ഉൽകൃഷ്ടതരമാകുന്തോറും നാം ഈശ്വരസാമീപ്യത്തിലേക്കും ഈശ്വരതാദാത്മ്യത്തിലേക്കും നീങ്ങുകയാണു് ചെയ്യുന്നതു്. അതിനു സഹായിക്കുന്ന വിലയേറിയ പരിശീലനരംഗഭൂമിയാണു, നമുക്കു വന്നുചേരുന്ന ക്ലേശാനുഭവപരമ്പരകൾ എന്ന ശാശ്വതികപരമാർത്ഥം, മനുഷ്യജീവിതത്തിൽ, വെളിച്ചമാളികപോലെ, ബഹുദൂരം പ്രകാശം വീശി നിലകൊള്ളുമ്പോൾ, അതിൽനിന്നു മുഖം തിരിച്ചുകളയുന്നതു ശരിയാണോ? നിങ്ങൾ ശാന്തമായി ഇരുന്നു് ഒന്നു് ആലോചിച്ചുനോക്കൂ. ക്ലേശാനുഭവങ്ങളെയല്ല, അവയുടെ അഭാവത്തെയാണു്, ധാർമ്മികവളർച്ചയാഗ്രഹിക്കുന്നവൻ ഭയപ്പെടാനുള്ളതു്. ഒരു മനുഷ്യൻെറ ആയുസ്സിൽ യാതൊരു കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും ക്ലേശങ്ങളും ഉണ്ടാകുന്നില്ലെങ്കിൽ, അവൻ തീകാണാത്ത പൊന്നുപോലെ, ഉരകല്ലുകാണാത്ത രത്നംപോലെ, ഒരു അസംസ്കൃതസാധനമായി (raw-material) അവ ശേഷിക്കുകയേയുള്ളു. ധാർമ്മികമായ വളർച്ചയുടെ വീക്ഷണകോടിയിൽനിന്നു നോക്കുമ്പോൾ, അതിലും കഷ്ടമാണു് ഉത്തമമായ ലക്ഷ്യങ്ങൾക്കുവേണ്ടിയുള്ള ധനവിനിയോഗം വശമില്ലാത്ത ധനികൻെറ അവസ്ഥ. അവനുണ്ടാകുന്ന ധനത്തിൻെറ യജമാനൻ അവൻതന്നെയായിരിക്കേണ്ടതിനുപകരം, ധനം യജമാനനും അവൻ ഭൃത്യനുമായിത്തീരും. അപ്പോൾ കഴുത ഉടമസ്ഥൻെറപുറത്തു സവാരിചെയ്യുന്നതുപോലെയിരിക്കും. വേണ്ടാ. ഒരോററച്ചോദ്യം ഞാൻ ചോദിക്കാം. സ്നേഹിതൻ ശരിയായി ആലോചിച്ചു് ഉത്തരം പറയണം. ധനംകൊണ്ടു് ഒരോററ മനുഷ്യൻെറയെങ്കിലും സ്വഭാവം ഇന്നുവരെ നന്നായിട്ടുണ്ടോ? നേരെമറിച്ചു ധനംകൊണ്ടു മനുഷ്യരുടെ സ്വഭാവം ദുഷിച്ചുപോയിട്ടുള്ളതിനു ലക്ഷക്കണക്കിനു് ഉദാഹരണങ്ങൾ പറയാനുണ്ടു്. ധനം അതിൽത്തന്നെ ചീത്തയല്ല. ഒരു വിധത്തിൽ വെള്ളവും തീയും പോലെയാണതു്. അവ രണ്ടും ശരിക്കു കൈകാര്യം ചെയ്താൽ മനുഷ്യനു് ഏററവും പ്രയോജനകരങ്ങളായ രണ്ടു മഹാശക്തികളാണു്. എന്നാൽ, പിടിവിട്ടുപോയാൽ, ഏററവും ആപൽക്കാരികളുമാണു്. ധനവും അങ്ങനെതന്നെ. ഇംഗ്ലീഷിൽ വളരെ അർത്ഥവത്തായ ഒരു ആപ്തവാക്യമുണ്ടു്. അതിങ്ങനെയാണു്:—

"He who has no money is poor indeed. But he who has money only is poorer still" അതായതു്, "പണമില്ലാത്തവൻ ദരിദ്രൻതന്നെ. എന്നാൽ പണം മാത്രമുള്ളവൻ അതിലും ദരിദ്രൻതന്നെ" എന്നാണതിൻെറ സാരം. പണമുണ്ടു് വകതിരിവില്ല, സദാചാരബോധമില്ല, നേരില്ല, നെറിവില്ല, ഹൃദയമില്ല, തലച്ചോറില്ല; എന്തു വിശേഷം? പണമില്ലാത്ത ദരിദ്രനെക്കാൾ എത്രയോ ദരിദ്രനാണവൻ?

ഇനി മറെറാന്നു്. ധനത്തിനു മനുഷ്യസ്വഭാവത്തെ പവിത്രീകരിക്കാൻ ഒരിക്കലും സാധിച്ചിട്ടില്ലെങ്കിൽ,കഷ്ടപ്പാടുകൾക്കും ക്ലേശാനുഭവങ്ങൾക്കും അതു സാധിച്ചിട്ടുണ്ടെന്നുള്ളതിനുലക്ഷംഉദാഹരണങ്ങൾ വേണമെങ്കിൽ പറയാനുണ്ടു്. അപ്പോൾ, കഷ്ടപ്പാടുകളും സങ്കടങ്ങളും നമ്മുടെ ധാർമ്മികവളർച്ചയ്ക്കായി ദൈവം നൽകുന്ന ഒരു വിലയേറിയ അനുഗ്രഹം ആണെന്നു ഞാൻ വിശ്വസിക്കുന്നു. അവയെ നൽകുന്ന കരുണാനിധിയായ ദൈവത്തോടു് എനിക്കു ഹൃദയം നിറഞ്ഞ കൃതജ്ഞതയാണുള്ളതു്. കുറെക്കാലം തുടർച്ചയായി എനിക്കു കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും ഒന്നും ഉണ്ടായില്ലെങ്കിൽ ദൈവം എന്നെ മറന്നുകളഞ്ഞോ എന്നു ഞാൻ സംശയിക്കും. അങ്ങനെ ഒരവസ്ഥയിലേക്കു് എന്നെ അധഃപതിപ്പിക്കരുതേ, ജഗദീശ്വരാ, എന്നു ഞാൻ പ്രാർത്ഥിക്കും. സ്നേഹിതാ, താങ്കളാകട്ടെ, അങ്ങനെയൊരു മൂഢസ്വർഗ്ഗത്തിലേക്കു വഴുതിവീഴാൻ വെമ്പൽകൊള്ളുന്നു. അതിനു് അനുവദിക്കാത്ത ദൈവകാരുണ്യത്തെ പ്രതിഷേധിച്ചു "വാക്കൗട്ടു്" നടത്താൻ ഭാവിക്കുന്നു. അതാണു നാം തമ്മിലുള്ള അന്തരം. അതുകൊണ്ടാണു ഞാൻ പറഞ്ഞതു്, നാം തമ്മിൽ പിരിയേണ്ട വഴിത്തിരിവിങ്കൽ എത്തിയിരിക്കുന്നു എന്നു്, മനസ്സിലായോ?

വാക്കൗട്ടുകാരൻ: — വേണ്ടാ, സ്നേഹിതാ! നാം തമ്മിൽ പിരിയേണ്ട ആവശ്യമില്ല. താങ്കൾ പറഞ്ഞതെല്ലാം അക്ഷരംപ്രതി ശരിയാണെന്നു് എനിക്കു ബോധ്യപ്പെട്ടിരിക്കുന്നു. ഇതേവരെ കഴിഞ്ഞതുപോലെതന്നെ, ഇനി മേലിലും നമുക്കൊരുമിച്ചുതന്നെ ജീവിതയാത്ര തുടരാം. നിങ്ങളുടെ തത്വചിന്താപ്രഭാഷണം ഒരു പുതിയ അന്തശ്ശക്തിയെ എനിക്കു പ്രദാനംചെയ്തിരിക്കുന്നു. അതു് ഒരു പുതിയ ജ്ഞാനഗോളത്തിലേക്കു് എന്നെ ആനയിച്ചിരിക്കുന്നു. ഒരു പുതിയ ദർശനകോടിയിൽ എന്നെക്കൊണ്ടുവന്നു നിറുത്തിയിരിക്കുന്നു. പരമകാരുണികനായ ദൈവമേ, അങ്ങയെ മറക്കത്തക്കവണ്ണം എന്നെ ഒരിക്കലും ധനികനോ സുഖാനുഭോഗലാലസനോ ആക്കിത്തീർക്കരുതേ എന്നു ഞാൻ ഇതാ അകമഴിഞ്ഞു പ്രാർത്ഥിക്കുന്നു."

അങ്ങനെ അന്നത്തെ സായാഹ്നം മഹത്തരമായ ഒരു ആശയപരിവർത്തനത്തിനു സാക്ഷ്യംവഹിച്ചു. ആ മൈത്രീബന്ധം ശവക്കുഴിവരെ നീണ്ടുനില്ക്കുകയും ചെയ്തു.

---

# പുതിയ ആനുകൂല്യങ്ങളുടെ ഒരു വിശദീകരണം

(ഫാ. അബൂന്തിയോസ് ററി. ഒ. സി. ഡി)

ദിവ്യബലിസമർപ്പണം, ദി. കാ. സ്വീകരണം എന്നിവയ്ക്കു് ഒരുക്കമായിട്ടുള്ള ഉപവാസംസംബന്ധിച്ചു് തിരുസിംഹാസനത്തിൽനിന്നു കല്പിച്ചനുവദിച്ചിട്ടുള്ള പുതിയ ആനുകൂല്യങ്ങൾ പൗരസ്ത്യറീത്തുകാർക്കും സ്വീകരിക്കാമോ എന്നു് പലരും സംശയിച്ചുകൊണ്ടിരിക്കയായിരുന്നു. ഈ പുതിയ ആനുകൂല്യങ്ങൾ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു നേരിട്ടു പുറപ്പെടുവിച്ച "കൺസ്റ്റിട്യൂഷനി"ൽ അടങ്ങിയിരിക്കുന്നവയാണു്; പരിശുദ്ധ കുർബ്ബാനയെ സംബന്ധിച്ചതാകയാൽ പൊതുവെന്നു് വിചാരിക്കത്തക്ക ആനുകൂല്യങ്ങളാണു്; ഒരു പ്രത്യേകറീത്തിൻെറ എന്നു പറയാൻ വഹിയാത്തതും, തിരുസ്സഭയിൽ വിശ്വാസ, ധർമ്മങ്ങളുടെ സംരക്ഷണാർത്ഥം പൊതുവായി ഏല്പെടുത്തപ്പെട്ടിരിക്കുന്ന "ഹോളി ഓഫീസാ"ണു് ഈ കൺസ്റ്റിട്യൂഷനു് വിശദീകരണം നൽകിയിരിക്കുന്നതും. ഈ ന്യായങ്ങളാൽ ഈ ആനുകൂല്യങ്ങൾ പൗരസ്ത്യർക്കും സ്വീകാര്യമാണെന്നൊരു പ്രാമാണികാഭിപ്രായം ആരംഭത്തിലേ ഉണ്ടായിരുന്നു. ഇപ്പോഴിതാ തിരുസിംഹാസനത്തിൻെറ ഔദ്യോഗികനാവായ ആക്താ അപ്പസ്തോലിച്ചേ സേദിസ് (Acta Apostolicae Sedis) എന്ന മാസികയുടെ മാർച്ചുലക്കത്തിൽ ദിവ്യകാരുണ്യോപവാസം സംബന്ധിച്ച പുതിയ ആനുകൂല്യങ്ങൾ പൗരസ്ത്യറീത്തുകാർക്കും ഉപയോഗിക്കാവുന്നതാണെന്നു് പൗരസ്ത്യതിരുസംഘം പ്രഖ്യാപനം ചെയ്തിരിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. സകല മരിച്ചവരുടെ ഓർമ്മദിനത്തിൽ 3 കുർബാന ചൊല്ലുന്നതുപോലെ ലത്തീൻറീത്തുകാർക്കു പ്രത്യേകമായുള്ളവ നമുക്കു പാടില്ല. ആകയാൽ പൗരസ്ത്യറീത്തുകാരായവർക്കും നിസ്സന്ദേഹം ഈ പുതിയ ആനുകൂല്യങ്ങൾ ഉപയോഗിക്കാം.

1905 ഡിസംബർ 20-ാംനു- 10-ാംപീയൂസ് തിരുമനസ്സുകൊണ്ടു് പ്രതിദിന ദി. കാ. സ്വീകരണത്തെ പ്രോത്സാഹിപ്പിച്ചുകൊണ്ടുള്ള കല്പന പുറപ്പെടുവിച്ചനാൾമുതൽ ഇതുവരെയും തിരുസിംഹാസനം ഓരോരോ ആനുകൂല്യങ്ങൾ തുടരെത്തുടരെ നൽകിക്കൊണ്ടിരുന്നു. രോഗികൾക്കു നൽകിയിരുന്ന ആനുകൂല്യങ്ങൾ പ്രത്യേകം പ്രസ്താവാർഹങ്ങളത്രെ. എന്നാൽ ഇക്കാര്യത്തിൽ ദുരുപയോഗം കടന്നുകൂടാതിരിപ്പാൻ തിരുസ്സഭ ദത്തശ്രദ്ധയായിരുന്നുവെന്നുള്ളതിനു് 11-ാം പീയൂസ് തിരുമനസ്സുകൊണ്ടു് 1938-ൽ പ്രസിദ്ധീകരിച്ചിട്ടുള്ള നിർദ്ദേശങ്ങളുംമററും സാക്ഷ്യംവഹിക്കുന്നു. ഇപ്പോഴിതാ രോഗം, അദ്ധ്വാനം, വിഷമതരമായ സാഹചര്യങ്ങൾ എന്നിവയാൽ (പ്രതിദിന) ദി. കാ. സ്വീകരണത്തിനു് ആരും പ്രതിബന്ധിക്കപ്പെടാതിരിപ്പാൻവേണ്ടി വളരെ ഉദാരവും വിപുലവുമായ ആനുകൂല്യങ്ങൾ തിരുസ്സഭ നൽകിയിരിക്കുന്നു. ആദ്ധ്യാത്മികശക്തികേന്ദ്രത്തിൽനിന്നു് അഥവാ സമൃദ്ധമായൊഴുകുന്ന ജീവൻെറ ഉറവയിൽനിന്നു് സ്വസന്താനങ്ങൾ ആവോളം പാനംചെയ്തു് ദാഹശമനം വരുത്തട്ടെയെന്നാണു് അവളുടെ അഭിലാഷം.

മാർപ്പാപ്പാ തിരുമനസ്സിലെ കൺസ്റ്റിട്യൂഷനും, അതിനു ഹോളി ഓഫീസ് നൽകിയിട്ടുള്ള വിശദീകരണവും നാം പത്രങ്ങളിൽ വായിക്കയുണ്ടായി. എങ്കിലും ധർമ്മശാസ്ത്രജ്ഞന്മാരുടെ കൂടുതൽ വിശദീകരണങ്ങൾ ചില ഭാഗങ്ങളെ സംബന്ധിച്ചിടത്തോളം ആവശ്യവും പ്രയോജനകരവുമായിരിക്കും. ചില പ്രസിദ്ധീകരണങ്ങളിൽ വായിക്കാനിടയായ വിശദീകരണങ്ങൾ താഴെ ചേർത്തുകൊള്ളുന്നു.

## 1. ജലപാനം

സ്വാഭാവികജലം ഉപവാസത്തെ ഭഞ്ജിക്കുന്നില്ലെന്നുള്ള സംഗതി പൊതുവേ ഗ്രഹിച്ചിരിക്കേണ്ടതാണു്. സ്വാഭാവികജലമെന്നു പറയുമ്പോൾ നദികളിൽനിന്നോ, ഉറവുകളിൽനിന്നോ, കിണററിൽനിന്നോ, തടാകത്തിൽനിന്നോ, മഴപെയ്യുന്നതിൽനിന്നോ, മഞ്ഞുരുക്കിയോ എടുക്കാവുന്ന ജലമത്രേ. ചൂടാക്കുന്നതുകൊണ്ടു ജലത്തിൻെറ സ്വാഭാവികത്വം മാറിപ്പോകുന്നില്ല; സ്വാഭാവികജലത്തോടു് ഒന്നും കലർത്താൻ പാടില്ലെന്നുമാത്രം. രോഗാണുക്കൾ സംക്രമിക്കാതിരിപ്പാൻ പൊട്ടാസിയം പെർമാംഗനേററ്പോലുള്ളവ വല്ലതും ചേർത്ത വെള്ളം ഉപയോഗിക്കാവുന്നതാണു്. കുടിക്കുന്ന വെള്ളത്തിൻെറ അളവോ സമയമോ ഒന്നും പരിഗണിക്കേണ്ടതില്ല. ദി. കാ. സ്വീകരണത്തിനടുത്തു മുമ്പായിപ്പോലും വെള്ളം കുടിക്കാവുന്നതാണു്.

## 2. രോഗികളായവൈദികർക്കും അത്മായർക്കും

ശയ്യാവലംബികളല്ലെങ്കിലും, സുഖമില്ലാത്തവരും വലിയ വിഷമതകൂടാതെ ഉപവസിക്കാൻ കഴിവില്ലാത്തവരുമായവർക്കു് ലഹരിസാധനങ്ങൾകൂടാതെ പാനീയാഹാരങ്ങളും ഔഷധങ്ങളും കഴിക്കാവുന്നതാണു്. സൂപ്പ്, കാപ്പി, പാലു്, കൊക്കോ എന്നിവ ഉപയോഗിക്കുമ്പോൾ പാനീയസ്വഭാവത്തിനു മാററംവരാത്ത തരത്തിൽ പഞ്ചസാര, ഓവൽടിൻ, മുട്ട (അടിച്ചുചേർത്തു്) എന്നിവ കലർത്താവുന്നതാണു്. സൂപ്പിൽ മക്രമോ, ചെറുകഷണങ്ങൾ മററു വല്ലതുമോ അല്പമായി ചേർത്തുപയോഗിക്കാം. മരുന്നുകളാകട്ടെ, പാനീയമായിട്ടല്ലെങ്കിലും ഉപയോഗിക്കാവുന്നതാണു്. ഉദാ: ഗുളികകൾ. എന്നാൽ മരുന്നുകൾ വെറും ബലഹീനതയ്ക്കുള്ള ഭക്ഷണസാധനങ്ങളെന്ന നിലയിൽ കരുതപ്പെടുന്നതായിരിക്കരുതു്; വൈദ്യന്മാർ വാസ്തവത്തിൽ മരുന്നായി നിർദ്ദേശിക്കുന്നതോ, പൊതുവേ ജനങ്ങൾ മരുന്നായി പരിഗണിക്കുന്നതോ ആയിരിക്കണം. സമയനിർണ്ണയമൊന്നും ചെയ്തിട്ടില്ലാത്തതുകൊണ്ടു് ഈ ദ്രവപാനീയങ്ങളും മരുന്നുകളും ദി. കാ. സ്വീകരണത്തിനടുത്തു മുമ്പായി ഉപയോഗിക്കുന്നതിനും വിരോധമില്ല.

ദി. കാ. സ്വീകരണത്തിനു മുമ്പുള്ള ഉപവാസം പാലിക്കുവാൻ പാടുള്ള എല്ലാവരും അതിനു ബാദ്ധ്യസ്ഥരാണെന്നും, ഒഴിവിനു് അർഹതയുള്ളവർ —വാസ്തവത്തിൽഅർഹതയുള്ളവർ— സാഹചര്യങ്ങൾ ആവശ്യപ്പെടുന്ന പരിധിക്കുള്ളിൽമാത്രമേ അതുപയോഗിക്കാവൂ എന്നും ഓർത്തിരിക്കേണ്ടതാണു്. "വലിയ വിഷമതകൂടാതെ ഉപവസിക്കാൻ കഴിവില്ലാത്തവർ" എന്നിവിടെ പറഞ്ഞിരിക്കുന്നതു് വളരെ ഗൗരവമേറിയ വിഷമത (Very serious inconvenience) എന്നു് എപ്പോഴും അർത്ഥമാക്കണമെന്നില്ല; മരുന്നുകൾ ഉപയോഗിക്കുന്നതിൽ ദുരുപയോഗം അത്രതന്നെ കടന്നുകൂടുവാൻ ഇടവരികയില്ല. അതിനാൽ വലിയ വിഷമതയുണ്ടായിരിക്കുക എന്ന വ്യവസ്ഥ പാനീയാഹാരത്തെ സംബന്ധിച്ചു മാത്രമേയുള്ളു; മരുന്നു സേവിക്കുന്നതിനെക്കുറിച്ചില്ല. ഇവരണ്ടും ഉപയോഗിക്കുന്നതിൽ ഒരു കുമ്പസാരക്കാരൻെറ അനുമതി ആവശ്യമത്രെ. അത്മായരും, വൈദികരല്ലാത്ത സന്യാസിനീസന്യാസികളും, പൗരോഹിത്യപദം പ്രാപിക്കാത്ത വൈദികവിദ്യാർത്ഥികളും ഈ അനുമതി വാങ്ങിക്കാൻ ബാദ്ധ്യസ്ഥരാണു്. പുരോഹിതന്മാർ ഈ അനുമതി കുമ്പസാരക്കാരനോടു ചോദിക്കണമെന്നില്ല. അവർ സ്വയം വിവേകപൂർവ്വം ചെയ്തുകൊണ്ടാൽമതി. കുമ്പസാരക്കാരിൽനിന്നു് അനുമതി വാങ്ങേണ്ടവർ മുറയ്ക്കു കുമ്പസാരിക്കണമെന്നു് നിർബന്ധമില്ല. രൂപതയിൽ സ്ത്രീപുരുഷന്മാരെ കുമ്പസാരിപ്പിക്കുന്നതിനു് അനുവാദമുള്ള വൈദികന്മാർക്കെല്ലാം ഈ അനുമതി കൊടുക്കാം; അവരോടു ചോദിക്കുകയും ചെയ്യാം. ചില പ്രത്യേക സമൂഹത്തിൽപ്പെട്ട വ്യക്തികളെ കുമ്പസാരിപ്പിക്കാൻ സാധാരണ അനുവാദമില്ലാത്ത വൈദികർക്കുപോലും ഈ അനുമതി ആ വ്യക്തികൾക്കു നൽകാവുന്നതാണു്; കാരണം, 522-ാം കാനോൻനിയമമനുസരിച്ചു് ആവശ്യപ്പെട്ടാൽ അവരെയും ആ വൈദികർക്കു് കുമ്പസാരിപ്പിക്കാവുന്നതാണു്. കുമ്പസാരക്കാരൻെറ അനുമതി വാങ്ങിക്കുന്നതിനുമുമ്പു് മേല്പറഞ്ഞ ആനുകൂല്യം— പാനീയാഹാരമോ മരുന്നോ— ഉപയോഗിക്കുന്നതു നിഷിദ്ധമാണോ? ദി. കാ. സ്വീകരണത്തിനുമുമ്പു് അനുമതി വാങ്ങിയിരിക്കണമെന്നേ നിർബന്ധമുള്ളു. പാനീയാഹാരമോ മരുന്നോ കഴിച്ചതിനുശേഷം അനുമതി കിട്ടിയാൽ ദി. കാ. സ്വീകരിക്കാം; കിട്ടിയില്ലെങ്കിൽ പാടില്ല. എത്ര നാളത്തേക്കാണീ അനുമതി ലഭിക്കുക? സുഖക്കേടു നീണ്ടുനില്ക്കുന്നിടത്തോളംകാലം. ഒരു രോഗി

സുഖംപ്രാപിച്ചിട്ടു് വീണ്ടും രോഗിയായിത്തീരുമ്പോൾ അനുമതി വീണ്ടും വാങ്ങിക്കേണ്ടിയിരിക്കുന്നു. എന്നാൽ ആഴ്ചയിൽ ഒന്നോ രണ്ടോ പ്രാവശ്യംവീതം ഇടവിട്ടു് ആലസ്യത്തിലാകയും സുഖംപ്രാപിക്കയുംചെയ്യുന്ന രോഗികളെസംബന്ധിച്ചിടത്തോളം, അവരുടെ രോഗമിങ്ങനെ നീണ്ടുനില്ക്കുന്നതെങ്കിൽ, അവശതയിലാകുന്ന ദിവസങ്ങളിലേക്കു് അഥവാ കാലഘട്ടങ്ങളിലേക്കു് പൊതു അനുമതി വാങ്ങിക്കാവുന്നതാണു്; ഏതാദൃശാനുമതി വൈദികർക്കു് കൊടുക്കാവുന്നതുമാണു്.

### 3. വിഷമസാഹചര്യങ്ങളിൽ വൈദികർക്കു്

രാവിലെ താമസിച്ചോ, ഭാരമായ വൈദികജോലികൾക്കുശേഷമോ, ദീർഘമായ യാത്രയ്ക്കുശേഷമോ ബലിയർപ്പിക്കുന്ന ബ. വൈദികർക്കു്, അവർ രോഗികളല്ലെങ്കിലും, ബലിസമർപ്പണത്തിനു് ഒരു മണിക്കൂർ മുമ്പുവരെ ആവശ്യമനുസരിച്ചു് ഒന്നോ അതിൽക്കൂടുതലോ പ്രാവശ്യം ലഹരിസാധനങ്ങളല്ലാത്ത വല്ല പാനീയാഹാരവും കഴിക്കാവുന്നതാണു്. എന്നാൽ 2-ാം റൂളിൽ രോഗികൾക്കനുവദിച്ചിട്ടുള്ള ഘനമായ (solid) മരുന്നുകൾ സേവിക്കാവുന്നതല്ല.

രാവിലെ താമസിച്ചുള്ള കുർബാനയെന്നു പറയുമ്പോൾ സ്റ്റാൻഡേർഡ് സമയം 9 മണിക്കുശേഷമെന്നു ഗ്രഹിക്കണം. എന്നാൽ ഒരു വൈദികനു് ഒരു കുർബാന 8 മണിക്കും, വേറൊന്നു് 10 മണിക്കും സമർപ്പിക്കേണ്ടതുണ്ടെങ്കിൽ അദ്ദേഹത്തിനു് മേല്പറഞ്ഞ പാനീയാഹാരം 7 മണിക്കുമുമ്പും, 9 മണിക്കുമുമ്പു് ആദ്യത്തെ കുർബാന അവസാനിച്ചെങ്കിൽ അപ്പോഴും കഴിക്കാവുന്നതാണു്.

ഭാരമേറിയ ജോലിയെന്നുപറയുമ്പോൾ ജോലിയുടെ തരം, ദൈർഘ്യം, വൈദികൻറെ പ്രായം, ആരോഗ്യം എന്നിവയുംകൂടെ പരിഗണിക്കേണ്ടിയിരിക്കുന്നു. ഏകദേശം ഒന്നരമണിക്കൂർ നേരത്തേക്കു് കുമ്പസാരം കേൾക്കുകയോ, ഉപദേശം പറയുകയോ, മാമ്മോദീസാപോലുള്ള തിരുക്കർമ്മങ്ങൾ നിർവ്വഹിക്കയോ ചെയ്തിട്ടു് 7 മണിക്കോ 8 മണിക്കോ ബലിയർപ്പിക്കേണ്ടിവരുമെങ്കിൽ, ആ ഭാരമേറിയ ജോലികൾ മേല്പറഞ്ഞ പാനീയാഹാരം കഴിച്ചുകൊണ്ടാരംഭിക്കാവുന്നതാണു്. ബലഹീനനോ അനാരോഗ്യവാനോ ആണെങ്കിൽ 1 മണിക്കൂർ നേരത്തേക്കുള്ള ജോലി ആനുകൂല്യാനുഭവത്തിനു മതിയാകുന്നതത്രെ.

ദീർഘമായ യാത്ര, ഏകദേശം ഒന്നേകാൽമൈൽ നടക്കുന്നതോ താരതമ്യേന കൂടുതൽ സമയം വാഹനത്തിൽ സഞ്ചരിക്കുന്നതോ ആണു്. വാഹനത്തിലുള്ള യാത്രയെ അടിസ്ഥാനപ്പെടുത്തിയുള്ള ആനുകൂല്യം, ഏതുതരത്തിലുള്ള വാഹനമെന്നും, അതിൽ നിന്നുണ്ടാകുന്ന ക്ഷീണം എത്രമാത്രമെന്നും പരിഗണിച്ചിട്ടാണു് ഉപയോഗിക്കേണ്ടതു്.

ഈദൃശസാഹചര്യങ്ങളിൽപ്പെടുന്നതു് പലരെ സംബന്ധിച്ചും വിഷമമായിരിക്കാം; എന്നാൽ എല്ലാവർക്കും വിഷമമായിരിക്കയില്ല. വൈദികർക്കു് ആനുകൂല്യം അനുഭവിക്കുന്നതിനുള്ള വ്യവസ്ഥയായി വച്ചിരിക്കുന്ന സാഹചര്യം വലിയ വൈഷമ്യ (grave inconvenience) മേറിയതായിരിക്കണമെന്നു് ഈ റൂളിൽ പ്രത്യേകം പറയുന്നില്ലെങ്കിലും പൊതുവായിപ്പറയുന്നിടത്തു് വ്യക്തമാക്കിയിട്ടുള്ളതു് ഇവിടെയും അന്തർഭവിച്ചിരിക്കുന്നു. അതിനാൽ വലിയ വിഷമതയുണ്ടായിരിക്കുക എന്ന വ്യവസ്ഥ വിവേകപൂർവ്വം പരിഗണിക്കേണ്ടതത്രേ. ചുരുക്കിപ്പറഞ്ഞാൽ, ഈദൃശവിഷമത ഒരു വൈദികൻറെ ധർമ്മനിർവ്വഹണത്തിനുള്ള ശക്തിയെ താരതമ്യേന കുറച്ചുകളയുമെന്നു വരുന്നപക്ഷം, അദ്ദേഹത്തിനു് ഈ ആനുകൂല്യം നിസ്സന്ദേഹം ഉപയോഗിക്കാം.

### 4. ഒരേദിവസം പല കുർബാന സമർപ്പിക്കുന്ന വൈദികർക്കു്

ന. ക. പിറവിത്തിരുനാളിലും, സകല മരിച്ചവരുടെ ഓർമ്മ കൊണ്ടാടുന്ന ദിനത്തിലും (സ. മരി. ഓ. ലത്തീൻറീത്തിൽപ്പെട്ട വൈദികർക്കു് കുർബാന) 3 കുർബാനവീതം ചൊല്ലുന്ന വൈദികർ കാസ കഴുകിക്കുടിക്കുന്നതു സംബന്ധിച്ചു് നിലവിലിരിക്കുന്ന തിരുക്കർമ്മവിധികൾ പാലിക്കേണ്ടതാണു്. എന്നാൽ, മററവസരങ്ങളിൽ, ഒരു ദിവസംതന്നെ രണ്ടോ മൂന്നോ കുർബാന ചൊല്ലേണ്ട വൈദികനു് ആദ്യകുർബാനയിലോ കുർബാനകളിലോ വെള്ളംമാത്രം ഉപയോഗിച്ചു് കാസ കഴുകിക്കുടിക്കാമെന്നു പറയുന്നുണ്ടു്. എങ്കിലും ഈ ആൾ ആദ്യത്തെ കുർബാനയിലോ കുർബാനകളിലോ അവിചാരിതമായി വീഞ്ഞുംകൂടി ഉപയോഗിച്ചു് കാസ കഴുകിക്കുടിച്ചുവെന്നു വന്നാലും, മൂന്നാമതു ചൊല്ലേണ്ട കുർബാനയ്ക്കു പ്രതിബന്ധിക്കപ്പെടുന്നില്ല എന്നു് ആധുനിക നിയമാവലിയിൽ കാണുന്നു. പിറവിത്തിരുനാളിലെ ആദ്യത്തെ കുർബാനകളിൽ ഈ അബദ്ധം വന്നുപോയാലോ? അന്നത്തെ ആദ്യത്തേതൊഴിച്ചുള്ള കുർബാനകൾ അത്ര നിർബന്ധമുള്ളതല്ലല്ലോ. നിർബന്ധത്തെ അഥവാ ആവശ്യത്തെ സൂചിപ്പിക്കുന്ന ശബ്ദം ([illegible]) അത്ര കർശനമായി വ്യാഖ്യാനിക്കേണ്ടതില്ലെന്നും, അതിനാൽ, മററവസരങ്ങളിൽ അവിചാരിതമായി വീഞ്ഞൊഴിച്ചു കാസ കഴുകിക്കുടിച്ചവരുടെ വിശേഷാനുകൂല്യം പിറവിത്തിരുനാളിൽ ഈദൃശാബദ്ധം പിണഞ്ഞവർക്കും ഉപയോഗിക്കാമെന്നുമത്രേ ചില പണ്ഡിതന്മാരുടെ അഭിപ്രായം.

### 5. വിഷമസാഹചര്യങ്ങളിൽ അവൈദികർക്കു്

അവൈദികർക്കു് അനാരോഗ്യം മൂലമല്ലാതെ മററു വലിയ അസൗകര്യങ്ങൾമൂലം ഉപവാസം പാലിക്കാൻപാടില്ലാതെ വരുമ്പോഴും ഒരു മണിക്കൂർ മുമ്പു് ലഹരിസാധനങ്ങൾ കൂടാതെയുള്ള പാനീയാഹാരം കഴിച്ചുകൊണ്ടു് ദി. കാ. സ്വീകരിക്കാവുന്നതാണു്.

a) ദി. കാ. സ്വീകരണത്തിനു മുമ്പു് ക്ഷീണകരമായ ജോലിചെയ്യേണ്ടിവരുന്നവർക്കു്: തൊഴിൽശാലകളിലോ തുറമുഖങ്ങളിലോ ട്രാൻസ്പോർട്ടിലോ ജോലിചെയ്യുന്നവർ, രാവും തുടന്നു് പകലും മാറിമാറി പൊതുജനസേവനത്തിൽ ഏർപ്പെടുന്നവർ, ആശുപത്രിജോലിക്കാർ, രാത്രിനേഴ്സുമാർ, പള്ളിയിൽ പോകുന്നതിനുമുമ്പു് അധികസമയം വീട്ടുകാര്യങ്ങളിൽ ശ്രദ്ധചെലുത്തുന്ന അമ്മമാർ, ഗർഭിണികൾ മുതലായവർക്കു് ഈ ആനുകൂല്യം ഉപയോഗിക്കാം. ഗാർഹിക കാര്യങ്ങളിൽ ഒരു മണിക്കൂർ പ്രയത്നിക്കുന്ന മാതാക്കൾക്കു് ഈ ആനുകൂല്യം ഉപയോഗിക്കാമെന്നത്രേ ഫ്രഞ്ചു വ്യാഖ്യാതാക്കളുടെ അഭിപ്രായം.

b) താമസിച്ചു ദി. കാ. സ്വീകരിക്കേണ്ടിവരുന്നവർക്കു്: താമസിച്ചുള്ള ദി. കാ. സ്വീകരണത്തിൻറെ സമയം 9 മണിക്കുശേഷമായിരിക്കുമ്പോഴേ ഈ ആനുകൂല്യം ഉപയോഗിക്കാവൂ എന്നു് ഈ റൂളിൽ പറയുന്നില്ല; എങ്കിലും അങ്ങനെ അനുമിക്കാവുന്നതാണു്. എന്നാൽ സ്കൂളിൽ പോകുന്നതിനു മുമ്പു് വി. കു. സ്വീകരിച്ചശേഷം വീട്ടിൽവന്നു് പ്രാതൽ കഴിച്ചുകൊണ്ടു് സ്കൂളിൽ പോകാൻ വളരെ വിഷമതയുള്ള കുട്ടികളെ ഉദ്ദേശിച്ചുകൂടെയാണീ ആനുകൂല്യം എന്നു പ്രത്യേകം പറയുന്ന സ്ഥിതിക്കു് 9 മണി കഴിഞ്ഞിട്ടാണീ ദി. കാ. സ്വീകരണമെന്നു വന്നാൽ, ഈ ആനുകൂല്യത്തിൻറെ പ്രയോജനം അവർക്കനുഭവിക്കാൻ ഏറെക്കുറെ പ്രയാസമാണു്. ഈ വിഷമത അദ്ധ്യാപകരെയും ബാധിക്കുന്നതാണല്ലോ. അതിനാൽ, ഇവരെ സംബന്ധിച്ചേടത്തോളം താമസിച്ചുള്ള സമയം 9 മണി കഴിഞ്ഞിട്ടെന്നു വിചാരിക്കാതിരിപ്പാൻ തക്കന്യായമുള്ളതായി തോന്നുന്നു. "കാതലിക് യൂനിവേഴ്സിററി ഓഫ് അമേരിക്കാ"യിലെ ദൈവശാസ്ത്രസമിതിയുടെ ഡീനും, ദൈവശാസ്ത്ര, ധർമ്മശാസ്ത്രങ്ങളിൽ പ്രവീണനുമായ റവ. ഫ്രാൻസിസ് കോണൽ സി. എസ്. എസ്. ആർ. അഭിപ്രായപ്പെടുന്നതു്, 8 മണിക്കുള്ള ദി. ബലിയിൽ സംബന്ധിച്ചു് ദി. കാ. സ്വീകരിച്ചിട്ടു് അല്പം കഴിഞ്ഞുടനെ സ്കൂളിൽ ഹാജരാകേണ്ടതായിവരുന്ന വിദ്യാർത്ഥിക്കു് ഈ ആനുകൂല്യം ഉപയോഗിക്കാമെന്നത്രേ.

c) പള്ളിയിലേക്കു് അധികദൂരം യാത്രചെയ്യേണ്ടവർക്കു്: 3-ാം റൂളിൽ പറഞ്ഞിരിക്കുന്നതുപോലെ ഒന്നേകാലോ ഒന്നരയോ, മൈൽ നടന്നുപോകയും, വാഹനങ്ങളിൽ അവയുടെ തരഭേദമനുസരിച്ചു് കൂടുതൽ ദൂരം സഞ്ചരിക്കയും ചെയ്യേണ്ടിവരുന്നവർക്കു്, വഴിയുടെ അസൗകര്യങ്ങളും ആളിൻറെ അനാരോഗ്യസ്ഥിതിയും പരിഗണനാർഹങ്ങളത്രേ.

മേല്പറഞ്ഞ വ്യവസ്ഥകളിലേതെങ്കിലും നിറവേറിയാൽ, അവർക്കെല്ലാം ഈ ആനുകൂല്യം ഉപയോഗിക്കാമോ? വളരെ അസൗകര്യം ([illegible]) ഉണ്ടായിരിക്കുമ്പോഴേ ഈ ആനുകൂല്യം ഉപയോഗിക്കാവൂ. പലരെയുംസംബന്ധിച്ചേടത്തോളം മേല്പറഞ്ഞ സാഹചര്യങ്ങൾ വളരെ അസൗകര്യങ്ങൾ ഉളവാക്കുന്നവയാണെങ്കിലും, എല്ലാവർക്കും അങ്ങനെയാണെന്നു പറയാവുന്നതല്ല. അല്ലാത്തപക്ഷം, പള്ളിയിലേക്കു് ഒന്നേകാൽ മൈൽ നടക്കാനുള്ള ആരും ഇനി ദിവ്യകാരുണ്യോപവാസം അനുഷ്ഠിക്കേണ്ടതില്ലെന്നു് അനുമിക്കേണ്ടതായിവരും. അതുകൊണ്ടാണു് അസൗകര്യത്തിൻറെ സ്വഭാവം വേണ്ടുംവണ്ണം പര്യാലോചിച്ചു് തീർച്ചപറയാൻ പര്യാപ്തനായ കുമ്പസാരക്കാരൻറെ അനുമതിയോടുകൂടി മാത്രമേ ഈ ആനുകൂല്യം ഉപയോഗിക്കാവൂ എന്നു വച്ചിരിക്കുന്നതു്. ഏതാദൃശമായ അനുമതി രൂപതാദ്ധ്യക്ഷന്മാർക്കു് മേല്പറഞ്ഞ വിഷമസാഹചര്യങ്ങളിൽപ്പെട്ടിരിക്കുന്ന സമൂഹങ്ങൾക്കു പൊതുവായി കൊടുക്കാവുന്നതാണു്.

## കൃതജ്ഞത

ബ: അൽഫോൻസാമ്മയുടെ സഹായത്താൽ അപേക്ഷിച്ച കാര്യം സാധിച്ചതിനു ഉപകാരസ്മരണ.

പി. ജെ. ഔസേപ്പു്
എങ്ങണ്ടിയൂർ

കാണാതെപോയ എൻറെ വേലക്കാരിയെ വി. യൂദാസ്ലീഹായുടെ സഹായത്താൽ കാണിച്ചുതന്നതിനു് കൃതജ്ഞത.

ടി. ടി. കുഞ്ഞുവറിയതു്.

# ബാലപാഠം

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

നിങ്ങളെല്ലാം ഇപ്പോൾ വെക്കേഷൻപ്രമാണിച്ചു് വീട്ടിൽ വിശ്രമിക്കയാണെന്നു് കുഞ്ഞമ്മാവൻ കരുതുന്നു. ചൂടിൻറെ കാഠിന്യവും വെള്ളത്തിൻറെ ക്ഷാമവും സസ്യങ്ങളുടെ വാടിക്കരിഞ്ഞുള്ള നില്പുമെല്ലാം നിങ്ങൾക്കനുഭവപ്പെടുന്നുണ്ടാവാം. നിങ്ങൾക്കു് പ്രിയപ്പെട്ട പക്ഷികളും പശുക്കളും എല്ലാം ഈ വറവിൽ വിഷമിക്കയാണു്. പ്രകൃതി ആകെ ക്ഷോഭിച്ചാൽ മനുഷ്യരാലൊന്നും ചെയ്യാൻ സാധ്യമല്ലാതെവരും. കുഞ്ഞുങ്ങൾ ഈ അവസരത്തിൽ പല കാര്യങ്ങളും ഓർമ്മിച്ചിരിക്കേണ്ടതുണ്ടു്. ഒന്നാമതായി നിങ്ങളുടെ ആരോഗ്യസംരക്ഷണംതന്നെ. ആരോഗ്യം എങ്ങനെയാണു് നിലനിർത്തേണ്ടതു് എന്നതിനെക്കുറിച്ചു നിങ്ങൾ ഇതിനകം ധാരാളം വായിച്ചു പഠിച്ചിട്ടുണ്ടാവും. എന്നിരുന്നാലും കുഞ്ഞമ്മാവൻ അതിൽ ചിലതു് നിങ്ങളെ ഈയവസരത്തിൽ ഓർമ്മിപ്പിക്കുന്നതേയുള്ളൂ.

വേനലാണു്. പൊടികൊണ്ടു മിക്കവാറും എല്ലാ സ്ഥലങ്ങളും മലിനമായിരിക്കയാണു്. അതിനാൽ ശരീരശുചീകരണം രണ്ടുനേരമെങ്കിലും ഒഴിച്ചുകൂടാവുന്നതല്ല. ചില കുട്ടികൾ കുളിക്കുന്നതിൽ വളരെ മടി കാണിക്കുന്നു. രണ്ടോ അതിലധികമോ പ്രാവശ്യം കുളിക്കുന്നതിനു സൗകര്യമുള്ളവരും അതിൽ മടി കാണിക്കുന്നതായി കാണാറുണ്ടു്. കുളിക്കാതിരിക്കുന്നതിനാൽ ത്വഗ്രോഗങ്ങൾ ഉണ്ടാകാൻ ഇടയുണ്ടു്. അതിനാൽ കുഞ്ഞുങ്ങൾ ഈ വേനൽക്കാലത്തു് രാവിലെയും വൈകുന്നേരവും ശരീരം നല്ലവണ്ണം തേച്ചുകഴുകി വെടിപ്പാക്കണം. ആഹാരത്തിനു മുൻപും പിൻപും കൈ നല്ലവണ്ണം കഴുകുന്നതിനും മറന്നുപോകരുതു്.

കഴിക്കുന്ന ആഹാരവും കുടിക്കുന്ന വെള്ളവും ഏററവും ശുചിത്വമുള്ളതായിരിക്കണം. വഴിയരികിൽ വില്പനയ്ക്കു വച്ചിരിക്കുന്ന പലഹാരങ്ങൾ ആർത്തിയോടെ ചില കുഞ്ഞുങ്ങൾ വാങ്ങി കഴിക്കുന്നതു് കുഞ്ഞമ്മാവൻ കണ്ടിട്ടുണ്ടു്. അവ പലവിധരോഗങ്ങൾക്കു് കാരണമാകുമെന്നു് ഓർമ്മിക്കണം. വിഷമോ രോഗാണുക്കളോ കലർന്ന ആഹാരം കഴിച്ചു ദുർമ്മരണം അടഞ്ഞിട്ടുള്ളവർ അനേകമുണ്ടെന്നു കുഞ്ഞുങ്ങൾ ഓർമ്മിക്കണം. വൃത്തിയായി വീട്ടിൽ പാകപ്പെടുത്തിയ ആഹാരപദാർത്ഥങ്ങൾ മിതമായി കഴിക്കുക.

കളിയും വ്യായാമവും അധികമാകാതെ ശ്രദ്ധിക്കണം. വെക്കേഷൻ കാലമാണു്, പഠിക്കാനൊന്നുമില്ലല്ലോ എന്നു കരുതി രാവിലെ മുതൽ ഊണാകുന്നതുവരെയും, ഊണു കഴിഞ്ഞാൽ സന്ധ്യയാകുന്നതുവരെയും ചുട്ടികളിക്കാനും പന്തുകളിക്കാനും പോകുന്ന കുട്ടികൾ ധാരാളമാണു്. ഈ കടുപ്പമേറിയ വേനലിൽ അങ്ങനെ അമിതമായി ശരീരം അദ്ധ്വാനിപ്പിക്കുന്നതു കുട്ടികളുടെ ആരോഗ്യത്തിനു് ഹാനികരമാണു്.

വലിയ വെയിലില്ലാത്തപ്പോൾ ഒന്നോ ഒന്നരയോ മണിക്കൂർ മാത്രം കളിച്ചാൽ മതി. മാമ്പഴം പറിക്കാനും പറങ്കിയണ്ടി സമ്പാദിക്കാനും കുടികൾതോറും തെണ്ടുന്ന കുട്ടികളേയും നാട്ടിൻപുറങ്ങളിൽ കാണാം. ഒരു പറങ്കിമാങ്ങായ്ക്കുവേണ്ടി ആകാശമെത്തിനിൽക്കുന്ന ചില്ലിശിഖരങ്ങളിൽ കുട്ടികൾ കേറുന്നതു കാണാം. ഒരിക്കലും നല്ല കുഞ്ഞുങ്ങൾ മാവു്, പ്ലാവു് മുതലായ വൃക്ഷങ്ങളിൽ കയറി ഒരാപത്തു വലിച്ചു വയ്ക്കരുതു് എന്നു കുഞ്ഞമ്മാവൻ ഓർമ്മിപ്പിച്ചുകൊള്ളട്ടെ.


പകർച്ചരോഗങ്ങൾ സാധാരണ ഉണ്ടാകുന്ന കാലമാണിതു്. യാതൊരുവിധവും നിങ്ങൾ ഓരോരുത്തർക്കും രോഗങ്ങൾ ബാധിക്കാതിരിക്കാൻ വേണ്ട മുൻകരുതലുകൾ നിങ്ങളുടെ മാതാപിതാക്കളുടെ സഹായത്തോടെ ചെയ്യുക.

ഉറക്കം കൃത്യമായും 8 മണിക്കൂറെങ്കിലും ഉണ്ടായിരിക്കണം. പകൽ ഊണു കഴിഞ്ഞു ഉറങ്ങാതിരുന്നാൽ രാത്രി നിങ്ങൾക്കു് സുഖനിദ്ര ലഭിക്കുന്നതാണു്. ആഘോഷങ്ങളിലോ മററടിയന്തിരങ്ങളിലോ സംബന്ധിച്ചു് ഉറക്കമിളയ്ക്കുന്നതിനാൽ പിറേറന്നു മുഴുവൻ നിങ്ങൾക്കു ഉറക്കച്ചടവും ക്ഷീണവും തോന്നും. അതു ജലദോഷം വരുത്തിക്കൂട്ടിയേക്കാം. ഈ ജലദോഷം പനിയായി മാറും. പനി ക്രമേണ സന്നിപാതജ്വരമായിത്തീരാം. അങ്ങനെ ഒരു ദിവസത്തെ ഉറക്കമിളപ്പു അനേകകാലം നിങ്ങളെ രോഗശയ്യയിലാക്കാൻ മതി. അതുകൊണ്ടു കുഞ്ഞുങ്ങൾ അവരുടെ ഉറക്കം യാതൊരു കാരണവശാലും ഉപേക്ഷിക്കരുതു്.

ആരോഗ്യം സംരക്ഷിച്ചുകൊണ്ടു വേനൽ പതുക്കെ കഴിക്കുക. മഴ പെയ്യട്ടെ.നിങ്ങൾക്കും നിങ്ങളുടെ ചുററുമുള്ള എല്ലാവർക്കും ഒന്നാശ്വാസം വരട്ടെ—!

കുഞ്ഞമ്മാവൻ ഇതിനു മുൻപു് എഴുതിയിരുന്ന കാര്യങ്ങളൊക്കെ സൗകര്യമായി ഒന്നുകൂടി ഓർമ്മിച്ചുകൊള്ളുക. പുതിയ പുസ്തകങ്ങൾ വായിക്കയും ചിത്രങ്ങൾ വരച്ചു പഠിക്കയും സംഗീതം അഭ്യസിക്കയുമെല്ലാം ഇതിനിടയിൽ നിങ്ങൾക്കാകാവുന്നതാണു്. അങ്ങനെ സമയം ഒട്ടും നിങ്ങൾ വൃഥാ കളയേണ്ട. നല്ല പൗരന്മാരായിത്തീർന്നു് നാടിനും നാട്ടാർക്കും ഉപകാരപ്രദമാകാനിപ്പോഴേ ഒരുങ്ങിത്തുടങ്ങിക്കൊള്ളുക.

നിങ്ങളുടെ സ്വന്തം
കുഞ്ഞമ്മാവൻ



# ആത്മശോധന

(കെ. ജെ. അഗസ്റ്റിൻ എം. എ എൽ. റി.)

ദിവസന്തോറും, ഉറങ്ങുന്നതിനുമുമ്പു്, നിശ്ശബ്ദപ്രാർത്ഥനയ്ക്കുശേഷം, ഏതാനും മിനിട്ടുനേരത്തേക്കു ആത്മശോധന ചെയ്യണമെന്നു്, പണ്ടൊക്കെ കാരണവന്മാർ കുട്ടികളോടുപദേശിക്കുകയും അവരെ അക്കാര്യം വളരെ നിഷ്കർഷിച്ചുപരിശീലിപ്പിക്കുകയും ചെയ്തിരുന്നല്ലൊ. പരിഷ്കാരവും ഭൗതികത്വവും, സയൻസും പണവും വർദ്ധിച്ചതോടുകൂടി ആത്മീയകാര്യങ്ങളിലുള്ള അലസത "പുരോഗമിച്ചു"തുടങ്ങി; മതപരമായ പണ്ടത്തെ ദിനചര്യകൾ ചില ചെറുപ്പക്കാർ, ഭക്തന്മാർക്കും വൃദ്ധകൾക്കുമായി "നടപ്പുപണയം" കൊടുത്തിരിക്കയാണിപ്പോൾ. മനശ്ശാസ്ത്രത്തെ മതവിരോധികൾപോലും സമാദരിക്കുന്ന ഇക്കാലത്തു്, ദിനാന്ത്യത്തിൽ ചെയ്യുന്ന ദൃഢനിശ്ചയത്തിനുള്ള മാസ്മരശക്തി വളരെ വലുതാണെന്നു പണ്ഡിതന്മാർ സ്ഥാപിച്ചുകഴിഞ്ഞിരിക്കുന്ന ഇക്കാലത്തു്, നമ്മുടെ പഴയ ആത്മശോധനയെ അവഗണിക്കുന്നതു ഒരു വിരോധാഭാസമാണെന്നു തോന്നിപ്പോകുന്നു. നമ്മുടെ പ്രാർത്ഥനകൾക്കും, സുകൃതജപങ്ങൾക്കും, കൂദാശകൾക്കും, ഭക്തകൃത്യങ്ങൾക്കുമുള്ള മാനസികപരിവർത്തനശക്തി വളരെ വലുതാണു്. ബലഹീനതകൾ കണ്ടുപിടിച്ചു്, തെററുകൾ തിരുത്തി, നേർവഴിക്കു പോകുന്നതിനും, പരാജയത്തെ വിജയമായി പകർത്തുന്നതിനുമുള്ള ഒന്നാന്തരമൊരു മാനസികചികിത്സയാണു്, "ആത്മശോധന."

ദിവസവും ആത്മശോധന ചെയ്യാത്തവർപോലും, "അപരാധകഥന"ത്തിനുമുമ്പു്, അതു ചെയ്യുന്നതിനു നിർബന്ധിതരാണു്. "അമ്പതുനോമ്പു" അവസാനിക്കുന്ന വിശുദ്ധവാരത്തിൽ, ദുഃഖാചരണം, ആരാധന, ധ്യാനം, വിയാസാക്ര, ആണ്ടുകുമ്പസ്സാരം മുതലായ ഭക്തകൃത്യങ്ങളാൽ ഭൂരിപക്ഷം കത്തോലിക്കരും അവരുടെ ജീവിതമാലിന്യങ്ങളെ കഴുകിക്കളയുന്നതിൽ ബദ്ധശ്രദ്ധരാണു്. അതു കഴിഞ്ഞു് മതചൈതന്യനിർഭരമായ നവോന്മേഷത്താൽ പ്രചോദിതരായിരിക്കുന്ന നമുക്കു്, സാമുദായികമായ ഒരാത്മശോധനയ്ക്കു് ഏററവും പററിയ ഒരവസരമാണിതെന്നു്, എനിക്കു തോന്നുന്നു.

ഇത്തവണ ഒരു പ്രത്യേകതകൂടിയുണ്ടു്. രണ്ടു ജൂബിലിയാഘോഷങ്ങൾ, മദ്രാസ്, ഗോവ മുതലായ വിദൂരനഗരങ്ങളിലേക്കുള്ള തീർത്ഥയാത്ര, അതിനെത്തുടർന്നു് എറണാകുളത്തു് വളരെ കേമമായി നടത്തപ്പെട്ട ദിവ്യകാരുണ്യസമ്മേളനം, അതിനോടനുബന്ധിച്ചുണ്ടായ പ്രസംഗങ്ങൾ, ഘോഷയാത്രകൾ, പേപ്പൽ പ്രതിനിധിയായ ഒരു കർദ്ദിനാളിന്റെയും ഭാരതത്തിലെ നിരവധി മെത്രാന്മാരുടെയും സാന്നിദ്ധ്യം, മാർപ്പാപ്പാ തിരുമേനിയുടെ സ്നേഹമസൃണമായ സന്ദേശം ഇവയുടെയെല്ലാം സുന്ദരസ്മരണകൾ നമ്മുടെ ഹൃദയങ്ങളിൽ നൃത്തംചെയ്യുകയാണിപ്പോളും. ഭാരതീയകത്തോലിക്കരുടെ അഭിമാനത്തിനു മണിമകുടം ചാർത്തിയ വേറൊരു മഹനീയസംഭവം, ഒരു മഹോന്നത കർദ്ദിനാളിനെ ലഭിച്ച മഹാഭാഗ്യം, നമ്മെ ആനന്ദലഹരിയിൽ ആറാടിക്കുന്നു.

ചരിത്രപ്രസിദ്ധമായ ഇരിഞ്ഞാലക്കുടയിൽ ഒരുപക്ഷേ ചരിത്രം സൃഷ്ടിക്കാൻ പോകുന്ന വേറൊരു സംഭവം അടുത്തുതന്നെ നടക്കുന്നുണ്ടല്ലൊ. കത്തോലിക്കാകോൺഗ്രസിന്റെ വാർഷികം മോടിയായി ആഘോഷിക്കുന്നതിനുള്ള ഒരുക്കങ്ങൾ പൊടിപൊടിച്ചു ധൃതഗതിയിൽ ചെയ്തുവരുന്നു. ഐക്യബോധത്തോടെ, പുരോഗമനകാംക്ഷയോടെ, സേവനസന്നദ്ധതയോടെ, ഉത്സാഹഭരിതരായ പരസഹസ്രം കത്തോലിക്കാ സഹൃദയർ സമ്മേളിക്കാൻ പോകുന്നു. സുപ്രധാനമായ പലേ പ്രശ്നങ്ങളേയുംപററിയുള്ള ചർച്ചകളും പ്രസംഗങ്ങളും നിശ്ചയങ്ങളും അവിടെ ഉദിച്ചുയരും. കത്തോലിക്കാസമുദായം ആത്മശോധനചെയ്തു്, ഭാവിപരിപാടി രൂപീകരിക്കുന്ന ഉൽബുദ്ധരംഗമായിരിക്കുമതു്.

കേരളത്തിലെ സമ്മേളനങ്ങൾക്കു പൊതുവേ ഒരു വലിയ ന്യൂനതയുള്ളതു്, നമ്മുടെ ബാഹ്യാഡംബരഭ്രമമാണു്. വെടിയും വെടിക്കെട്ടും കലാപ്രകടനങ്ങളും താളമേളങ്ങളോടുകൂടിയ ഘോഷയാത്രകളും മുദ്രാവാക്യം വിളിച്ചുകൊണ്ടുള്ള ജാഥകളും നെടുനെടുങ്കൻ പ്രസംഗങ്ങളും ഉച്ചഭാഷിണികളും മോടിയായലങ്കരിച്ചിട്ടുള്ള പന്തലുകളുമൊക്കെയുണ്ടെങ്കിൽ സമ്മേളനം ഒരു ഗ്രാൻഡ് സക്സസ് ആയി എന്നാണവയ്പ്പ്. കൃതജ്ഞതാ പ്രകടനത്തോടുകൂടി, ഭാരവാഹികൾതന്നെ ആ വിജയം പ്രഖ്യാപനം ചെയ്യുകയും സർവ്വസാധാരണമാണു്! പിന്നാലെ പ്രസിദ്ധീകൃതമാകുന്ന റിപ്പോർട്ടുകൾവഴി നാട്ടിലെങ്ങും ജയഭേരിമുഴക്കി എല്ലാവരും കൃതാർത്ഥരാകും. മററുള്ളവരുടെ കുററവും കുറവും കണ്ടുപിടിച്ചു്, കുഴിയാനയെ ആനയാക്കി അവരെ അവഹേളിക്കുന്നതിനായി കമ്മ്യൂണിസ്റ്റുകാരും മററും കണ്ണിലെണ്ണയുമൊഴിച്ചിരിക്കുന്നതിനാൽ, നമ്മുടെ ചെറിയ നേട്ടങ്ങളെപ്പോലും ഏറെക്കുറെ അതിശയോക്തി കലർത്തി പ്രകീർത്തിക്കുന്നതിൽ തെററില്ലെന്നാണു ചിലരുടെ പക്ഷം. ശത്രുക്കളാൽ വലയംചെയ്യപ്പെട്ടിരിക്കുന്ന നാം നമ്മുടെ ന്യൂനതകളെപ്പററി പത്രപംക്തികളിൽ പരസ്യമായി പ്രസ്താവിക്കുന്നതു് ആത്മഹത്യാപരമാണെന്നു കരുതുന്ന പലരേയും എനിക്കറിയാം. എങ്കിലും സാഹിത്യത്തിന്റെയും പത്രപ്രവർത്തനത്തിന്റെയും പ്രഥമകൃത്യം, പൊതുനന്മയെ ലാക്കാക്കിയുള്ള നിർദ്ദാക്ഷിണ്യവിമർശനമാണെന്നു സമ്മതിക്കപ്പെട്ടിട്ടുള്ള ഇക്കാലത്തു്, ഇരുട്ടുകൊണ്ടോട്ടയടയ്ക്കാതെ കാര്യങ്ങൾ തുറന്നുപറയുകയാണു വേണ്ടതെന്നുള്ള പക്ഷക്കാരനാണു ഞാൻ. പൂച്ചുവിദ്യ അധികംനാൾ ഫലിക്കയില്ല; ഇന്നല്ലെങ്കിൽ നാളെ ചെമ്പു തെളിയുകതന്നെ ചെയ്യും. അതിനാലാണു് ചിത്രത്തിന്റെ മറുപുറം തുറന്നു കാണിക്കുന്ന ചില സംഗതികളെ ഈ ആത്മശോധനാരൂപേണ കത്തോലിക്കാജനതയുടെ ശാന്തമായ ചിന്തയ്ക്കായി സവിനയം അവതരിപ്പിക്കുന്നതു്.

1) എറണാകുളത്തെ ജൂബിലിയാഘോഷങ്ങളുടെ ഫലമായി കേരളത്തിലെ കത്തോലിക്കാചൈതന്യത്തിനു ലഭിച്ച ഉത്തേജനത്തോടൊപ്പമോ, അതിൽക്കൂടുതലായോ, പ്രാദേശികമാത്സര്യം, "റീത്തുകലഹം"മുതലായവ വളർന്നെന്നു പറയുന്നതു ശരിയാണോ? അനാശാസ്യമായ ഈ "സുറിയാനി-ലത്തീൻ മത്സര"ത്തിനു കാരണക്കാരാരാണു്? ആലപ്പുഴപ്പട്ടണത്തിൽ തീരെയില്ലാത്ത ഈ മത്സരം, എറണാകുളത്തു തീവ്രമാണെന്നു പറയപ്പെടുവാനിടയാക്കിയ സാഹചര്യങ്ങളെന്തെല്ലാം? എന്താണിതിനൊക്കെ ഒരു പരിഹാരമാർഗ്ഗം?

2) കേരളത്തിലെ പ്രേഷിതവര്യരുടെ പേരുപറഞ്ഞു പെരുമ്പറയടിക്കുന്ന നാം ആ വിശുദ്ധന്മാരെ അനുകരിച്ചു്, ഇത്രയും നൂററാണ്ടുകൾക്കിടയിൽ എത്രത്തോളം വേദപ്രചാരം നിർവ്വഹിച്ചിട്ടുണ്ടു്? അനേകായിരം നാഴികദൂരം സഞ്ചരിച്ചു്, വിവിധക്ലേശങ്ങൾ സഹിച്ചു് മരണംവരിച്ചു് മതം പ്രചരിപ്പിച്ച ആ ധീരപുരുഷന്മാരുടെ അനന്തിരവരാണു നാമെന്നു പറയുവാൻ നമുക്കർഹതയുണ്ടോ? നമ്മുടെ പാരമ്പര്യത്തിനനുയോജ്യമായ യഥാർത്ഥ ക്രിസ്തീയസംസ്കാരം ഇന്നാട്ടിൽ പുരോഗമിച്ചിട്ടുണ്ടോ?

3) പ്രേഷിതജോലി വിപുലീകരിക്കുന്നതിനും, ഇപ്പോൾത്തന്നെയുള്ള കത്തോലിക്കരുടെ ആത്മകാര്യങ്ങൾ, ശരിയായി നിർവ്വഹിക്കുന്നതിനും വേണ്ടത്ര വൈദികർ നമ്മുടെ എല്ലാ രൂപതകളിലുമുണ്ടോ? ദരിദ്രരുടെയും ആതുരരുടെയും, തൊഴിലാളികളുടെയും ആവശ്യങ്ങളെയും അഭിലാഷങ്ങളെയും, ജീവിതരീതികളെയും നേരിട്ടറിഞ്ഞു പ്രതിവിധി നിർദ്ദേശിക്കുന്നതിനത്യന്താപേക്ഷിതമായ, വൈദികരുടെയോ അൽമേനികളുടെയോ സന്നദ്ധഭടസംഘം കേരളത്തിലുണ്ടോ? അഭ്യസ്തവിദ്യരായ അൽമേനികളും, വൈദികരും തമ്മിൽ, വേണ്ടത്ര സഹകരണവും സൗഹാർദ്ദവുമുണ്ടോ? ഇന്നത്തെ സ്ഥിതിഗതികളെ സമർത്ഥമായി അഭിമുഖീകരിക്കുന്നതിനുവേണ്ടത്ര യോഗ്യതയുള്ള വൈദികരുടെയും കന്യാസ്ത്രീകളുടെയും സംഖ്യ വർദ്ധിപ്പിക്കുന്നതിനു് നാം ശ്രദ്ധിക്കുന്നുണ്ടോ? ഓരോ രൂപതയിൽനിന്നും, കൊല്ലംതോറും എത്രപേർ വീതം സെമിനാരിയിലേക്കയക്കപ്പെടുന്നു? രൂപതകളിലെ ഇടവകകളെയും സ്ഥാപനങ്ങളെയും കാര്യക്ഷമമായി നയിക്കുന്നതിനു, ഇപ്പോളത്തെ വൈദികരുടെ എണ്ണം മതിയാകുമോ? മംഗലാപുരം മുതലായ രൂപതകളിൽനിന്നു് ഉന്നതബിരുദധാരികൾധാരാളമായി വൈദികരും കന്യാസ്ത്രീകളുമാകുമ്പോൾ, ഒന്നുകൊണ്ടും അവരുടെ പിന്നിലല്ലാത്ത നമ്മുടെ രൂപതകൾക്കു് ആ ഭാഗ്യമില്ലാതാകുന്നതെന്താണു്?

4) നമ്മുടെ ഏററവും വലിയ നേട്ടമെന്നു നാം അഭിമാനിക്കുന്നതു് നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങളാണല്ലൊ. അവയിലെല്ലാം കത്തോലിക്കാ വിദ്യാർത്ഥികൾ ഉത്സാഹപൂർവ്വമാണോ മതപഠനക്ലാസ്സുകളിൽ ഹാജരാകുന്നതു? ശരിയായ കത്തോലിക്കാ അന്തരീക്ഷം നമ്മുടെ എല്ലാ സ്കൂളുകളിലുമുണ്ടെന്നു ആത്മാർത്ഥതയോടെ നമുക്കു പറയാമോ? നമ്മുടെ എല്ലാമാനേജർമാരും അദ്ധ്യാപകന്മാരോടു നീതിചെയ്യുന്നുണ്ടോ? നമ്മുടെസ്കൂളുകളിലെ അദ്ധ്യാപകന്മാരെല്ലാം, സേവനസന്നദ്ധതയോടെ അവരുടെ കൃത്യങ്ങൾ നിർവ്വഹിക്കുന്നുണ്ടോ? നമ്മുടെ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ രക്ഷാകർത്താക്കൾ സ്കൂളുകളെ ഏതെല്ലാംവിധത്തിൽ സഹായിക്കുന്നുണ്ടു?

5) നമ്മുടെ ജനസംഖ്യയോടു തുലനംചെയ്യുമ്പോൾ, കത്തോലിക്കാകോൺഗ്രസ്സിന്റെ സംഖ്യാബലം നമുക്കു അഭിമാനകരമാണോ? എല്ലാ പെ. ബ. മെത്രാന്മാരുടെയും അംഗീകാരം കോൺഗ്രസ്സിനു ലഭിച്ചിട്ടുണ്ടോ? നമ്മുടെ എത്ര ഇടവകകളിൽ കോൺഗ്രസ്സിന്റെ ശാഖകളുണ്ടു്? നേതാക്കന്മാരുടെയും, കോൺഗ്രസ് ഭാരവാഹികളുടെയും സൗന്ദര്യപ്പിണക്കം, കോൺഗ്രസ്സിന്റെ ഭാവിയെ എങ്ങനെ ബാധിച്ചിട്ടുണ്ടു്?

6) നമ്മുടെ ഇടവകകളിൽ കത്തോലിക്കാ സാഹിത്യത്തെക്കാൾ കൂടുതൽ പ്രചരിക്കുന്നതു് "ലൗകിക" സാഹിത്യമാണോ? നമ്മുടെ പത്രങ്ങൾക്കും മാസികകൾക്കും ജനതാമദ്ധ്യത്തിൽ വേണ്ടത്ര പ്രചാരമുണ്ടോ? ബൈബിളിന്റെ ഒരു പ്രതിപോലും ഇല്ലാത്ത എത്ര അക്ഷരജ്ഞാനമുള്ള കത്തോലിക്കാ കുടുംബങ്ങൾ കേരളത്തിലുണ്ടു്? മററു സമുദായങ്ങളെ അപേക്ഷിച്ചു്, സാക്ഷരത്വത്തിൽ മുന്നണിയിൽ നില്ക്കുന്ന നാം, കത്തോലിക്കാ പത്രങ്ങളെയും, ഗ്രന്ഥങ്ങളെയും സാഹിത്യകാരന്മാരെയും ശരിക്കു പ്രോത്സാഹിപ്പിക്കുന്നുണ്ടോ?

ഇതുപോലെയുള്ള അനേകം ചോദ്യങ്ങൾ ചോദിക്കാനുണ്ടു്. കുററം പറയാനും, പരിഹസിക്കാനും, പദ്ധതികൾ രൂപീകരിക്കാനും, നിർദ്ദേശങ്ങൾ നൽകാനും എളുപ്പമാണല്ലോ. വീരവാദത്തിനും, പ്രക്ഷോഭണത്തിനും മുന്നണിയിൽ നില്ക്കുന്നവർ, കാര്യത്തോടടുക്കുമ്പോൾ കാലുമാറുന്നു. ശാന്തമായി, നിശ്ശബ്ദമായി, നിസ്സ്വാർത്ഥമായി, സഭയ്ക്കുവേണ്ടി, എങ്ങനെ, എന്തെല്ലാം, ഏതെല്ലാംവിധത്തിൽ പ്രവർത്തിക്കാൻ കഴിയുമെന്നറിയണമെങ്കിൽ, നാം അമേരിക്കയിലേക്കൊന്നു കണ്ണോടിച്ചാൽ മതി. അവരെ അനുകരിച്ചു, നമ്മുടെ പരിമിതമായ കഴിവനുസരിച്ചു്, കേരളത്തിനകത്തും പുറത്തും, കുടുംബത്തിലും, ഇടവകയിലും, സമുദായത്തിലും, രാഷ്ട്രത്തിലും, ക്രിസ്തുവിനുവേണ്ടി സേവനമനുഷ്ഠിക്കുന്നതിനു എത്രയോ മാർഗ്ഗങ്ങൾ തുറന്നു കിടക്കുന്നു!

# മതപീഡനമനുഭവിക്കുന്നവർക്ക് വേണ്ടിയുള്ള പ്രാർത്ഥനാലീഗ്

ഇരുമ്പുമറയുടെ പിമ്പിൽ മതമർദ്ദനംകൊണ്ടു് കൊടുംയാതനകൾ അനുഭവിക്കുന്നവരുടെ സ്ഥിതി എത്രകണ്ടു് പരിതാപകരവും മർമ്മഭേദകവുമായിത്തീർന്നിരിക്കുന്നു! പീഡിതരുടെ എണ്ണംതന്നെ എത്ര ഭീമമാണു്. പൂർവ്വയൂറോപ്പിലും, ഏഷ്യായിലുംകൂടി ഇവരുടെ സംഖ്യ ഏതാണ്ടു് 60,000,000 യോളം വരും!

### മർദ്ദിതമേഖലകൾ

രാജ്യങ്ങളെ തിരിച്ചു്, കണക്കു നോക്കുന്നതായാൽ, താഴെ പറയുന്ന വിധത്തിൽ കാണാൻ കഴിയും. അൽബേനിയ 110,000; ബാൾട്ടിക്കു് സംസ്ഥാനങ്ങൾ 2,500,000; ബൾഗേറിയാ 50,000; ചെക്കോസ്ലോവാക്കിയാ 10,000,000; ഹങ്കറി 6,000,000; പോളണ്ടു് 22,000,000; റുമേനിയാ 3,000,000; റഷ്യ 5,000,000; യൂഗോസ്ലാവിയാ 6,000,000 പൂർവ്വജർമ്മനി 4,000,000; ചൈനാ 3,000,000 ഇവരിൽ 9,000,000 പേർ യുക്രെയിൻ, പോളണ്ടു്, റുമേനിയ ദേശങ്ങളിൽനിന്നു കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ട പൗരസ്ത്യസഭകളിലെ അംഗങ്ങളാണു്.

ഈ കണക്കനുസരിച്ചു്, ലോകത്തിലുള്ള നാലായിരത്തി ഇരുനൂറുലക്ഷം കത്തോലിക്കരുടെ ഏഴിലൊരുഭാഗം, കടുത്ത കമ്മ്യൂണിസ്റ്റുഭരണത്തിന്റെ കരാളവക്ത്രത്തിൽ പെട്ടിരിക്കയാണെന്നു കാണാം. ഇതിനോടു്, ഛിദ്മത്തിൽ പെട്ടവരുടേയും, പ്രോട്ടസ്റ്റൻറു് വിഭാഗക്കാരുടേയും സംഖ്യകൂടി ചേർത്താൽ ലോകമെങ്ങുമുള്ള ക്രിസ്ത്യാനികളുടെ 30% മതമർദ്ദനമനുഭവിക്കുന്നവരുടെ ഗണത്തിൽ ഉൾപ്പെടുന്നുവെന്നു് വ്യക്തമാണു്.

### ഭയങ്കരാവസ്ഥ

ഈ പ്രദേശങ്ങളിലെ സ്ഥിതി ഏററവും ഭയങ്കരമാണെന്നു പറയേണ്ടതില്ലല്ലോ. കാരണം, കമ്മ്യൂണിസത്തിന്റെ ലക്ഷ്യം, എല്ലാ മതങ്ങളുടേയും വിശിഷ്യ, അതീവപ്രബലവും സുസംഘടിതവുമായ കത്തോലിക്കാമതത്തിന്റെ നിർമ്മാർജ്ജനമാണു്. ഈ ലക്ഷ്യപ്രാപ്തിക്കു് ഏതെല്ലാം കൗടില്യങ്ങളും ക്രൂരതകളും മർദ്ദനങ്ങളുമാണു കമ്മ്യൂണിസ്റ്റുകൾ പ്രയോഗിച്ചുകൊണ്ടിരിക്കുന്നതു്! വിശ്വാസികൾ എന്നു അറിയപ്പെടുന്നവർക്കു എവിടേയും മർദ്ദനവും മാനഹാനിയും കാരാഗൃഹവും മരണവുമാണു് അനുഭവപ്പെടുന്നതു്. വസ്തുതകളെ നേരിട്ടു കണ്ട കർദ്ദിനാൾ സ്പെൽമന്റെ വാക്കുകളിൽ, കമ്മ്യൂണിസ്റ്റുകളുടെ കിരാതവും ലജ്ജാകരവുമായ രീതിയനുസരിച്ചു ശതക്കണക്കിനു പള്ളിയും പള്ളിക്കൂടങ്ങളും മഠങ്ങളും സന്യാസാശ്രമങ്ങളും കൊള്ളചെയ്യുകയും തീവച്ചുനശിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ക്രിസ്ത്യാനികളായ പുരുഷന്മാരേയും സ്ത്രീകളേയും കുഞ്ഞുങ്ങളേയും തൂക്കിക്കൊല്ലുകയോ, വെടിവച്ചു വധിക്കുകയോ, പൈശാചികമായി പീഡിപ്പിക്കുകയോ ചെയ്യാൻ അവർ ഒട്ടും ശങ്കിക്കുന്നില്ല

കമ്മ്യൂണിസ്റ്റുകളുടെ അതിരൂക്ഷമായ കോപവെറിക്കു് ഇരകളായിത്തീരുന്നതു്, വൈദികരും മെത്രാന്മാരും മററു മേലദ്ധ്യക്ഷന്മാരുമാണെന്നുള്ളതു കുപ്രസിദ്ധമാണല്ലോ. കള്ളക്കഥകൾ വകഞ്ഞുകെട്ടി, പ്രഹസനപരമായി വിസ്താരം നടത്തി, തുറുങ്കുകളിൽ ഞെരുക്കുകയോ, തൂക്കിക്കൊല്ലുകയോ, നാടുകടത്തുകയോ ചെയ്തിട്ടുള്ളവരുടെ എണ്ണം എത്രയെത്രയാണു്!

ഇരുമ്പുതിരശ്ശീലയ്ക്കുള്ളിൽ ഞെങ്ങിഞെരുങ്ങുന്നവരുടെ സങ്കടാവസ്ഥയുടെ ഒരു ലഘുസൂചന, ചൈനാ സന്ദർശിച്ച നമ്മുടെ ഇൻഡ്യൻ പ്രധാനമന്ത്രിയുടെ സഹോദരി ശ്രീമതി വിജയലക്ഷ്മി പണ്ഡിററിനു്, ചൈനായിലെ കത്തോലിക്കർ സമർപ്പിച്ച മെമ്മൊറാണ്ഡത്തിൽ ഉൾക്കൊള്ളുന്നുണ്ടു്........"ഞങ്ങളോടൊന്നിച്ചു ഈ കാട്ടാളഭരണത്തിൽ വിലപിക്കുന്ന ലക്ഷോപലക്ഷം ബുദ്ധമതക്കാരുടെ സഹാനുഭൂതിയും ഞങ്ങൾക്കുണ്ടു്. അങ്ങയോടുള്ള ഞങ്ങളുടെ അഭ്യർത്ഥനയെന്തെന്നാൽ, അഭൂതപൂർവ്വമായ ഭീകരതയോടുകൂടിയ പോലിസ് ഭരണം മുഖേന, അധികാരത്തിൽ നിലയുറപ്പിച്ചിരിക്കുന്ന ഒരു ന്യൂനപക്ഷം, ഞങ്ങളുടെ മതത്തിനും മാതൃഭൂമിക്കുമെതിരായി നടത്തിക്കൊണ്ടിരിക്കുന്ന ഈ ഭയങ്കരപാതകങ്ങൾ ഇൻഡ്യയിലും, നിവൃത്തിയുണ്ടെങ്കിൽ ലോകമെങ്ങും അറിയിക്കണമെന്നാണു്...... അടിമത്തത്തിൽ ഞെങ്ങിഞെരുങ്ങുന്ന ചൈനായ്ക്കു അവിടുത്തെ അനുകമ്പയും സഹായവും ആവശ്യമായിരിക്കുന്നു"!!!

### നമ്മുടെ കർത്തവ്യം

ഏററവും സങ്കടകരമായ ഈ ദശസംഭവങ്ങളെ മുൻനിർത്തിയാ

(ശേഷം 9-ാം പേജിൽ)

പ്രഭാഷണം

# ദ്വിവിധപ്രസവം

അല്പം (കഴിഞ്ഞാൽ), പിന്നെ നിങ്ങൾ എന്നെ കാണുകയില്ല; വീണ്ടും അല്പം (കഴിഞ്ഞാൽ), പിന്നെ നിങ്ങൾ എന്നെ കാണും. എന്തെന്നാൽ ഞാൻ എന്റെ പിതാവിന്റെ അടുക്കലേക്കു പോകുന്നു......സത്യംസത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ കരഞ്ഞുവിലപിക്കും; ലോകമോ സന്തോഷിക്കും; നിങ്ങൾക്കു ദുഃഖം നേരിടും, എന്നാൽ നിങ്ങളുടെ ദുഃഖം സന്തോഷത്തിനായി ഭവിക്കും. ഒരു സ്ത്രീ പ്രസവിക്കുമ്പോൾ അവളുടെ പ്രസവത്തിന്റെ ദിവസം അടുത്തതുകൊണ്ട് അവൾ ദുഃഖമുള്ളവൾ ആയിരിക്കുന്നു. കുട്ടിയെ പ്രസവിച്ചശേഷമോ ഒരു മനുഷ്യൻ ലോകത്തിൽ ജനിച്ചു എന്ന സന്തോഷംനിമിത്തം അവൾ തന്റെ ഞെരുക്കം ഓർക്കുന്നില്ല. ഇപ്പോൾ നിങ്ങളും ദുഃഖമുള്ളവർ ആയിരിക്കുന്നു. എന്നാൽ ഞാൻ വീണ്ടും നിങ്ങളെ കാണും. അപ്പോൾ നിങ്ങളുടെ ഹൃദയം സന്തോഷിക്കും; നിങ്ങളുടെ സന്തോഷം നിങ്ങളിൽനിന്ന് ആരും എടുത്തുകളയുകയുമില്ല. (ഉയിർപ്പ് 3-ാം ഞായർ. യോഹന്നാൻ XVI, 16--22)

ക്രിസ്തുവിന്റെ മരണാനന്തരമുണ്ടായ താല്ക്കാലിക തിരോധാനവും ഉയിർപ്പുദിനത്തിലെ വിജയശ്രീലാളിതമായ പ്രത്യാഗമനവുമാണു ഈ സുവിശേഷഭാഗത്തു സൂചിപ്പിക്കപ്പെടുന്നതു്. ആ ഘട്ടങ്ങളിൽ ശ്ലീഹന്മാർക്കുണ്ടാകുന്ന സന്താപത്തെയും സന്തോഷത്തെയും ആസന്നപ്രസവയായ ഒരു സ്ത്രീയുടെ ദുഃഖത്തോടും പ്രസവാനന്തരം അവൾക്കുണ്ടാകുന്ന ആനന്ദത്തോടും ദിവ്യരക്ഷകൻ ഉപമിക്കുന്നു. ഏതന്ന്യായത്താൽ മാതൃപദമാരോഹണംചെയ്യുന്ന ഒരു സ്ത്രീക്ക് അനുക്രമം അനുഭവപ്പെടുന്ന വികാരങ്ങളെ ക്രിസ്തുവിന്റെ മരണവും ഉയിർപ്പും ഉളവാക്കിയ വികാരങ്ങളോടു ഉപമിക്കുന്നതിലും തെററില്ല.

ഒരു നവശിശുവിനു ജന്മംകൊടുക്കുന്ന സ്ത്രീ ക്രിസ്തുവിനെപ്പോലെ മരിച്ചുയിർക്കുകയാണു ചെയ്യുന്നതെന്നു പറയാം. അമേരിക്കയിലെ സുപ്രസിദ്ധ പ്രാസംഗികനും ഗ്രന്ഥകാരനുമായ ബിഷപ്പ് ഫുൾട്ടൺ ഷീൻ പറയുന്നതുപോലെ, സ്ത്രീ ഒരു ജീവിയെ ലോകരംഗത്തു അവതരിപ്പിക്കുന്നതിൽ മരണത്തോട് ഏററം അടുത്തുവരുന്നു. അതുകൊണ്ടാണു പുരുഷനെ അപേക്ഷിച്ച്, ക്രിസ്തുവിന്റെ രക്ഷാകരവേലയായ പീഡാസഹനത്തെയും മരണത്തെയും കുറിച്ച് അവൾക്കു കൂടുതൽ സജീവമായ ബോധമുള്ളതെന്നും അദ്ദേഹം തുടർന്നുപറയുന്നു. ജീവന്റെ സംഗ്രഹമായ പ്രജയെ ഉദരത്തിൽ വഹിച്ചുകൊണ്ട് മാതൃത്വത്തിന്റെ മഹോന്നതസ്ഥാനത്തേക്കു മന്ദാമന്ദം കയറുന്ന സ്ത്രീ, നിത്യരക്ഷയുടെ ഉപകരണമായ കുരിശും വഹിച്ചുകൊണ്ടു ഗാഗുൽത്താമലയിലേക്കു ഇഴഞ്ഞുവലിഞ്ഞുകയറിയ . ക്രിസ്തുനാഥന്റെ പ്രതിരൂപമാണു്. ക്രിസ്തു സ്വജീവൻ ഹോമിച്ചുകൊണ്ടു , മനുഷ്യവർഗ്ഗത്തിനു പുനർജീവൻ പ്രദാനംചെയ്യുകയും, ആ ജീവന്റെ ആദ്യഫലവും മൂർത്തീഭാവവുമെന്നവണ്ണം ഉത്ഥാനംചെയ്യുകയും ചെയ്തു. അതുപോലെ, സ്ത്രീ എല്ലായ്പോഴും സ്വജീവൻ ഹോമിക്കുന്നില്ലെങ്കിലും—അത്തരം സംഭവങ്ങളും ദുർലഭമല്ല—മരണത്തിന്റെ വക്കത്തുവരെ ചെന്നശേഷം അവൾ ഉയിർത്തെഴുന്നേല്ക്കുന്നു. അവൾ പ്രസവിക്കുന്ന കുഞ്ഞിന്റെ പുഞ്ചിരിപ്പൂനിലാവു ദർശിക്കുകയും, തന്റെ മാംസത്തിന്റെ മാംസവും രക്തത്തിന്റെ രക്തവുമായ ആ തങ്കക്കുടത്തെ മാറോടണയ്ക്കുകയും ചെയ്യുമ്പോൾ അവൾ തന്റെ പഴയ ക്ലേശങ്ങൾ വിസ്മരിക്കുകയും അവളുടെ ഹൃദയം പുനരുത്ഥാനം പ്രാപിക്കുകയും ചെയ്യുന്നു.

ഒരു ക്രിസ്തീയമാതാവ് സ്വപുത്രനു ശാരീരികജീവൻ പ്രദാനം ചെയ്യുന്നതുകൊണ്ടുമാത്രം തൃപ്തിപ്പെടുന്നില്ല. അവനു ആദ്ധ്യാത്മികജീവൻകൂടി പ്രദാനം ചെയ്ത്, അവനെ സ്വർഗ്ഗത്തിലെ പൗരനാക്കുന്നതിലും അവൾ ദത്തശ്രദ്ധയായിരിക്കുന്നു. അതിലാണു് പ്രധാനമായും അവൾ സ്വജന്മസാഫല്യവും തദനുബന്ധമായ ആനന്ദവും കണ്ടെത്തുന്നതു്. ഈ വിഷയത്തിൽ പ്രായോഗികമായി, ബുദ്ധിക്കു വിജ്ഞാനം പ്രദാനംചെയ്യുക, മനസ്സിനെ ശക്തിപ്പെടുത്തുക, സൽസ്വഭാവം രൂപീകരിക്കുകതുടങ്ങി പലതും ചെയ്യാനുണ്ടെന്നു് 1941 ഒക്ടോബർ 26-ാംനു- ഒരുസംഘം മാതാക്കൾക്കു നൽകിയ ഉദ്ബോധനത്തിൽ 12-ാം പീയൂസ് മാർപ്പാപ്പാ വ്യക്തമാക്കുകയുണ്ടായി. ആ പ്രസംഗം മുഴുവനും സത്യദീപത്തിൽ ഉദ്ധരിച്ചിരുന്നതാണു്. (പുസ്തകം 23 ല. 9—13) അപ്രകാരം ഭൗമികവും സ്വർഗ്ഗീയവുമായ പൗരത്വത്തിനാണു് ഒരു മാതാവ് സ്വശിശുവിനെ സജ്ജമാക്കേണ്ടതു്. പരിശുദ്ധ പിതാവ് 11-ാം പീയൂസു മാർപ്പാപ്പാ വിവാഹത്തെപ്പററിയുള്ള വിശ്വലേഖനത്തിൽ പ്രസ്താവിച്ചിരിക്കുന്നതു ശ്രവിച്ചാലും: “ഇതു് (സന്താനലബ്ധി) എത്ര വലിയ ദൈവാനുഗ്രഹവും വിവാഹത്തിന്റെ എത്ര മഹത്തായ ഫലവുമാണെന്നു മനുഷ്യന്റെ ഉൽകൃഷ്ടപദത്തെയും പരമാന്ത്യത്തെയും പററിയുള്ള നിരൂപണത്തിൽനിന്നും വ്യക്തമാകുന്നതാണു്...... മനുഷ്യജന്മത്താൽ ദൈവം ഉദ്ദേശിക്കുന്നതു് അവർ ജീവാവസ്ഥയെ പ്രാപിച്ച് ഭൂമിയിൽ നിറയണമെന്നുമാത്രമല്ല, പിന്നെയോ അതിലും മുഖ്യമായി അവർ ദൈവത്തെ അറിഞ്ഞുസ്നേഹിച്ചു ആരാധിക്കണമെന്നും അവസാനം സ്വർഗ്ഗത്തിൽ തന്നെ നിത്യമായി അനുഭവിച്ച് ആനന്ദിക്കണമെന്നുമാണു്.”

തീവണ്ടിമുറിയിൽ കയറി സുഖമായി സ്ഥലം പിടിച്ചശേഷം പിന്നെ കയറാൻ വരുന്നവരെ പ്രവേശിപ്പിക്കാതെ നിഷ്ഠുരണം വാതിലടച്ചുകളയുന്ന യാത്രക്കാരെപ്പോലെ, തങ്ങൾക്കു സുഖമായി കഴിയണം, ആകയാൽ ലോകരംഗത്തേക്കുള്ള മനുഷ്യജീവികളുടെ പ്രവേശത്തെനിയന്ത്രിക്കണം എന്ന മനോഭാവത്തോടുകൂടി വർത്തിക്കുന്ന സ്വാർത്ഥമതികളുണ്ടു്. അവരാണു് ജനസംഖ്യ വർദ്ധിച്ചുപോയി എന്നു മുറവിളികൂട്ടുകയും, അതിനെ കുറയ്ക്കുന്നതിനു മനുഷ്യപ്രകൃതിക്കും ദൈവനിയമത്തിനും വിരുദ്ധമായ കുടുംബസംവിധാനപദ്ധതികൾ നടപ്പാക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നതു്. ജനങ്ങൾ വർദ്ധിച്ചാൽ ഗവർമ്മെന്റും പൊതുജനങ്ങളും അവലംബിക്കേണ്ട ന്യായമായ മാർഗ്ഗം വിഭവങ്ങൾ വർദ്ധിപ്പിക്കുവാൻ ശ്രമിക്കുകയാണു്. അല്ലാതെ, ജനസംഖ്യയെ ന്യായരഹിതമായ മാർഗ്ഗങ്ങളിൽക്കൂടി ലഘൂകരിക്കാൻ ശ്രമിക്കുന്നതു് അവർ ലൗകായതികത്വത്തിന്റെ പാദസേവകരായതുകൊണ്ടാണു്. ഒരു മനുഷ്യവ്യക്തി പാരത്രികജീവിതത്തിനു വേണ്ടിക്കൂടി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവനാണെന്നും സ്വർഗ്ഗപ്രാപ്തിയാണു് അവന്റെ പരമാന്ത്യമെന്നും അവർക്കറിഞ്ഞുകൂടാ. സ്വർഗ്ഗത്തിൽ ഒരിക്കലും “ജനപ്പെരുപ്പം” ഉണ്ടാകുന്നതല്ല. ആകയാൽ ഇഹത്തിൽ മററുള്ളവർ അല്പമൊന്നു ഞെരുങ്ങേണ്ടിവന്നാലും അതു ദൈവമഹത്വം പുലർത്തുമെന്നും ലോകത്തെ സൃഷ്ടിക്കുന്നതിലും വിവാഹം എന്ന കൂദാശയെ സ്ഥാപിക്കുന്നതിലും ദൈവത്തിനുണ്ടായിരുന്ന മഹനീയോദ്ദേശ്യത്തെ സഫലീകരിക്കുമെന്നും ധരിച്ചിരിക്കേണ്ടതാണു്.

ആധുനികകാലത്തു് ജീവിച്ചിരുന്ന ഒരു പ്രശസ്തവ്യക്തിയാണു് ലെയോൺ ബ്ലോയി. അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ പ്രകടമായി കാണുന്ന രണ്ടു സംഗതികളുണ്ടു്: സ്വപുത്രന്റെ ആത്മാവിനെ രക്ഷിക്കുന്നതിൽ ദത്താവധാനയായിരിക്കുന്ന ഒരു മാതാവിന്റെ ത്യാഗസുരഭിലമായ സ്നേഹം; ദാരിദ്ര്യത്തിന്റെ മദ്ധ്യത്തിലും വിവാഹത്തിന്റെ പരിശുദ്ധി സംരക്ഷിക്കുന്നതിനുള്ള സാദ്ധ്യത. സ്വമാതാവു തന്നെപ്രതി സഹിച്ച ക്ലേശങ്ങളെ അനുസ്മരിച്ചുകൊണ്ട് അദ്ദേഹം എഴുതിയിരിക്കുന്നതു

---

പ്രഥമ ചരമവാർഷികം



മാവന ജോസഫ് മേറി

ജനനം...27—8—37

മരണം...21—4—52

“കാരുണ്യവാനായ ഈശോയെ! ഇയാൾക്കു് നിത്യാശ്വാസം കൊടുത്തരുളേണമെ!”

R. I. P.

---

നോക്കുക: “1869-ൽ ഞാൻ എന്റെ ദുഷിച്ച ജീവിതത്തിന്റെ പരമകോടിയിലെത്തിയിരുന്നു. ഒരു ക്രിസ്ത്യാനിയും ഒരു വീരവനിതയുമായ എന്റെ അമ്മ 1870-ൽ എനിക്കിപ്രകാരമെഴുതി: “എന്റെ മകനേ, യുദ്ധസേവനം ചെയ്യുന്ന (ഫ്രാൻസും പ്രഷ്യയും തമ്മിലുള്ള യുദ്ധം) എന്റെ അഞ്ചുമക്കളിൽ ഒരുവനാണു നീ. എന്നുവരികിലും നിന്റെ ഇപ്പോഴത്തെജീവിതത്തെക്കാൾ നിന്റെ മരണം എനിക്കു് ആശ്വാസദായകമായിരിക്കും.” എന്റെ പ്രിയാനിറഞ്ഞ അമ്മ എന്റെ ശൈശവം മുതൽ എനിക്കായി പ്രാർത്ഥിച്ചു. എന്റെ ഹൃദയത്തിൽ വിശ്വാസത്തിന്റെ സ്ഥാനത്തു് ആദ്യം അശ്രദ്ധയും അനന്തരം അവജ്ഞയും വേരൂന്നിയപ്പോൾ അവൾ അവളുടെ പ്രാർത്ഥനയെ ദ്വിഗുണീഭവിപ്പിച്ചു. കൂടുതൽ തീക്ഷ്ണതയോടും ഭക്തിയോടും കൂടിയും കൂടുതൽ സമയത്തേക്കും അവൾ പ്രാർത്ഥിച്ചു. അവളുടെ ഹൃദയത്തിന്റെ ബലിവേദിയിൽ സദാ ദൈവസന്നിധിയിലേക്കു ഉയർന്നുകൊണ്ടിരുന്ന ഉജ്ജ്വലത്തായ ആഗ്രഹത്തിന്റെ തിരി അവൾ കത്തിച്ചു. കെടുത്താനാവാത്ത ഒരു ബലിയുടെ ഒടുങ്ങാത്ത അഗ്നിശിഖപോലെയായിരുന്നു അതു്. ഞാനാകട്ടെ, എന്റെ ദുർവൃത്തികളെ ദ്വിഗുണീഭവിപ്പിക്കുകയാണു ചെയ്തതു്. പ്രാർത്ഥനകൾകൊണ്ടു് എനിക്കൊരു ഫലവും ഉണ്ടായില്ല. വരപ്രസാദമെത്ത ഞാനെതിർത്തു.” ബാക്കി ഭാഗം ചുരുക്കിപ്പറയാം: ആ ക്രിസ്തീയ മാതാവാകട്ടെ ക്രിസ്തുവിന്റെ പീഡാനുഭവത്തെപ്പററി ധ്യാനിക്കുകയിൽ, ക്രിസ്തു മനുഷ്യരക്ഷ സാധിച്ചതു സഹനംകൊണ്ടാകയാൽ ആ മാർഗ്ഗത്തിൽക്കൂടി മാത്രമേ നമുക്കും ആ രക്ഷയുടെ ഫലങ്ങൾ വർദ്ധമാനമാക്കുവാൻ സാധിക്കയുള്ളുവെന്നു അവൾക്കു ബോധ്യമായി. തന്റെ മകൾ മനസ്സുതിരിയുന്നതിനു വേണ്ടി മാനുഷികമായ എല്ലാ സന്തോഷങ്ങളും ആശ്വാസങ്ങളും ബലികഴിപ്പാൻ താൻ സന്നദ്ധയാണെന്നു അവൾ പരിശുദ്ധ മറിയം വഴി ദൈവത്തോടു വാഗ്ദാനം ചെയ്തു. അനന്തരഫലങ്ങൾ അത്ഭുതാവഹങ്ങളായിരുന്നു. അവളുടെ ആരോഗ്യം നഷ്ടപ്പെട്ടു. ദിവസത്തിലെ 24 മണിക്കൂറും അവൾ വേദനയുടെ തീച്ചൂളയിൽ കിടന്നു ഞെരിപിരികൊണ്ടു. പക്ഷെ അവളുടെ അഭീഷ്ടം സാധിച്ചു. ലെയോൺ ബ്ലോയി പറയുന്നു: “ഞാനിതെല്ലാം പിന്നീടാണു അറിഞ്ഞതു്—ഞാനൊരുകത്തോലിക്കനായശേഷം. അപ്പോഴാണു്, ഞാൻ മനസ്സിലാക്കുന്നതു് എന്റെ അമ്മ രണ്ടാമതൊരു പ്രാവശ്യം കൂടി അരിഷ്ടതയിൽ എന്നെ പ്രസവിച്ചെന്നു്......”

ഏവംവിധം ഏതൊരു ക്രിസ്തീയവനിതയും ഒരു മകനെ അല്ലെങ്കിൽ മകളെ രണ്ടു പ്രാവശ്യം പ്രസവിക്കേണ്ടിയിരിക്കുന്നു. ഒന്നു അവനെ ലോകത്തിലേക്കവതരിപ്പിക്കുന്നതിനു്; രണ്ടു് അവനെ പരലോകത്തിലേക്കവതരിപ്പിക്കുന്നതിനു്. പരിശുദ്ധ കന്യകാമറിയത്തിനും സന്താനലാഭം ഉണ്ടായതു ഈ ദ്വിവിധപ്രസവം മുഖേനയാണു്: മറിയം ഈശോയെ ബത്ലഹമിൽവച്ചു ലോകത്തിലേക്കവതരിപ്പിച്ചു. കാൽവരി മലമുകളിൽ വച്ച്, കുരിശിൻ ചുവട്ടിൽ കാവൽനിന്നു്, ക്രിസ്തുവിന്റെ പീഡാസഹനത്തിൽ പങ്കുവഹിച്ചുകൊണ്ടു “അരിഷ്ടതയിൽ” മനുഷ്യർക്കെല്ലാം ഒരു നവജന്മം പ്രദാനം ചെയ്തു. അങ്ങനെ അവിടുന്നു “ലോകവാസികളുടെ മാതാവ് ” ആയിത്തീർന്നു. രണ്ടു വിധത്തിൽ സന്താനലാഭം ഉണ്ടായ കന്യകാമറിയം അനുഗ്രഹീതയായതുപോലെ രണ്ടു വിധത്തിൽ സന്താനലാഭം ഉണ്ടാകുന്ന ക്രിസ്തീയമാതാവും അനുഗ്രഹീതയാകുന്നു.

ഓരോ ക്രിസ്തീയമാതാവും പരിശുദ്ധ കന്യകാമറിയത്തിന്റെ പ്രതിരൂപമാകയാൽ അവൾക്കായും “നന്മനിറഞ്ഞ മറിയം”പോലെ ഒരഭിവാദനം രചിക്കാമെന്നു ബിഷപ്പു ഷീൻ പറയുന്നു:

(നന്മനിറഞ്ഞ) ജീവൻ നിറഞ്ഞ — ഭാര്യാ ഭർതൃസ്നേഹത്തിന്റെ പരിണതഫലമായ ഒരു ശരീരവും ദൈവത്തിന്റെ സ്നേഹം സൃഷ്ടിച്ച ഒരാത്മാവും.

(മറിയമേ! നിനക്കു സ്വസ്തി) മാതാവേ! നിനക്കു സ്വസ്തി.

(കർത്താവു നിന്നോടുകൂടെ) ദൈവം എല്ലാ മാതാക്കളോടും കൂടിയുണ്ടു്: “ഇവരിൽ ഏററം ചെറിയവർക്കു നിങ്ങൾ ചെയ്തതെല്ലാം നിങ്ങൾ എനിക്കാണു ചെയ്തിരിക്കുന്നതു്.”

(നീ സ്ത്രീകളിൽവച്ചു അനുഗ്രഹീതയാകുന്നു.) എല്ലാ സ്ത്രീകളും മാതാക്കളാകാൻ വിളിക്കപ്പെട്ടിരിക്കുന്നു: ഒന്നുകിൽ ശാരീരികമായി, അല്ലെങ്കിൽ ആദ്ധ്യാത്മികമായി. ഒരു സ്ത്രീ ക്രിസ്തീയ ആണെങ്കിൽ അവളുടെ സ്ത്രീത്വം തന്നെ ശ്രേഷ്ഠമാകുന്നു. ഒരു ഭാര്യ മാതാവാകുന്നെങ്കിൽ അവളുടെ ഭാര്യാത്വവും ശ്രേഷ്ഠത പ്രാപിക്കുന്നു.

(നിന്റെ ഉദരഫലമായ ഈശോയും അനുഗ്രഹീതനാകുന്നു) നിന്റെ ഉദരഫലമായ ജോണും പീററും മേരിയും അന്നവും അനുഗ്രഹീതരാകുന്നു. “കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.”

*P. I. J.*

——

## ഹൃദയവല്ലഭൻ

(തോമസ് കെ. ജെ. മണിമല)

ഓമനക്കുട്ടൻ........രീതി

(ഹൃദയവല്ലഭനായ ക്രിസ്തുനാഥൻ, ദിവ്യസക്രാരിയിൽ എഴുന്നള്ളിയിരുന്നുകൊണ്ടു് തന്റെ മണവാട്ടിയെ —ആത്മാവിനെ— ക്ഷണിക്കുന്നു.)

സുന്ദരാമല ഗാനമൊന്നിദം
മന്ദമന്ദമുതിരുന്നു
യേശുദേവ വസതിയാകുമൊ-
രാസക്രാരിയിൽ നിന്നുമേ:
“പോരുകോമനേ! പോരു
കോമനേ
പാരിൽനിന്നുമകന്നു നീ
ക്ഷീണിതക്കവലംബമേക-
വോ-
നാണുഞാനണഞ്ഞീടുക.
ഭാരമേറിയ നിന്റെ ജീവിത
മേറി നീ വലഞ്ഞീടവേ
പോരുകോമനേ പോരു
കോമനേ
പാരിൽനിന്നുമകന്നു നീ.
ജീവിതാബ്ധിയിൽ നീന്തി
നീന്തി നീ
ഹാവലഞ്ഞു തളരവേ
പോരുകോമനേ, പോരു
കോമനേ
പാരിൽനിന്നുമകന്നു നീ.
എന്തിനോമനേ പാരിൽ
നീയിദം
ചിന്തപൂണ്ടുഴന്നീടുന്നു
ഹന്തമാമക ഹൃത്തു താവക
ചന്തമേറിയ കേന്ദ്രമാം
പോരുകോമനേ, പോരു
കോമനേ
പാരിൽനിന്നുമകന്നു നീ.

II

ആരുപാടുന്നിതാരുപാടുന്നി-
ച്ചാരുഗാനമിതേവിധം
നാകനാഥനാം പ്രേമലോ
ലുപ-
നാണീമോഹനഗായകൻ.
(ജീവിതക്ലേശങ്ങളിൽപ്പെട്ടു നട്ടംതിരിയുന്ന ആത്മാവു് ആ ചൈതന്യസന്നിധാനത്തിൽ മധുരഗീതങ്ങളുതിർക്കുന്നു.)

പ്രേമനായക നിൻസവി
ധത്തി-
ലേഴവന്നണയുന്നു നിൻ
തൃക്കടാക്ഷസുധയരുളി നീ
സ്വർഗ്ഗമേററണമെന്നെയും
നാഥാ താവകഗാനമെത്രയോ
മോദമെന്നിചരുളുന്നു!
പോകപോകനീ ലോകമേ
തവ
ഭോഗമൊന്നുമേവേണ്ടിനി
ദേവദേവപദത്തിലേക്കിവൾ
ഭൂവുവിട്ടുഗമിച്ചിടും
കാപട്യങ്ങൾ നിറഞ്ഞൊരീ
ധര
പാപപൂരിതമാണുപോൽ
പൂതമാകുമപ്പൊൻമുരളിതൻ
നാദമൊന്നു ശ്രവിക്കനീ
“പോരുകോമനേ, പോരു
കോമനേ
പാരിൽനിന്നുമകന്നുനീ”
എത്രമോഹനമെത്രപാവന
മെത്രസ്നേഹവിഭൂഷിതം!
ആത്മവല്ലഭാ, നിന്റെ മുമ്പി
ലുള്ളകൈകളുയരട്ടെ. [ലെൻ

——

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ്ബ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 26 | ERNAKULAM APRIL 22, 1953 | No. 34


# ജൂബിലിമംഗളം

തൃശ്ശൂർ രൂപതാദ്ധ്യക്ഷൻ റൈററു് റവ. ഡോക്ടർ ജോർജ്ജ് ആലപ്പാട്ടു് തിരുമനസ്സിലെ പൗരോഹിത്യ രജതജൂബിലിയും നാമഹേതുകദിനവും ഒരുമിച്ചാഘോഷിക്കുന്ന അത്ഭുതപൂർവ്വകമായ ഈ ശുഭാവസരത്തിൽ തിരുമനസ്സിലേക്കു മംഗളമാശംസിക്കുന്നതിൽ ഞങ്ങൾക്കു് അതിയായ സന്തോഷമുണ്ടു്. ഇതഃപര്യന്തം തിരുമേനി അനുഷ്ഠിച്ചിട്ടുള്ള നിസ്തുലാത്മസേവനം സഭയുടേയും സമുദായത്തിന്റേയും ചരിത്രത്തിൽ തങ്കലിപികളാൽ രേഖപ്പെടുത്തപ്പെടേണ്ടതാണു്. 1900 ഫെബ്രുവരി 17-ാംനു ഭൂജാതനായ തിരുമേനി 27-ാമത്തെ വയസ്സിൽ— 1927 ഡിസംബർ 17-ാംനു— റോമിലെ പ്രൊപ്പഗാന്താകോളെജിൽവച്ചു് ഗുരുപ്പട്ടമേററു. റോമിൽനിന്നു മടങ്ങിയെത്തിയശേഷം സെമ്മിനരി റെക്ടർ, വികാരി എന്നീ നിലകളിൽ രൂപതയെ സേവിച്ചു. 1944 മാർച്ചു് 11-ാംനു തൃശ്ശൂർമെത്രാനായി തിരഞ്ഞെടുക്കപ്പെടുകയും മേയ് 1-ാം തീയതി തൃശ്ശൂർ വ്യാകുലമാതാവിന്റെ പള്ളിയിൽവച്ചു് ഡലഗാദപ്പസ്തോലിക്ക അഭിവന്ദ്യ ദിവ്യശ്രീ മോൺ. ലിയോപീററർ കിയെക്കേൽസ് തിരുമേനിയാൽ മെത്രാനായി അഭിഷേകം ചെയ്യപ്പെടുകയും ചെയ്തു. തിരുമേനി രൂപതാഭരണം കൈയേററശേഷം, ഒരു ഫസ്റ്റ് ഗ്രേഡ് കോളെജ്, പല ഹൈസ്കൂളുകൾ, നിരവധി പ്രാഥമികവിദ്യാലയങ്ങൾ, കന്യകാലയങ്ങൾ, ആതുരാലയങ്ങൾ, ഒന്നാംകിടയിൽപ്പെട്ട ഒന്നിലധികം ആസ്പത്രികൾ തുടങ്ങി രൂപതയ്ക്കു പല നേട്ടങ്ങളുമുണ്ടായിട്ടുണ്ടു്. വിൻസെൻറു് ഡി പോൾ സഖ്യം ഏററം വിജയപ്രദമായി പ്രവർത്തിച്ചുവരുന്ന ഒരു രൂപതയാണു് തൃശ്ശൂർ രൂപത. അടിയുറച്ച ദൈവവിശ്വാസം, അന്യാദൃശമായ ഭക്തിതീക്ഷ്ണത, നിസ്തുലമായ കർമ്മകുശലത എന്നിവ തിരുമനസ്സിലെ വിശേഷഗുണങ്ങളിൽ ചിലതു മാത്രമാണു്. തിരുമേനി ഒരു പണ്ഡിതനും പ്രാസംഗികനും കൂടിയാണെന്ന വസ്തുതയും പ്രസ്താവ്യമത്രെ. റോമിലെ പ്രൊപ്പഗാന്താകോളെജിൽനിന്നും തിരുമേനി പിഎച്ചു്. ഡി., ഡി. ഡി. എന്നീ ഉന്നതബിരുദങ്ങൾ കരസ്ഥമാക്കീട്ടുണ്ടു്. ഡി. ഡി. ലഭിക്കുന്നതിനായി തിരുമേനി സമർപ്പിച്ച Quare Romanus Pontifex non valedicit Dominationi Temporali? (റോമാമാർപ്പാപ്പാ എന്തുകൊണ്ടു് ഭൗതികാധിപത്യം ഉപേക്ഷിക്കുന്നില്ല?) എന്ന വിഷയത്തെ അധികരിച്ചുള്ള പണ്ഡിതോചിതമായ പ്രബന്ധം അച്ചടിച്ചു് പ്രസിദ്ധം ചെയ്തിട്ടുണ്ടു്. അതു ദൈവശാസ്ത്രത്തിൽ തിരുമേനിക്കുള്ള വ്യുല്പത്തിക്കു സാക്ഷ്യം വഹിക്കുന്നു. ഏവംവിധം വിജയശ്രീലാളിതനായി വിരാജിക്കുന്ന തിരുമേനി നീണാൾ വാഴട്ടെ. എല്ലാവിധ അനുഗ്രഹവും സർവ്വശക്തനായ ദൈവം തിരുമേനിയുടെമേൽ വർഷിക്കുകയും ചെയ്യട്ടെ!

# തൊഴിലാളികളുടെ കർത്തവ്യങ്ങൾ

മുതലാളികളുടെ കർത്തവ്യങ്ങളെപ്പററി മതതത്വങ്ങളെ ആധാരമാക്കി പേപ്പൽ തിരുവെഴുത്തുകളിൽ നൽകിയിട്ടുള്ള ഉൽബോധനങ്ങൾ കഴിഞ്ഞലക്കത്തിൽ ചൂണ്ടിക്കാണിച്ചിരുന്നല്ലോ. തൊഴിലാളികളുടെ കർത്തവ്യങ്ങളെപ്പററിയും മാർപ്പാപ്പാമാർ ഉൽബോധനങ്ങൾ നൽകിയിട്ടുണ്ടു്. അവയെക്കുറിച്ചും പ്രസ്താവിക്കാം.

"തൊഴിലാളിയേയും വേലക്കാരനേയും സംബന്ധിച്ച മതം പഠിപ്പിക്കുന്നതെന്തെന്നാൽ, സ്വതന്ത്രമായി ചെയ്തിട്ടുള്ള സകല നീതിയുക്തമായ ഉടമ്പടികളും നേരായും ശരിയായും അവൻ നിറവേററണം; മൂലധനത്തിനു യാതൊരു കേടുംഒരിക്കലുംവരുത്തരുതു്; മുതലാളിയുടെ വ്യക്തിത്വത്തോടു കൈയേററം ചെയ്യരുതു്; സ്വന്തം അവകാശങ്ങൾക്കുവേണ്ടി വാദം നടത്തുന്നതിൽ ഒരിക്കലും അക്രമം പ്രയോഗിക്കുകയോ, ലഹളയിലും കുഴപ്പത്തിലും ഏർപ്പെടുകയോ അരുതു്; സൂത്രവാദങ്ങളാൽ ആളുകളെ ഇളക്കുകയും പ്രായേണ വലിയ നഷ്ടത്തിലും നിഷ്ഫലമായ കുണ്ഠിതത്തിലും കലാശിക്കുന്ന മൂഢമായ പ്രത്യാശകൾ ഉളവാക്കുകയും ചെയ്യുന്നവരും ദുഷ്ടങ്ങളായ തത്വങ്ങൾ അംഗീകരിക്കുന്നവരുമായ കൂട്ടരോടു യാതൊരു ബന്ധവും ഉണ്ടായിരിക്കരുതു്." പതിമൂന്നാം ലെയോ മാർപ്പാപ്പാ "റേരും നൊവാരും" എന്ന വിശ്വലേഖനത്തിൽ തൊഴിലാളികളെ സംബന്ധിച്ചു നൽകിയിട്ടുള്ള ഉൽബോധനമാണിതു്.

## ഉടമ്പടികൾ നിറവേററണം

ഉടമ്പടികൾ നിറവേററുവാനുള്ള കർത്തവ്യത്തെപ്പററിയാണല്ലോ ആദ്യമായി പറഞ്ഞിരിക്കുന്നതു്. തിരുമേനിയുടെ വാക്കുകൾ പ്രത്യേകം സൂക്ഷിക്കേണ്ടിയിരിക്കുന്നു. "സ്വതന്ത്രമായി ചെയ്ത സകല നീതിയുക്തമായ ഉടമ്പടികളും." നീതിയുക്തമായ എന്നതിന്റെ അർത്ഥം നീതിപ്രകാരം തനിക്കു് കിട്ടേണ്ട കൂലിക്കു ജോലിചെയ്തുകൊള്ളാമെന്നു തൊഴിലാളി മുതലാളിയോടു ചെയ്യുന്ന ഉടമ്പടി എന്നാണു്. ആ കൂലിയിൽ കുറഞ്ഞതിനു ജോലി ചെയ്തുകൊള്ളാമെന്നു തന്റെ ആവശ്യംനിമിത്തം ഗത്യന്തരമില്ലാതെ സമ്മതിക്കുവാൻ ഒരു തൊഴിലാളി നിർബന്ധിക്കപ്പെടുന്ന പക്ഷം ആ ഉടമ്പടി നീതിയുക്തമാകയില്ല. സ്വതന്ത്രമായി ചെയ്തതു് എന്നു് അതിനെപ്പററി പറയാൻ പാടുള്ളതല്ല. അങ്ങനെയുള്ള ഉടമ്പടി യഥാർത്ഥത്തിൽ സാധുവായതല്ലെന്നും തന്മൂലം ആ തൊഴിലാളിയെ സംബന്ധിച്ചിടത്തോളം അതു നിറവേററുവാൻ കടമയില്ലെന്നുമാണു് പ്രസ്തുത വാക്കുകളുടെ അർത്ഥം. അങ്ങനെയുള്ള ഉടമ്പടി ചെയ്യുവാൻ നിർബന്ധിക്കപ്പെടുന്ന തൊഴിലാളി വഞ്ചനയ്ക്കും ബലപ്രയോഗത്തിനും ഇരയായിത്തീരുന്നു. എന്നാൽ ഉടമ്പടികളെപ്പററി ഇപ്രകാരം വിധിക്കുന്നതു വളരെ വളരെ സൂക്ഷിച്ചുവേണമെന്നു പറയേണ്ടതില്ലല്ലോ. മനുഷ്യൻ സ്വതവേ സ്വാർത്ഥലോലുപനായതുകൊണ്ടു് ഉടമ്പടികളുടെ സാധുത്വത്തെപ്പററി വിധിക്കുന്നതിൽ അവനു് പലപ്പോഴും തെററുവരാവുന്നതാണു്. എല്ലാ സാഹചര്യങ്ങളും നിഷ്പക്ഷമായി ആലോചിച്ചശേഷം മാത്രമേ ഉടമ്പടി യഥാർത്ഥത്തിൽ അസാധുവാണോ എന്നു് തീരുമാനിക്കുവാൻ സാധിക്കുകയുള്ളൂ.

താൻ ചെയ്ത ഉടമ്പടി യഥാർത്ഥത്തിൽ നീതിയുക്തമാണെന്നു്, സ്വതന്ത്രമായിത്തന്നെയാണു് താൻ അതു ചെയ്തതെന്നു്, ബോധമുള്ള തൊഴിലാളി അതു നിറവേററുവാൻ കടപ്പെട്ടവനാണു്. ആ ഉടമ്പടിയിലെ സകല വ്യവസ്ഥകളും യാതൊരു കള്ളത്തരവും കൂടാതെയും ശരിയായ വിധത്തിലും അവൻ പാലിക്കണം. ജോലി ചെയ്യുന്നതിൽ ഉപേക്ഷ കാണിക്കുകയോ നാശമോശങ്ങൾ വരുത്തുകയോ ചെയ്യുന്നതു ഉടമ്പടിക്കു എതിരായ പ്രവൃത്തിയായിരിക്കും. നീതിയായ കൂലി വാങ്ങുന്നവൻ നീതിയായി വേലചെയ്തേ മതിയാവൂ. നീതിപ്രകാരം തൊഴിലാളിക്കു കൊടുക്കേണ്ട കൂലി സ്വന്തം ആദായം വർദ്ധിപ്പിക്കുന്നതിനോ മററു കാര്യലാഭങ്ങൾക്കുവേണ്ടിയോ യഥേഷ്ടം കുറയ്ക്കുന്ന മുതലാളി നീതിവിരുദ്ധമായി പ്രവർത്തിക്കുന്നപോലെതന്നെ, നീതിയുക്തമായ ഉടമ്പടി ചെയ്തശേഷം അതിലെ വ്യവസ്ഥകൾ ആവശ്യപ്പെടുന്ന സേവനം ചെയ്യാൻ വീഴ്ചവരുത്തുന്ന തൊഴിലാളി തന്റെ മുതലാളിയോടു നീതിവിരുദ്ധമായി പ്രവർത്തിക്കുന്നു.

മുതലാളിയുടെ വസ്തുവകകൾക്കു് കേടുവരുത്തുന്നതും, അയാളുടെ വ്യക്തിത്വത്തോടു ഏതെങ്കിലുംവിധത്തിൽ കൈയേററം ചെയ്യുന്നതും നീതിക്കുവിരോധമായ പ്രവൃത്തികളാണെന്നു സ്പഷ്ടമാണല്ലോ. അപ്രകാരംതന്നെ തൊഴിലാളി തന്റെ അവകാശങ്ങൾക്കുവേണ്ടി നടത്തുന്ന വാദങ്ങളിൽ അക്രമം പ്രയോഗിക്കുന്നതും ലഹളയിലും കുഴപ്പത്തിലും ഏർപ്പെടുന്നതും നീതിവിരുദ്ധമാകുന്നു. ദുഷ്ടതത്വങ്ങളുടെ പ്രേരണകൾക്കു വശപ്പെട്ടു്, നിറവേററുവാൻ സാധിക്കാത്തതും നാശത്തിൽ ചെന്നവസാനിക്കുന്നതുമായ വാഗ്ദാനങ്ങളാൽ ആളുകളെ ഇളക്കിവിടുന്ന കൂട്ടരുണ്ടല്ലോ. അവരുമായി യാതൊരു ബന്ധത്തിലും ഏർപ്പെടാതിരിക്കേണ്ടതും തൊഴിലാളികളുടെ കർത്തവ്യമാകുന്നു.

## മതതത്വങ്ങളുടെ പ്രയോഗം

ഈ കർത്തവ്യങ്ങളെല്ലാം ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം അവരെ ബന്ധിക്കുന്ന പത്തു കല്പനകളുടെ പ്രയോഗങ്ങൾ മാത്രമാകുന്നു. ആ കല്പനകൾ ദൈവനിയമത്തിന്റെ ക്രോഡീകരണമാണു്. അവ മനുഷ്യവ്യക്തികളുടേയും മനുഷ്യസമുദായത്തിന്റേയും ക്ഷേമത്തിനു ഏററവും പ്രയോജനപ്പെടുന്നവയാണു്. തന്മൂലം അവയെ ലംഘിക്കുന്നവർ ദൈവഹിതത്തിനു വിരോധമായി മാത്രമല്ല, വ്യക്തികളുടെയും സമുദായത്തിന്റെയും ക്ഷേമത്തിനു വിപരീതമായും വർത്തിക്കുകയാണു ചെയ്യുന്നതു്. നിർഭാഗ്യവശാൽ മുതലാളികളിലും തൊഴിലാളികളിലും അനേകംപേർ ഈ മതതത്വങ്ങളിൽ വേണ്ട പഠനവും പരിശീലനവും ലഭിച്ചവരല്ല. ലഭിച്ചവരിൽത്തന്നെയും പലരും പ്രസ്തുത തത്വങ്ങൾ സാമ്പത്തികകാര്യങ്ങളിൽ പ്രയോഗിക്കേണ്ടതാണെന്നുള്ള ബോധമുള്ളവരല്ല. ഈ ബോധത്തിന്റെ അഭാവമാണു് ദുഷിച്ച മുതലാളിത്തത്തിന്റെ ഉത്ഭവത്തിനും അതിൽനിന്നുണ്ടായ മുതലാളി-തൊഴിലാളി സമരത്തിനും കാരണം. യൂറോപ്പു യഥാർത്ഥത്തിൽ ക്രിസ്തീയമായിരുന്ന കാലത്തു്, അവിടെ കത്തോലിക്കാസഭയുടെ സാന്മാർഗ്ഗികതത്വങ്ങൾക്കു പ്രാബല്യമുണ്ടായിരുന്ന കാലത്തു്, ഈ ബോധത്തിന്റെ അഭാവമുണ്ടായിരുന്നില്ല. ഇംഗ്ലണ്ടിലെ ഒരു സോഷ്യലിസ്റ്റു നേതാവായിരുന്ന പ്രഫസർ ലാസ്കി ഈ വസ്തുത സമ്മതിച്ചിട്ടുണ്ടു്. "യൂറോപ്യൻ ലിബറലിസത്തിന്റെ ഉത്ഭവം" (The Rise of European Liberalism) എന്ന തന്റെ ഗ്രന്ഥത്തിൽ അദ്ദേഹം പറഞ്ഞിട്ടുള്ളതിങ്ങനെയാണു്:

## പ്രഫസർ ലാസ്കിയുടെ സാക്ഷ്യം

"മദ്ധ്യശതകങ്ങളിലെ മുതലാളിമാർ, ധനവകുപ്പിലും കച്ചവടവകുപ്പിലും നിർമ്മാണവകുപ്പിലും അവർ നടത്തിയിരുന്ന പ്രവർത്തനങ്ങളുടെ എല്ലാ ദശയിലും, സന്മാർഗ്ഗപരമായ ചില നിബന്ധനകൾക്കു വിധേയരാക്കപ്പെട്ടിരുന്നു. ആ നിബന്ധനകളാകട്ടെ, സന്മാർഗ്ഗതത്വങ്ങളുടെ ചട്ടക്കൂട്ടിൽ ഒതുങ്ങിയിരിക്കുന്ന ധനസമ്പാദനം മാത്രമേ നീതീകരിക്കുവാൻ പാടുള്ളൂ എന്നു് അനുശാസിക്കുന്നവയുമായിരുന്നു. തന്റെ ആവശ്യങ്ങൾക്കു വേണ്ട ധനം സമ്പാദിക്കുവാൻ മുതലാളിക്കു് അവകാശമുണ്ടെന്നും സമ്മതിക്കപ്പെട്ടിരുന്നെങ്കിലും, സമ്പാദനം തികച്ചും സന്മാർഗ്ഗപരമായ മാർഗ്ഗങ്ങൾ ഉപയോഗിച്ചുവേണമെന്നു് നിർബന്ധമുണ്ടായിരുന്നു. വിലയുടെതോതു ഡിമാൻഡു് (ആവശ്യം) ആകാൻ പാടില്ലെന്നായിരുന്നു നിശ്ചയം. തൊഴിലാളിക്കു നിർബന്ധിച്ചുവാങ്ങുവാൻ കഴിയുന്ന കൂലിമാത്രം മുതലാളി കൊടുത്താൽ പോരെന്നായിരുന്നു ചട്ടം. വേലയുടെ മണിക്കൂറുകൾ, ഉല്പന്നങ്ങളുടെ ഗുണദോഷങ്ങൾ, വില്പനയുടെ നീതി, ആദായത്തിന്റെ സ്വഭാവം ഇവയെല്ലാം നിശ്ചിതങ്ങളായ ചട്ടങ്ങൾക്കു് വിധേയങ്ങളാക്കപ്പെട്ടിരുന്നു, ആ ചട്ടങ്ങൾക്കാധാരമായ സന്മാർഗ്ഗതത്വങ്ങൾ അനുഷ്ഠിക്കേണ്ടതു് മുതലാളിയുടെ സ്വർഗ്ഗീയസൗഭാഗ്യലബ്ധിക്കു് അവശ്യാവശ്യകമാണെന്നു് ഗണിക്കപ്പെടുകയും ചെയ്തിരുന്നു.

"മദ്ധ്യശതകങ്ങളിൽ സകല ഇടപാടുകളിലും ഒരാശയം ഉൾപ്രവേശിച്ചിരുന്നു. മനുഷ്യനു് ഈ ജീവിതം കഴിഞ്ഞു് അവന്റെ പരമലക്ഷ്യം പ്രാപിക്കുവാനുണ്ടെന്നും, ഈ ലോകത്തിലെ സകല നടത്തകളും ആ ലക്ഷ്യത്തിനു് അനുസൃതമായിരിക്കണമെന്നുമായിരുന്നു പ്രസ്തുതാശയം. ധനം അതിനുവേണ്ടിമാത്രം സമ്പാദിക്കുന്നതു പ്രസ്തുതാശയത്തിനു് അനുസൃതമല്ലെന്നും ഗണിക്കപ്പെട്ടിരുന്നു. ധനം സാമൂഹ്യമായ ആവശ്യങ്ങൾക്കായുള്ള ഒരു ഫണ്ടായിട്ടാണു്, അല്ലാതെ ഓരോ വ്യക്തിയുടേയും സ്വന്തം മാത്രമായിട്ടല്ല വിചാരിക്കപ്പെട്ടിരുന്നതു്. ധനവാൻ അവന്റെ ധനത്തെ അതിനാലുണ്ടാകുന്ന സുഖത്തിനുവേണ്ടിമാത്രം വിനിയോഗിച്ചിരുന്നില്ല. അവൻ സമുദായത്തിന്റെ ക്ഷേമത്തെ ലക്ഷ്യംവയ്ക്കേണ്ട വിചാരിപ്പുകാരനായിരുന്നു. തന്മൂലം അവനു സമ്പാദിക്കാവുന്നതെത്രയാണെന്നും അതു സമ്പാദിക്കേണ്ടതെങ്ങനെയാണെന്നും ഉള്ളതിനു ചില പരിധികൾ നിശ്ചയിക്കയും ചെയ്യപ്പെട്ടിരുന്നു. മദ്ധ്യശതകങ്ങളിലെ സാമുദായികമായ സന്മാർഗ്ഗനടപടികൾ മുഴുവനും ഈ തത്വോപദേശങ്ങളിലാണു പടുക്കപ്പെട്ടിരുന്നതു്. അതു ക്രൈസ്തവസഭയുടെ (അന്നത്തെ ക്രൈസ്തവസഭ കത്തോലിക്കാ സഭമാത്രം) ചട്ടങ്ങളാലും സിവിൽ നിയമത്താലും പ്രയോഗത്തിൽ വരുത്തപ്പെടുകയും ചെയ്തിരുന്നു.

"ആയിരത്തിഅഞ്ഞൂറാമാണ്ടിനുശേഷം ഈ ചട്ടങ്ങളും അവയിൽനിന്നുളവായ സ്ഥാപനങ്ങളും സമ്പ്രദായങ്ങളും ആശയങ്ങളും മേലിൽ അപര്യാപ്തങ്ങളെന്നു വിചാരിക്കപ്പെട്ടു. അവയെല്ലാം വ്യക്തിസ്വാതന്ത്ര്യത്തിനു തടസ്സങ്ങളാണെന്നും തോന്നി. അവയിൽനിന്നൊഴിഞ്ഞുമാറുകയും അവയെ വിമർശിക്കുകയും പരിത്യജിക്കുകയുംചെയ്തു. കാരണം, ഉല്പാദനമാർഗ്ഗങ്ങളിൽനിന്നു കഴിയുന്നതു ആദായമെടുക്കുവാൻ അവ പ്രതിബന്ധങ്ങളാണെന്നു വിചാരിക്കപ്പെട്ടു. മുൻകാലങ്ങളിൽ ക്രമേണ ക്രമേണ മനുഷ്യർ കണ്ടുപിടിച്ച പുതിയ ധനാഗമമാർഗ്ഗങ്ങളുടെ വിനിയോഗത്തെ നീതീകരിക്കുവാൻ ഉതകുന്ന പുതിയ സിദ്ധാന്തങ്ങൾ ആവശ്യകമായി വന്നു. പുതിയ നടപടികളെ തത്വപരമായി നീതീകരിക്കുവാൻ കണ്ടുപിടിക്കപ്പെട്ട സിദ്ധാന്തമാണു് ലിബറലിസം."

ഇങ്ങനെ മതത്തെ അടിസ്ഥാനപ്പെടുത്തിയുള്ള സന്മാർഗ്ഗതത്വങ്ങൾക്കു സാമുദായിക സാമ്പത്തിക രംഗങ്ങളിൽ മുതലാളിമാർ സ്ഥാനം കൊടുക്കാതെ പോന്നതിന്റെ ഫലമായിട്ടാണു് ദുഷിച്ച മുതലാളിത്തം ആവിർഭവിച്ചതും വ്യാപിച്ചതും. അതുകൊണ്ടുതന്നെയാണു് മുതലാളിമാർ സാമാന്യേന തൊഴിലാളികളോടുള്ള തങ്ങളുടെ കർത്തവ്യങ്ങൾ വിസ്മരിക്കുവാൻ തുടങ്ങിയതു്. ആകയാൽ പരിശുദ്ധപിതാവു അരുളിച്ചെയ്യുന്നതുപോലെ യഥാർത്ഥമായ മതബോധം മുതലാളിമാരിൽ ശക്തി പ്രാപിക്കുകയും അതിന്റെ പ്രേരണകൾക്കു് അവരുടെ സകല ഇടപാടുകളും വിധേയമാക്കപ്പെടുകയും ചെയ്തെങ്കിൽമാത്രമേ ഇന്നത്തെ ദുഃസ്ഥിതിക്കു് ശരിയായ നിവാരണമുണ്ടാകയുള്ളൂ.

## തൊഴിലാളികൾ വഴിതെററിക്കപ്പെട്ടു

ദുഷിച്ച മുതലാളിത്തത്തിനു് പ്രത്യാഘാതമായി മാർക്സ്യൻ സോഷ്യലിസവും കമ്മ്യൂണിസവും രംഗപ്രവേശം ചെയ്തു. മുതലാളിയും തൊഴിലാളിയും ജന്മശത്രുക്കളാണെന്ന അബദ്ധമായ ധാരണ സോഷ്യലിസ്റ്റുകാരും കമ്മ്യൂണിസ്റ്റുകാരും തൊഴിലാളികളിൽ വളർത്തി. മുതലാളികളെ നശിപ്പിച്ചെങ്കിൽ മാത്രമേ തങ്ങൾക്കു രക്ഷയും ക്ഷേമവും കൈവരികയുള്ളുവെന്നു തൊഴിലാളികളെ അവർ ബോദ്ധ്യപ്പെടുത്താൻ തുടങ്ങി. അതിന്റെ ഫലമായി തൊഴിലാളികൾ അവരുടെ ന്യായമായ കർത്തവ്യങ്ങൾ പരിത്യജിക്കുവാൻ തയ്യാറായി. കൃഷി വ്യവസായങ്ങളെല്ലാം വ്യക്തികളായ മുതലാളികളിൽനിന്നു് ബലമായിപിടിച്ചെടുത്തു രാഷ്ട്രത്തിന്റെ പിടിയിലാക്കുകയും അവയെല്ലാം രാഷ്ട്രം തന്നെ നടത്തുകയും ചെയ്യുന്നതാണു് തങ്ങൾക്കുള്ള ഏകരക്ഷാമാർഗ്ഗമെന്നു തൊഴിലാളികൾ വിശ്വസിച്ചുപോരുന്നു. ആ വിശ്വാസത്തിന്റെ പ്രേരണയിൽ മുതലാളികൾക്കു നാശം വരുത്തുവാൻ വേണ്ടി, തൊഴിലാളികൾ മുതലാളികളുമായി

ച്ചെയ്യുന്ന ന്യായമായ ഉടമ്പടികൾ പോലും ലംഘിക്കുന്നതിനും. അമിതമായ അവകാശവാദങ്ങൾ നടത്തുന്നതിനും,അവ സാധിച്ചുകിട്ടുവാൻ ജോലിയിൽ ഉപേക്ഷകാണിക്കുകയും ഉല്പാദനം കുറയ്ക്കുകയും പണിമുടക്കുകൾ നടത്തുകയും ചെയ്യുന്നതിനും സന്നദ്ധരാകുന്നു. ഈ ദുരവസ്ഥകൾക്കു നിവാരണമുണ്ടായെങ്കിലേ തൊഴിലാളികൾ അവരുടെ ന്യായമായ കർത്തവ്യങ്ങൾ നിർവ്വഹിക്കുവാൻ ഇടവരുകയുള്ളു. ഒന്നാമതായി സോഷ്യലിസ്റ്റുകാരുടെയും കമ്മ്യൂണിസ്റ്റുകാരുടെയും വഴിപിഴച്ച നേതൃത്വത്തിൽനിന്നു് അവർ വിമുക്തരാകണം. രണ്ടാമതായി മതവും അതിനെ ആധാരമാക്കിയുള്ള സന്മാർഗ്ഗവും ഉൽബോധിപ്പിക്കുന്ന തത്വങ്ങളിൽ അവൎക്കു പാഠനവും പരിശീലനവും നൽകണം. ഇതൊക്കെയാണു് മാർപ്പാപ്പാമാർ അവരുടെ വിശ്വലേഖനംവഴി നൽകുന്ന നിർദ്ദേശങ്ങളും ഉൽബോധനങ്ങളും.

## പ്രസാധക.

## കുറിപ്പുകൾ

### പുതിയ റഷ്യൻ അധികാരികൾ യഥാർത്ഥത്തിൽ സമാധാനകാംക്ഷികളോ?

സ്റ്റാലിൻെറ മരണത്തിനുശേഷം അദ്ദേഹത്തിൻെറ സ്ഥാനത്തു മൂന്നു പേരുടെ സംയുക്ത ഭരണമാണല്ലോ ആരംഭിച്ചതു്. മലങ്കോവു്, മൊളോട്ടോവു്, ബേറിയാ എന്നിവരാണു് ആ മൂന്നു പേർ. സ്റ്റാലിൻെറ സ്ഥാനത്തു പ്രധാനമന്ത്രിപദം സ്വീകരിച്ചതു മലങ്കോവു് ആണു്. സ്റ്റാലിൻ അതേ സമയം തന്നെ റഷ്യൻ കമ്മ്യൂണിസ്റ്റു് പാർട്ടിയുടെ സെക്രട്ടറിയുമായിരുന്നു. ആ ഉദ്യോഗം മലങ്കോവു് ഏറെറടുത്തില്ല. ആ ന്യൂനത അദ്ദേഹത്തിൻെറ പ്രധാനമന്ത്രിസ്ഥാനത്തിനുള്ള ഒരു ദൌർബല്യമായി ഗണിക്കപ്പെടുന്നുണ്ടു്. അതിനും പുറമേ മററു രണ്ടുപേരേയുംകൂടി തൃപ്തിപ്പെടുത്തിയിട്ടുവേണം അദ്ദേഹത്തിനു ഭരണം നടത്താൻ. ഇക്കാരണങ്ങളാൽ സോവ്യററു റഷ്യയിലെ ഇപ്പോഴത്തെ ഭരണം സ്റ്റാലിൻേറതുപോലെ സുശക്തമല്ലെന്നു വിചാരിക്കപ്പെടുന്നു. സ്റ്റാലിൻേറതിൽനിന്നു വ്യത്യസ്തമായ ഒരു നയമാണു പുതിയ ഭരണകർത്താക്കൾ പിൻതുടരുന്നതെന്നു കാണിക്കുന്ന പല ലക്ഷ്യങ്ങളുമുണ്ടു്. അവയിൽ പ്രധാനമായ ഒന്നു്, സ്റ്റാലിൻെറ ഉററമിത്രവും ഭരണാധികാരികളിൽ ഒരാളുമായിരുന്ന സദനോവിൻെറ മരണത്തിനു ചികിത്സയിലുള്ള അമാന്തം നിമിത്തം കാരണക്കാരായെന്നു കുററം ചുമത്തപ്പെടുകയും ശിക്ഷയ്ക്കു വിധിക്കപ്പെടുകയും ചെയ്ത യഹൂദഡോക്ടർമാരുടെ വിമോചനമാകുന്നു. അവരെ അറസ്ററു ചെയ്തതും കുററമാരോപിച്ചു ശിക്ഷിച്ചതും പിശകായിപ്പോയെന്നു ഇപ്പോൾ പരസ്യമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുകയാണു്. മാത്രമല്ല ആ പിശകു വരുത്തിയതിനു രാജ്യരക്ഷാമന്ത്രിയായിരുന്ന ആളെ സ്ഥാനഭ്രഷ്ടനാക്കുകയും കുററക്കാരനായി ഗണിക്കുകയും ചെയ്യുകയുണ്ടായി. യഹൂദഡോക്ടർമാരോടുചെയ്തകൈയേററം റഷ്യയിലും പുറത്തും വളരെ അതൃപ്തിക്കു കാരണമായിരുന്നു. അവരുടെ ഇപ്പോഴത്തെ വിമോചനവും അവർ കുററക്കാരല്ലെന്നുള്ള പ്രഖ്യാപനവും റഷ്യയിലും പുറമേയുമുള്ള അഭിപ്രായങ്ങളോടു കാണിക്കുന്ന വിട്ടുവീഴ്ചയല്ലയോ എന്നും, ആ വിട്ടുവീഴ്ച ഇപ്പോഴത്തെ റഷ്യൻ അധികാരികളുടെ ഹൃദയമാററത്തിൻെറ ലക്ഷ്യമല്ലയോ എന്നുമാണു പലരുടേയും വിചാരം.

കമ്മ്യൂണിസ്റ്റു് ഭരണത്തിലിരിക്കുന്ന കിഴക്കേ ജർമ്മനിയുടെ മീതെ പാശ്ചാത്യരാഷ്ട്രങ്ങളുടെ വിമാനങ്ങൾ പറന്നതു സംബന്ധിച്ചു സ്റ്റാലിൻെറ മരണത്തിനു അടുത്തു മുൻപുള്ള കാലഘട്ടത്തിൽ കിഴക്കേ ജർമ്മനിയിലെ അധികാരികൾ പാശ്ചാത്യ രാഷ്ട്രങ്ങളോടു ചില കൈയേററങ്ങൾ ചെയ്തിരുന്നു. ആ കാര്യത്തിലും സ്റ്റാലിൻെറ മരണശേഷം റഷ്യയിലെ പുതിയ ഭരണാധികാരികൾ ചില വിട്ടുവീഴ്ചകൾ ചെയ്തതായി കാണുന്നു. കിഴക്കേ ജർമ്മനിയിലെ റഷ്യൻ കമാൻഡറിൻെറ നിർദ്ദേശമനുസരിച്ചു ആ രാജ്യത്തിൻെറ മീതെ വിമാനങ്ങൾ പറക്കുന്നതു സംബന്ധിച്ചു പാശ്ചാത്യരാഷ്ട്രങ്ങളുമായി ഒരു കോൺഫറൻസു നടത്താൻ തീരുമാനിക്കപ്പെട്ടു. ഇതെല്ലാം പാശ്ചാത്യരാഷ്ട്രങ്ങളുമായുള്ള പിടിവാദങ്ങൾക്കു അയവു വരുത്താനുള്ള സോവ്യററു റഷ്യയുടെ സന്നദ്ധതയെയാണോ തെളിയിക്കുന്നതു്? അതോ, പാശ്ചാത്യശക്തികളിൽ അയഥാർത്ഥമായ ഒരു സുരക്ഷിതത്വബോധം ഉളവാക്കുവാനും അതിൽനിന്നു മുതലെടുക്കുവാനുമുള്ള റഷ്യയുടെ ഒരു തന്ത്രമാണോ? ഇതിലേതാണു ശരിയെന്നു കൊറിയായിലെ യുദ്ധവിരാമസന്ധി സംബന്ധിച്ചുള്ള ആലോചനകളുടെ ഗതിയിൽനിന്നു മനസ്സിലാക്കാൻ കഴിഞ്ഞേക്കാം.

### കൊറിയൻ യുദ്ധത്തടവുകാരുടെ കൈമാററക്കാര്യം

കൊറിയൻ യുദ്ധവിരാമം സംബന്ധിച്ചു വളരെ നാളായല്ലോ യു. എൻ. സൈനികാധികാരികളും കമ്മ്യൂണിസ്റ്റു് സൈനികാധികാരികളും തമ്മിൽ ആലോചനകൾ തുടങ്ങിയിട്ടു്. യുദ്ധത്തടവുകാരെ ഇരുകക്ഷികളും പരസ്പരം കൈമാററം ചെയ്യുന്നതിനെക്കുറിച്ചു സാരമായ അഭിപ്രായവ്യത്യാസമുണ്ടായതിനാൽ ആലോചനകൾ സ്തംഭനാവസ്ഥയിൽ എത്തിച്ചേർന്നു. ആ പ്രശ്നത്തിനു ഒരു പരിഹാരമുണ്ടാക്കുവാൻ യു. എൻ. ഓ. യിലെ ഇൻഡ്യൻ പ്രതിനിധി ഒരു നിർദ്ദേശം സമർപ്പിച്ചിരുന്നു. യു. എൻ. ഓ. യിൽ വലിയ ഭൂരിപക്ഷത്തോടുകൂടി അതു പാസ്സാകയും ചെയ്തു. എന്നാൽ സോവ്യററു റഷ്യ ആ നിർദ്ദേശം സ്വീകരിക്കാൻ തയാറായില്ല. അവരുടെ നിർബന്ധത്താൽ കമ്മ്യൂണിസ്റ്റു് ചൈനയും അതു സ്വീകരിക്കാൻ വിസമ്മതിച്ചു. അങ്ങനെ സ്തംഭനാവസ്ഥ തുടരുകയാണുണ്ടായതു്. എന്നാൽ സ്റ്റാലിൻെറ മരണശേഷം ആ പ്രശ്നവും പരിഹരിക്കപ്പെടുവാൻ തുടങ്ങിയിരിക്കുകയാണു്. ഏതാനും ദിവസങ്ങളിലെ ആലോചനയുടെ ഫലമായി ഐക്യരാഷ്ട്രങ്ങൾക്കുവേണ്ടി റിയർ അഡ്മിറൽ ജോൺ ഡാനിയേലും കമ്മ്യൂണിസ്റ്റുകാർക്കുവേണ്ടി മേജർ ജനറൽ ലീസങ്ങ്ചോയും ഒരുടമ്പടിയിൽ ഏപ്രിൽ 11-ാംനു ഒപ്പുവച്ചു. 450 ദക്ഷിണകൊറിയാക്കാരേയും 120 അമേരിക്കക്കാരേയും 20 ബ്രിട്ടീഷുകാരേയും കനേഡിയൻസും ടർക്സും ഡച്ചുകാരുമുൾപ്പെടെ 15 പേരെയും സ്വരാജ്യത്തിലേക്കു തിരിച്ചയക്കാനും, ഐക്യരാഷ്ട്രങ്ങൾ 5100 വടക്കേ കൊറിയാക്കാരേയും 700 ചൈനാക്കാരേയും മടക്കി അയക്കാനും ആണു ഉടമ്പടിയിൽ സമ്മതിച്ചിരിക്കുന്നതു്. രോഗികളും മുറിവേററവരുമായ തടവുകാരെ പരസ്പരം കൈമാററം ചെയ്യുന്നതു സംബന്ധിച്ചുള്ള ഉടമ്പടിക്കു് ഇങ്ങനെ ഒപ്പുവച്ചെങ്കിലും കൊറിയൻ യുദ്ധം അവസാനിച്ചിട്ടില്ല. ഒപ്പുവയ്ക്കൽ നടന്നുകൊണ്ടിരുന്ന അവസരത്തിലും സമരരംഗത്തുനിന്നും വെടിമുഴക്കം വ്യക്തമായി കേൾക്കാമായിരുന്നത്രെ!. സമരം അവസാനിപ്പിക്കുന്നതിനുള്ള ആലോചനകൾ ഇനിയും തുടരേണ്ടിയിരിക്കുന്നു. അതു തുടരുമെന്നും സമാധാനം സംസ്ഥാപിക്കപ്പെടുമെന്നും നമുക്കു പ്രത്യാശിക്കാം.

### റഷ്യൻ സമാധാനസംരംഭത്തിൽ സോഷ്യലിസ്റ്റുകൾക്കു വിശ്വാസമില്ല.

സോവ്യററു റഷ്യയുടെ പുതിയ സമാധാന സംരംഭത്തെയും റഷ്യയിലെ പുതിയ സംഭവവികാസങ്ങളെയുംപററി ചർച്ച ചെയ്യുവാൻ സോഷ്യലിസ്റ്റു് ഇൻറർനാഷണലിൻെറ ഡെലഗെററുകൾ ഇരുപതു രാജ്യങ്ങളിൽ നിന്നു ഏപ്രിൽ 11-ാംനു പാരീസിൽ സമ്മേളിച്ചു. ചർച്ചകളുടെ ആരംഭത്തിൽത്തന്നെ പല ഡെലഗെററുകളും അഭിപ്രായപ്പെട്ടതു്, റഷ്യയുടെ സമാധാന സംരംഭങ്ങളെ സൂക്ഷിച്ചുവേണം വിശ്വസിക്കുവാനെന്നാണു്. ബ്രിട്ടണിലെ ഇടതുപക്ഷ തൊഴിലാളിനേതാവായ മി. അനൈവുറിൻ ബെവാൻ പ്രസ്താവിച്ചു, റഷ്യയുടെ പുതിയ സമാധാനസംരഭങ്ങൾ സ്വന്തം താല്പര്യത്താൽ പ്രേരിതങ്ങളാണെന്നു്. ചൈനയെ യുദ്ധത്തിനു തയാറാകത്തക്കവിധം വ്യവസായീകരിക്കുക അസാദ്ധ്യമാണെന്നുള്ള ബോധം കമ്മ്യൂണിസ്റ്റുകൾക്കു നല്ലവണ്ണമുണ്ടെന്നു അദ്ദേഹം പറഞ്ഞു. വെയിൽസിൽനിന്നുള്ള ഡെലഗെററിൻെറ അഭിപ്രായത്തിൽ സോവ്യററു യൂണിയനു ഇപ്പോഴത്തെ ആഗോളസമരഭീതിക്കു ശമനം വരുത്തുവാൻ യഥാർത്ഥത്തിൽ ആഗ്രഹമുണ്ടെങ്കിൽ ജർമ്മൻകാർക്കു സ്വാതന്ത്ര്യമായ വോട്ടുവഴിയായി തങ്ങളുടെ ഭാവി നിർണ്ണയിക്കുന്നതിനു അവർ അനുവദിക്കണം. എന്നാൽ സോവ്യററു നയത്തിൽ ഇതുവരെ മൌലികമായ യാതൊരു മാററവും അദ്ദേഹം കാണുന്നില്ല. പുതിയ മൈത്രിയുടെ ലക്ഷണങ്ങൾ ഒരു യുദ്ധതന്ത്രമായി പരിണമിച്ചേക്കാമെന്നു അദ്ദേഹത്തിനു ഭയമില്ലാതില്ല. ബെൽജിയൻ സോഷ്യലിസ്റ്റു് പ്രതിദിന പത്രത്തിൻെറ അധിപരായ മി. വിക്ടർ ലറോക്കു്, സോവ്യററുകാരുടെ പുതിയ നയങ്ങൾ ശ്രദ്ധാപൂർവ്വം പരിഗണിക്കേണ്ടതാണെങ്കിലും അവയാൽ ആരും വഞ്ചിതരാകരുതെന്നു് ഉൽബോധിപ്പിച്ചു. റഷ്യയുടെ പുതിയ സമാധാനസംരംഭങ്ങൾസാരഭൂതങ്ങളാകയാൽ പാശ്ചാത്യരാജ്യങ്ങളുടെ പ്രതിരോധനശ്രമങ്ങൾക്കു് അയവുവരുത്താവുന്നതാണെന്നുള്ള ഒരു ഫ്റഞ്ച് സോഷ്യലിസ്റ്റുനേതാവിൻെറ അഭിപ്രായത്തെ ലറോക്കും ബെവാനും എതിർക്കുകയാണുണ്ടായതു്.

സോവ്യററുയൂണിയൻെറ ഇതുവരെയുള്ള നടപടികൾ ആലോചിക്കുന്ന പക്ഷം, അവർ യഥാർത്ഥത്തിൽ സമാധാനം കാംക്ഷിക്കുന്നില്ലെന്നും തക്കംനോക്കി ആക്രമണം നടത്താൻ മടിക്കയില്ലെന്നും സ്പഷ്ടമാണു്. അമേരിക്കയുടെ നേതൃത്വത്തിൽ പശ്ചിമയൂറോപ്പിലെ രാഷ്ട്രങ്ങൾ വളരെ കഷ്ടപ്പെട്ടാണെങ്കിലും സോവ്യററു യൂണിയൻെറ ഏതാക്രമണത്തെയും തടുക്കുവാൻവേണ്ടി അവരുടെ സൈന്യബലം വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണു്. ദേശീയവരുമാനത്തിൻെറ ഒരു വലിയ ഭാഗം പുനരായുധീകരണത്തിനായി ചെലവാക്കപ്പെടുന്നു. ജീവിതത്തോതു സാമാന്യം തൃപ്തികരമായ വിധത്തിൽ നിലനിർത്തിക്കൊണ്ടുപോകുവാൻ ആ രാജ്യത്തിലെ ജനങ്ങൾക്കു വളരെ വൈഷമ്യങ്ങൾ നേരിടുന്നുണ്ടു്. അടിമത്തത്തെക്കാൾ സ്വാതന്ത്ര്യമാണു് കാമ്യമെന്നുള്ള ബോധം നിമിത്തം റഷ്യയുടെ ആക്രമണത്തിനു വിധേയമാകുന്നതിൽ ഭേദം എത്ര കഷ്ടപ്പെട്ടതന്നെയും എതിർത്തു നിൽക്കുന്നതാണെന്നു് അവർ വിശ്വസിക്കുന്നു. എന്നാൽ റഷ്യ ആക്രമണത്തിനു് ഒരുങ്ങുന്നില്ലെന്നും സമാധാനത്തിൽ കഴിഞ്ഞുകൂടാൻ തയാറാണെന്നും വന്നാൽ പിന്നെ പുനരായുധീകരണത്തിനായി കഷ്ടപ്പെടേണ്ട ആവശ്യമില്ലെന്നു് ആ രാജ്യങ്ങളിലെ ജനങ്ങൾക്കു തോന്നുകയും, ദേശീയവരുമാനം തങ്ങളുടെ ജീവിതത്തോതു പാലിച്ചുകൊണ്ടുപോകുവാൻ വിനിയോഗിക്കണമെന്നു് അവരുടെ ഗവർമ്മെൻറുകളെ നിർബന്ധിക്കുകയും ചെയ്യും. അതിൻെറ ഫലമായി ആ രാജ്യങ്ങളിലെ പുനരായുധീകരണശ്രമം പരിത്യജിക്കപ്പെടും. ആ തക്കംനോക്കി റഷ്യ ആ രാജ്യങ്ങൾ ആക്രമിച്ചു കീഴടക്കിയെന്നു വരാം. ഇങ്ങനെയൊരാപത്തു ഭയന്നിട്ടാണു റഷ്യയുടെ പുതിയ സമാധാന സംരംഭത്തിൽ മേൽപ്രസ്താവിച്ചവിധം അവിശ്വാസം പ്രകടിപ്പിക്കപ്പെട്ടിരിക്കുന്നതു്.

ഫ്റാൻസിലെ രാജ്യസംരക്ഷണമന്ത്രി മി. പ്ലെവൻ അമേരിക്കയിലെ സെനററു് ഫോറിൻ റിലേഷൻസ് കമ്മിററിക്കു വാഷിംഗ്ടണിൽവച്ചു ഏപ്രിൽ 13-ാംനു റിപ്പോർട്ടു നൽകിയതിനെത്തുടർന്നു പ്രകാശിപ്പിച്ചതായി പറയപ്പെടുന്ന അഭിപ്രായം ശ്രദ്ധാർഹമാണു്. ഫ്റാൻസിൽ കമ്മ്യൂണിസ്റ്റു് പ്രാബല്യം പ്രത്യക്ഷത്തിൽ കുറഞ്ഞുവരികയാണെങ്കിലും,റഷ്യൻ സമാധാന സംരംഭങ്ങൾ മൂലം യൂറോപ്യൻ പ്രതിരോധശ്രമങ്ങൾക്കു ഫ്റാൻസു് അംഗീകാരം നൽകാൻ താമസം വന്നേക്കുമെന്നു് അദ്ദേഹം പ്രസ്താവിച്ചു. അദ്ദേഹത്തിൻെറ സ്വന്ത അഭിപ്രായമനുസരിച്ചു്, റഷ്യാക്കാർ അവരുടെ ലക്ഷ്യങ്ങൾക്കല്ല പിന്നെയോ തന്ത്രങ്ങൾക്കു മാത്രമാണു മാററം വരുത്തിയിട്ടുള്ളതു്. സോവ്യററുകാരുടെ പ്രധാനലക്ഷ്യം പാശ്ചാത്യ രാജ്യങ്ങളുടെ പ്രതിരോധനശ്രമങ്ങളെ ദുർബലങ്ങളാക്കുകയാണെന്നു് അദ്ദേഹം പറഞ്ഞു.

### നെഹ്റുവിൻെറ അഭിപ്രായം ലോകാന്തരീക്ഷം അല്പം നന്നായിട്ടുണ്ടെന്നാണു്

നമ്മുടെ പ്രധാനമന്ത്രി നെഹ്റു ഡെൽഹി സ്റ്റേററുകോൺഗ്രസ്സു് കമ്മിററിയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 13-ാംനു കൂടിയ ഒരു പബ്ളിക്കു് മീററിംഗിൽച്ചെയ്ത പ്രസംഗത്തിൽ, റഷ്യയുടെയും ചൈനയുടേയും പുതിയ സമാധാനസംരംഭങ്ങളെപ്പററി സംതൃപ്തി പ്രകടിപ്പിച്ചു. പ്രസംഗത്തിൻെറ ഒരു പ്രധാനഭാഗം ആ വിഷയത്തെപ്പററിയാണു് അദ്ദേഹം പരാമർശിച്ചതു്. "ലോകരംഗത്തു് റഷ്യയും ചൈനയും വരുത്തിക്കൂട്ടിയിരിക്കുന്ന പുതിയ മാററങ്ങളിൽ അനേകമാളുകൾ സന്തുഷ്ടരായിരിക്കുകയും, മററനേകംപേർ അസ്വസ്ഥരായിരിക്കുകയും ചെയ്യുന്നു. അസ്വസ്ഥതയുടെ കാരണം റഷ്യയുടെയും ചൈനയുടെയും ഈ സമാധാനസംരംഭങ്ങളുടെ പിന്നിലെന്താണെന്നു് മനസ്സിലാകാത്തതാണു്. ഈ നിർദ്ദേശങ്ങളുടെ പിന്നിലോ മുന്നിലോ എന്താണുള്ളതെന്നതു് ഒരു വ്യത്യസ്തപ്രശ്നമാകുന്നു. ഈ നിർദ്ദേശങ്ങൾ സുബദ്ധങ്ങളും സുബദ്ധമായ വഴി ചൂണ്ടിക്കാണിക്കുന്നവയുമാണെങ്കിൽ നമുക്കവ ഹിതകരങ്ങളായിരിക്കും. സമാധാനത്തിലേക്കു നമ്മെ അടുപ്പിക്കുന്നതും യുദ്ധത്തിൽനിന്നു നമ്മെ അകററുന്നതുമായ ഏതും നല്ലതാകുന്നു. ഇന്നു് ലോകചക്രവാളത്തിൽ അനേകായിരം വിപത്തുകൾ തടിച്ചുകൂടുന്നുണ്ടു്. ഈ അസ്വസ്ഥതയുടെ പിടിയിൽനിന്നു മനുഷ്യമനസ്സുകളെ അല്പമെങ്കിലും വിടുർത്തുവാൻ ലഭിക്കുന്ന ഏതു സന്ദർഭവും സ്വാഗതാർഹമായിരിക്കണം. യുദ്ധത്തിലേക്കു് തെന്നിക്കൊണ്ടിരിക്കുന്ന ലോകത്തെ അതിൽനിന്നു് അല്പം പിടിച്ചു നിർത്താൻ ഇതൊരവസരം നൽകുന്നു. അതുകൊണ്ടാണു് ഇൻഡ്യാക്കാരായ നമുക്കു ലോകസംഭവങ്ങളുടെ ഈ പുതിയഗതിയിൽ സന്തുഷ്ടിയുള്ളതു്. വിശദാംശങ്ങളിലേക്കു പ്രവേശിക്കേണ്ട ആവശ്യമില്ല. ഈ സമാധാനസംരംഭങ്ങൾ നിമിത്തം ലോകാന്തരീക്ഷം അല്പം മെച്ചമായിട്ടുണ്ടെന്നുള്ളതിനു് യാതൊരു സംശയവുമില്ല."

ഇന്നു ലോകത്തിലുള്ള ഏററവും വലിയ ശക്തികൾ അമേരിക്കയും റഷ്യയുമാണെന്നും, അവയുടെ മുൻപിൽ മററു സകല രാജ്യങ്ങളും രണ്ടാംതരമോ മൂന്നാംതരമോ ആയിരിക്കുകയാണെന്നും, ആ രണ്ടു മഹച്ഛക്തികൾക്കാണു ലോകത്തിൽ സമാധാനം സംസ്ഥാപിക്കുവാൻ പ്രധാനമായി ചുമതലയുള്ളതെന്നും, തന്മൂലം അവയിലൊന്നായ റഷ്യ ഈയിടെ ചെയ്തതും പറഞ്ഞതുമെല്ലാം പ്രാധാന്യത്തെ അർഹിക്കുന്നവയാണെന്നും നെഹ്റു പ്രസ്താവിച്ചു.

## അടുത്തയാഴ്ചയിൽ

ഏപ്രിൽ

26 ഞാ: ഉയിർപ്പു് 3-ാം ഞായർ

27 തി: ദൈവത്തിൻെറ യോഹന്നാൻ

28 ചൊ: കുരിശിൻെറ പൗലോസു്

29 ബു: പത്രോസു്

30 വ്യാ: സീയെന്നായിലെ കത്രീനാ

മേയ്

1 വെ: പീലിപ്പോസും യാക്കോബും

2 ശ: അത്തനാസീസു്

## വിനോദവീഥി

മാനേജർ: "നീതന്നെയല്ലേ കഴിഞ്ഞയാഴ്ച ഇവിടെ വന്നിരുന്നതു്. കുറച്ചുകൂടി പ്രായമുള്ള ഒരാളെ വേണമെന്നല്ലേ അന്നു ഞാൻ പറഞ്ഞതു്?"

ബാലൻ: "അതേ! അതുകൊണ്ടാണു ഞാൻ ഒരാഴ്ചകൂടി കഴിഞ്ഞു വരാമെന്നു വച്ചതു്."

* * *

പുനർവിവാഹം ചെയ്ത സ്ത്രീ: "നിങ്ങളായതിൽപ്പിന്നെ അല്ലേ ഇങ്ങനെ! എൻെറ മുമ്പിലത്തെ ഭർത്താവു് എന്തു വെളമ്പിക്കൊടുത്താലും ഒന്നും ചോദിക്കയും പറകയും ചെയ്യാതെ അങ്ങനെതന്നെ കഴിക്കുമായിരുന്നു."

ഭർത്താവു്: "എന്നിട്ടു് അയാളിപ്പോൾ എവിടെയാ?"

* * *



"ഞാൻ കല്യാണം കഴിച്ചിരിക്കുന്നതു് ഒരു വല്യ കുടുംബത്തിൽ നിന്നാണു്; ചേട്ടനോ?"

"എൻെറഭാര്യ ഒരു വല്യ കുടുംബം കൂട്ടത്തിൽ തന്നെ കൊണ്ടുപോന്നു, അത്രേയുള്ളു".

# ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇന്ത്യാ (ക്ലിപ്തം)

ക്ലിപ്തബാദ്ധ്യതയോടുകൂടി 1938-ൽ തിരുവിതാംകൂർ കൊച്ചിയിൽ രജിസ്റ്റർചെയ്യപ്പെട്ടത്.

## ഹെഡ് ഓഫീസ്: ചങ്ങനാശ്ശേരി

ശാഖകൾ: ആലപ്പുഴ, അതിരമ്പുഴ, ചങ്ങനാശേരി, കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല, തിരുവനന്തപുരം.

| | | |
|---|---|---|
| അധികൃതമൂലധനം. | രൂ. | 10,00,000—0—0 |
| വാഗ്ദത്തമൂലധനം. | ” | 6,00,000—0—0 |
| പിരിഞ്ഞുകിട്ടിയ മൂലധനം. | ” | 5,95,750—0—0 |

## ഡയറക്ടേഴ്സ്

1. ശ്രീ പോൾ വറുഗീസ് ബി. എ., ബി. എൽ., ചങ്ങനാശേരി (ചെയർമാൻ)
2. ” കുഞ്ചെറിയാ കെ. പുരക്കൽ, പുളിങ്കുന്ന്
3. ” തോമസ് ററി. കുരിയാളശ്ശേരിൽ, ചമ്പക്കുളം
4. ” ഡോമിനിക്ക് ജോസഫ് കുരുവിനാക്കുന്നേൽ, ഇടമററം, ഭരണങ്ങാനം
5. ” മൈക്കൾ എ. കള്ളിവയലിൽ ബി. എ. കോണ്ടുപറമ്പിൽ, വിളക്കുമാടം
6. ” തോമസ് ററി. മാറാട്ടുകളം എം. എ., ചങ്ങനാശേരി
7. ” മൈക്കൾ ജെ. കള്ളിവയലിൽ ബി. എസ്സ് സി, കാളകെട്ടി (സെക്രട്ടറി)
8. ” കുഞ്ചെറിയാ ററി. മാറാട്ടുകളം എം. എ. ചങ്ങനാശേരി (മാനേജിംഗ് ഡയറക്ടർ)


## തിരുക്കൊച്ചിവാർത്തകൾ

### സെമിനാർ ഉൽഘാടനം

വയോജനവിദ്യാഭ്യാസത്തിനായുള്ള സൗത്തിൻഡ്യൻ റീജ്യണൽ സെമിനാർ ഏപ്രിൽ 20-ാം തീയതി എറണാകുളം സെൻറ് ആൽബർട്ട്സ് കോളെജിൽവച്ച് തിരുക്കൊച്ചി രാജപ്രമുഖൻ തിരുമനസ്സുകൊണ്ട് ഉൽഘാടനം ചെയ്തിരിക്കുന്നു.

### പത്രോപദേശകസമിതി

പുതിയ പത്രോപദേശകസമിതിയുടെ പ്രഥമയോഗം മന്ത്രി ശ്രീ ടി. എം. വറുഗീസിൻെറ അദ്ധ്യക്ഷതയിൽ ഏപ്രിൽ 15-ാംനു കൂടി, അശ്ലീലങ്ങളായ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചതിനു ചില മാസികകളുടെ പേരിൽ 1951-ലെ പത്രനിയമമനുസരിച്ച് നടപടിയെടുക്കുവാൻ തീരുമാനിച്ചിരിക്കുന്നു. പുതിയ സമിതിയുടെ കാലാവധി രണ്ടുവർഷമായിരിക്കുമെന്നറിയുന്നു.

### ആലപ്പുഴ വനിതാകോളെജ്

അടുത്ത കോളെജ് വർഷത്തിൽ ആരംഭിക്കുവാൻപോകുന്ന ആലപ്പുഴ സെൻറ് ജോസഫ്സ് വനിതാകോളെജിൻെറ ശിലാസ്ഥാപനകർമ്മം ഏപ്രിൽ 18-ാംനു രാജപ്രമുഖൻ തിരുമനസ്സുകൊണ്ട് നിർവ്വഹിച്ചിരിക്കുന്നു.

### പാലാ പാലം

മീനച്ചിൽ താലൂക്കിനെ ഏകീകരിക്കുന്ന പാലാപാലത്തിൻെറ ഉൽഘാടനകർമ്മം രാജപ്രമുഖൻ തിരുമനസ്സുകൊണ്ട് ഏപ്രിൽ 19-ാംനു നിർവ്വഹിച്ചു.

## ഇൻഡ്യാ വാർത്തകൾ

### പാക്കിസ്ഥാൻ പ്രധാനമന്ത്രി

ക്വാജാ നാസിമുദ്ദിനെ പ്രധാനമന്ത്രിപദത്തിൽനിന്നു വിരമിപ്പിച്ചിരിക്കുന്നതായി പാക്കിസ്ഥാൻ ഗവർണ്ണർ ജനറൽ ഏപ്രിൽ 17-ാംനു പ്രഖ്യാപിച്ചിരിക്കുന്നു. "രാജ്യത്തെ അഭിമുഖീകരിക്കുന്ന വിഷമപ്രശ്നങ്ങളെ നേരിടുവാൻ നാസിമുദ്ദിൻ അപ്രാപ്തനാണെന്നു കണ്ടിട്ടാണ്" അദ്ദേഹത്തെ പ്രധാനമന്ത്രിപദത്തിൽനിന്നും ഒഴിവാക്കുന്നതെന്നു ഗവർണ്ണർ ജനറൽ പ്രസ്താവിക്കുകയുണ്ടായി. അമേരിക്കയിലെ പാക്കിസ്ഥാൻ സ്ഥാനപതിയായ മി. മഹമ്മദാലിയെ പ്രധാനമന്ത്രിയായി നിയമിക്കുകയും അദ്ദേഹത്തോട് പുതിയ മന്ത്രിസഭ രൂപീകരിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിരിക്കുന്നു.

### ഇൻഡ്യൻ റെയിൽവേയുടെ ശതാബ്ദപൂർത്തി

ഇൻഡ്യയിൽ റെയിൽവേ ആരംഭിച്ചിട്ട് ഈ ഏപ്രിൽ 16-ാംനു നൂറുകൊല്ലം പൂർത്തിയായിരിക്കുന്നു. ഇന്നു ലോകത്തിലെ ഏററവും വലിയ റെയിൽവേസിസ്റ്റങ്ങളിലൊന്നാണ് ഇൻഡ്യൻ റെയിൽവേസിസ്റ്റം. പ്രതിവർഷം 100 കോടി ജനങ്ങൾ യാത്രചെയ്യുകയും 10 കോടി ടൺ സാധനങ്ങൾ കയററിറക്കു നടത്തുകയും ചെയ്തുകൊണ്ടിരിക്കുന്ന ഉദ്ദേശം 34000 മൈൽ റെയിൽവേ ഇന്നു ഇൻഡ്യയിലുണ്ട്.

### ഗോതമ്പു നിയന്ത്രണം

ഓരോ സ്റ്റേററിലും ഗോതമ്പിൻെറ നിയന്ത്രണം നീക്കുന്നതിനോ നിലനിർത്തുന്നതിനോ ഉള്ള സ്വാതന്ത്ര്യം ഇൻഡ്യാഗവർമ്മെൻറ് അതതുസ്റ്റേററുകൾക്കു വിട്ടുകൊടുത്തിരിക്കുന്നു. എന്നാൽ ഒരു സ്റ്റേററിൽനിന്നു മറെറാരു സ്റ്റേററിലേക്കു ഗോതമ്പു കടത്തിക്കൊണ്ടുപോകുന്നതിൽ ഇപ്പോഴുള്ള നിയന്ത്രണം തുടരുന്നതാണ്.

## വിദേശവാർത്തകൾ

### സോവ്യററുമന്ത്രി അറസ്റ്റിൽ

സോവ്യററ് ജോർജിയാറിപ്പബ്ളിക്കിലെ ഒരു മന്ത്രിയും രണ്ടു കമ്മ്യൂണിസ്റ്റ് പാർട്ടി നേതാക്കന്മാരും അറസ്റ്റുചെയ്യപ്പെട്ടിരിക്കുന്നതായി റിപ്പോർട്ടു ലഭിച്ചിരിക്കുന്നു. പ്രധാനികളായ മൂന്നു കമ്മ്യൂണിസ്റ്റുകളുടെമേൽ തെററായ ആരോപണങ്ങൾ ചുമത്തി എന്നതാണ് അവരുടെ പേരിലുള്ള ചാർജ്ജ്.

### മടക്കിവിളിക്കുന്നു

ലണ്ടനിലെ റഷ്യൻ സ്ഥാനപതി ആൻഡ്രേ ഗ്രോമിക്കോയെയും പോളിഷ് സ്ഥാനപതി ജെറിമിക്കോയെയും മടക്കിവിളിച്ചിരിക്കുന്നതായി അധികൃതമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു.

### മലാൻ വീണ്ടും

ദക്ഷിണാഫ്റിക്കയിലെയൂറോപ്യൻ വോട്ടർമാർ പ്രധാനമന്ത്രി മലാനെ ഭീമമായ ഭൂരിപക്ഷത്തോടുകൂടി വീണ്ടും അധികാരത്തിൽ പ്രവേശിപ്പിച്ചിരിക്കുന്നു. വർണ്ണവിവേചനനയം തുടർന്നുകൊണ്ടുപോകുവാൻ അദ്ദേഹത്തിനിപ്പോൾ കൂടുതൽ സ്വാതന്ത്ര്യം ലഭിച്ചിരിക്കുന്നു.

---

## ഇൻറർനൺഷ്യോ തിരുമേനി

പേപ്പൽ ഇൻറർനൺഷ്യോ ഡോ. മാർട്ടിൻ ലൂക്കാസ് തിരുമേനി, ചെത്തിപ്പുഴ പള്ളിക്കുന്നിൽ സ്ഥാപിക്കുവാൻപോകുന്ന മിഷൻ ഹോസ്പിററലിൻെറ ശിലാസ്ഥാപനകർമ്മം ഏപ്രിൽ 12-ാംനു നിർവ്വഹിക്കുകയുണ്ടായി. ഏപ്രിൽ 17-ാംനു പാലായിൽ ആഗതനായ തിരുമേനിക്കു ഗംഭീരമായ സ്വീകരണം നൽകപ്പെട്ടു. 23-ാംനു തിരുമനസ്സുകൊണ്ട് തൃശ്ശൂർ മെത്രാൻ തിരുമനസ്സിലെ ജൂബിലിയാഘോഷങ്ങളിൽ സംബന്ധിക്കുന്നതും 27-ാംനു കാലത്തു എറണാകുളത്തെത്തിച്ചേരുന്നതുമാണ്.


## WANTED

Trained Graduate (Natural science). Graduate (Mathematics) Hindi Pandit (for the High School), Drill & Drawing (Combined Trained S. S. L. C. for M. S. & P. S.) Pay according to Scheme. Apply in person. Manager St. George's H. School, Kalayanthani Thodupuzha. P. O.


## ഇടവകവാർത്തകൾ

—കോട്ടപ്പടി: യുവജനകത്തോലിക്കാ പ്രവർത്തനസംഘടനയുടെ ആഭിമുഖ്യത്തിൽ ദുഃഖവെള്ളിയാഴ്ച രാത്രി നഗരവീഥിയിൽക്കൂടി വിപുലമായ പരിപാടികളോടുകൂടി ഒരു സ്ലീവാപാത നടത്തിയിരിക്കുന്നു.

—വായ്പൂര് പഴയപള്ളി ഇടവകയിലെ വിവിധഭക്തസഖ്യങ്ങളുടെ ആഭിമുഖ്യത്തിൽ കൊററുകുളം കുരിശുങ്കലേക്ക് ഒരു പരിഹാരപ്രദക്ഷിണം നടത്തപ്പെട്ടിരിക്കുന്നു.

—കുട്ടകാട്: ചെറുപുഷ്പം ഇടവകയിലെ യുവാക്കന്മാരുടെ ആഭിമുഖ്യത്തിൽ പെസഹാവ്യാഴം ഒരു പീഡാനുഭവാനുസ്മരണയാത്ര പുറപ്പെട്ട് ചേന്ദമംഗലം, പുത്തൻവേലിക്കര, തുരുത്തൂർ, പൊയ്യ, ക്രിസ്തുൻകോട്ട, കോട്ടപ്പുറം, മടപ്ലാതുരുത്ത്, തുരുത്തിപ്പുറം മുതലായ ദേവാലയങ്ങൾ സന്ദർശിച്ച് ആരാധനയും സ്ലീവാപാതയും നടത്തിയിരിക്കുന്നു.

—കല്ലൂർ: വിൻസെൻറ് ഡി പോൾ സൊസൈററിയുടേയും മരിയാസഖ്യത്തിൻെറയും സംയുക്തവാർഷികാഘോഷം പ്രമാണിച്ച് മി. കൈമാപ്പറമ്പൻ മഗ്ദലനമറിയത്തെ അധികരിച്ച് ഒരു കഥാകാലക്ഷേപം നടത്തുകയുണ്ടായി.

—മരങ്ങാട്ടുപിള്ളി: സ്ഥലം സെൻറ് വിൻസെൻറ് ഡി പോൾ സൊസൈററിയുടെ ആഭിമുഖ്യത്തിൽ മേയ് 1-ാംനു വൈകുന്നേരം ആരംഭിച്ച് 5-ാംനു രാവിലെ അവസാനിക്കത്തക്ക വിധം ഒരു ഏകാന്തധ്യാനം നടത്താൻ നിശ്ചയിച്ചിരിക്കുന്നു. ധ്യാനഗുരു റവ: ഫാദർ മാത്യു മങ്കുഴിക്കരി അവർകൾ ആയിരിക്കുന്നതാണ്.

—നീറിക്കാട്: സെൻറ് വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറ ഒരു വിശേഷാൽയോഗം ഏപ്രിൽ 12-ാംനു സ്ഥലം എം. പി. സ്കൂൾ ഹാളിൽവച്ച് റവ: ഫാദർ ജേക്കബ് മാപ്ലേട്ട് അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി ഒരു വായനശാല ഉൽഘാടനം ചെയ്തിരിക്കുന്നു. തദവസരത്തിൽ ബ്രദർ കെ. പി. തോമസ്, ബ്ര. എം. പി. ലൂക്കോസ് എന്നിവർ ഓരോ പ്രസംഗം ചെയ്യുകയുണ്ടായി.

—ചിററാട്ടുകര: ചെറുപുഷ്പ മിഷൻ ലീഗിൻെറ ആഭിമുഖ്യത്തിൽ റവ. ഫാ. ഇഗ്നേഷ്യസ് ചിറയത്തിൻെറ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽ ബ്രദർ വടക്കൻ ഒരു പ്രസംഗം ചെയ്തു.

## ചരമം

മുണ്ടൂർ: ചിററിലപ്പിള്ളി കുടുംബാംഗമായ ശ്രീ സി. എൽ. കൊച്ചുവക്കി മാർച്ച് 27-ാംനു നിര്യാതനായിരിക്കുന്നു.

—കുമരകം: വള്ളാറപുത്തൻപള്ളി ഇടവക ചെറുശ്ശേരി കുര്യൻ അവർകൾ 88-ാമത്തെ വയസ്സിൽ ഏപ്രിൽ 11-ാം തീയതി നിര്യാതനായിരിക്കുന്നു. ശവസംസ്കാരം പിറേറദിവസം കോട്ടയം മെത്രാൻ തിരുമേനിയുടെ പ്രധാനകാർമ്മികത്വത്തിലും അനേകം വൈദികരുടെ സഹകരണത്തിലും നടത്തപ്പെട്ടു. പരേതൻ കോട്ടയം രൂപതയിലെ റവ: ഫാദർ മാത്യു ചെറുശ്ശേരിയുടെ പിതാവാണ്".

— മരട്: എലഞ്ഞിമുററത്ത് ജോർജ്ജ് ജോസഫിൻെറ പത്നിയും എറണാകുളം മുല്ലേപ്പറമ്പിൽ പേറുവിൻെറ പുത്രിയുമായ ശ്രീമതി ജോസഫീനാ തൻെറ 22-ാമത്തെ വയസ്സിൽ ഏപ്രിൽ 11-ാംനു കർത്താവിൽ നിദ്രപ്രാപിച്ചു.

R. I. P.

---


## ഭാഗവതർ

### കെ. സി. വക്കി

നൂതനവും മനോഹരവുമായ ഹിന്ദി വർണ്ണമട്ടുകളിൽ ഒട്ടവളരെ ക്രിസ്തീയഗാനങ്ങൾ ശാസ്ത്രീയമായി അഭ്യസിച്ച്, സുശിക്ഷിതരായ പക്കമേളക്കാരോടുകൂടി സംഗീതകലാപ്രകടനങ്ങൾക്കു തയാറായിരിക്കുന്നു. നിങ്ങളുടെ ഓർഡറുകൾ താഴെക്കാണുന്ന വിലാസത്തിൽ അയക്കുക.

സെക്രട്ടറി
മാർത്തോമ്മാദാസസംഘം,
മണപ്പുറം, via ചേർത്തല.

## Assisi Sisters of Mary Immaculate

ഈ സന്യാസിനീസഭയിൽ ചേരുന്നതിനു, ആരോഗ്യവും ദൈവവിളിയും ഉള്ള VI form പാസായതോ, അതിൽ കൂടുതൽ പരീക്ഷായോഗ്യതകളുള്ളതോ ആയ പെൺകുട്ടികളെ ക്ഷണിച്ചുകൊള്ളുന്നു. കൂടുതൽ വിവരങ്ങൾ ഞങ്ങളുടെ കന്യകാമഠങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചോ താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ എഴുതിച്ചോദിച്ചോ അറിയുക.

Assisi Convent, Green Gardens,
Shertallay.


---

## ക. കോൺഗ്രസ് വാർഷികം

അഖിലകേരള കത്തോലിക്കാ കോൺഗ്രസിൻെറ 35-ാമതു വാർഷികം ഈ ഏപ്രിൽ 26, 27, 28 തീയതികളിൽ ഇരിഞ്ഞാലക്കുട ചെറുപുഷ്പനഗറിൽ വച്ചു നടത്തപ്പെടുന്നതാണ്. ഇന്ത്യയിലെ പേപ്പൽ ഇൻറർനൺഷിയോ മോസ്റ്റ് റവ. ഡോക്ടർ മാർട്ടിൻ ലൂക്കാസ് തിരുമേനി സമ്മേളനം ഉൽഘാടനം ചെയ്യുന്നതാണ്. തൃശ്ശൂർ മെത്രാൻ റൈററ് റവ. ഡോക്ടർ ജോർജ് ആലപ്പാട്ട തിരുമനസ്സിലെ പൊന്തിഫിക്കൽ ദിവ്യപൂജയോടുകൂടി സമ്മേളനം ആരംഭിക്കുന്നതും 28-ാംനു വൈകുന്നേരം ദിവ്യകാരുണ്യാശീർവ്വാദത്തോടുകൂടി അവസാനിക്കുന്നതുമാണ്.

## തൃശ്ശൂർ മെത്രാൻെറ

### ഗുരുപ്പട്ട രജതജൂബിലി

തൃശ്ശൂർ മെത്രാൻ തിരുമനസ്സിലെ ഗുരുപ്പട്ട ജൂബിലി ഏപ്രിൽ 23-ാംനു സാഘോഷം കൊണ്ടാടുന്നതാണ്. ഇൻറർനൺഷ്യോ തിരുമേനി ഇതിൽ സംബന്ധിക്കും. പരിപാടി: ജൂബിലി നഗരത്തിൽ രാവിലെ 6.30-നു കുട്ടികൾക്കുവേണ്ടി ദിവ്യപൂജ (കോട്ടയം മെത്രാൻ) 7.30-നു പൊന്തിഫിക്കൽപൂജ. 8.30-നു പ്രസംഗം (മാർ മാത്യു കാവുകാട്ട്) 9.30-നു പൊതുയോഗം. 11-നു ജൂബിലി സ്മാരക ആസ്പത്രി ഉൽഘാടനം. 4-നു ദിവ്യകാരുണ്യപ്രദക്ഷിണം. പ്രസംഗം (പാലാ മെത്രാൻ) പൊതുയോഗം.

---

(4-ാം പേജ് തുടർച്ച)

ണ്, സുപ്രസിദ്ധമായ തൻെറ വിശ്വലേഖനത്തിൽ ([illegible]) മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു മനസ്സുരുകി അരുളിയതു്: "നമ്മുടെ വാത്സല്യ സന്താനങ്ങളുടെ യാതനയേയും വിഷമതയേയും മരണത്തേയുംപററി ചിന്തിക്കുമ്പോൾ, നമ്മുടെ ഹൃദയം ദുഃഖത്താൽ പിടയുന്നു" എന്നു്. ആരുടെതന്നേയും ഹൃദയം തകർക്കുന്നവയാണു് പ്രസ്തുത വസ്തുതകൾ! മററു മാർഗ്ഗങ്ങൾവഴി, മർദ്ദിതരായ നമ്മുടെ സഹോദരന്മാരേയും സഹോദരികളേയും സഹായിക്കുന്നതിനു നമുക്കു സാദ്ധ്യമല്ല. തീവ്രതരമായി, പ്രത്യാശാപൂർണ്ണമായി, ദൈവത്തെ അഭയംഗമിക്കുകമാത്രമാണു് നമുക്കു ആലംബമായിട്ടുള്ളതു്. ആതുകൊണ്ടാണല്ലൊ പ. പിതാവു തിരുമനസ്സുകൊണ്ടു് മതമർദ്ദനമനുഭവിക്കുന്നവർക്കുവേണ്ടി തീക്ഷ്ണമായി പ്രാർത്ഥിക്കുകയും പരിത്യാഗങ്ങൾ സമർപ്പിക്കുകയും ചെയ്യുന്നതിനു ശക്തിയുക്തം എല്ലാവരേയും ഉദ്ബോധിപ്പിച്ചുകൊണ്ടിരിക്കുന്നതു്.

### പ്രാർത്ഥനാലീഗ്

ഈ വിഷയത്തിൽ ഒരു പുതിയ പ്രസ്ഥാനം സ്പെയിനിൽ ആരംഭിച്ചു്, ഇതരരാജ്യങ്ങളിലേക്കു പ്രചരിച്ചുകൊണ്ടിരിക്കുകയാണു്. കഴിഞ്ഞകൊല്ലം ബാർസലോണായിൽവച്ചു സമ്മേളിച്ച അഖിലലോക ദിവ്യകാരുണ്യ കോൺഗ്രസിനിടയ്ക്കു്, ഈ പ്രാർത്ഥനാപ്രസ്ഥാനത്തിനു പ്രചുരമായ പ്രചാരം സിദ്ധിക്കുകയും, ഏവരുടേയും, വിശിഷ്യ ജപാപ്പസ്തോലസഖ്യങ്ങളുടെ (A[illegible]lesmp [illegible]) വ്യാപകമായ പ്രവർത്തനഫലമായി, ഈ പ്രസ്ഥാനം ലോകവ്യാപകമായി തീരുകയാണു് ചെയ്തിരിക്കുന്നതു്.

മതപീഡിതർക്കുവേണ്ടിയുള്ള ഈ നവീന പ്രാർത്ഥനാലീഗിൽ ചേരുന്നവർ രണ്ടു ജപങ്ങൾ പ്രതിദിനം ചൊല്ലിയാൽ മതിയാകുന്നതാണു്. ഈശോയുടെ തിരുഹൃദയത്തിൽനിന്നു ശക്തിയും ധൈര്യവും ലഭിക്കുന്നതിനു ഒരു "വിശ്വാസപ്രമാണവും," മറിയത്തിൻെറ അമലോത്ഭവഹൃദയത്തിൽനിന്നു് കരുണയും ആശ്വാസവും സിദ്ധിക്കുന്നതിനു് "മറിയത്തിൻെറ മധുരമുള്ള തിരുഹൃദയമേ, ഞങ്ങളുടെ രക്ഷയായിരിക്കണമേ" എന്ന സുകൃതജപവും.

### ഇതു പ്രചുരമായി പ്രചരിപ്പിക്കാം

"പീഡിതരായ കത്തോലിക്കരോടു്, ദൈവത്തിൻെറയും മനുഷ്യവർഗ്ഗത്തിൻെറയും മുമ്പാകെ നമുക്കുള്ള ഐക്യത്തിൻെറ പ്രസ്പഷ്ടമായ പ്രകാശനമായി സാർവ്വത്രികമായ ഈ പ്രാർത്ഥനാലീഗിൽ (Alliance [illegible]) നമുക്കു ചേരാം. എല്ലാവരേയും ഇതിൽ ചേർക്കാം. ദൈവത്തെപ്രതി, ക്രിസ്തുവിനെപ്രതി, കത്തോലിക്കാ വിശ്വാസത്തിനുവേണ്ടി ക്രൂരമർദ്ദനം സഹിക്കുന്ന നമ്മുടെ സഹോദരന്മാർക്കും, സഹോദരിമാർക്കും, വൈദികർക്കും സന്യാസിനികൾക്കും, മെത്രാന്മാർക്കും മേല്പട്ടക്കാർക്കുംവേണ്ടി അകമഴിഞ്ഞു നമുക്കു പ്രാർത്ഥിക്കാം. അവർക്കു ശക്തിയും സ്ഥൈര്യവും നൽകണമെന്നും, അവരുടെ ദുരിതങ്ങൾ വേഗത്തിൽ അവസാനിപ്പിക്കണമെന്നും ദൈവത്തോടു ഉള്ളഴിഞ്ഞു പ്രാർത്ഥിക്കാം. ദാരുണങ്ങളായ തങ്ങളുടെ ക്ലേശങ്ങൾകൊണ്ടു് ചഞ്ചലപ്പെടുന്നവർക്കുവേണ്ടിയും, അവരെ പീഡിപ്പിക്കുന്നവരുടെ മാനസാന്തരത്തിനായുംനിരന്തരംനമുക്കുപ്രാർത്ഥിക്കാം.

ഈ ജപങ്ങൾ തനിച്ചും കൂട്ടമായും, പ്രൈവററായും പബ്ലിക്കായും, പള്ളിയിലും കുടുംബങ്ങളിലും, സ്കൂളുകളിലും കോളെജുകളിലും, സെമ്മിനരികളിലും മഠങ്ങളിലും കൊവേന്തകളിലും ചൊല്ലപ്പെടട്ടെ — പ്രചരണങ്ങൾവഴിയായും, ഉൽബോധനങ്ങൾവഴിയായും, പത്രങ്ങളും റേഡിയോയും വഴിയായും അവയ്ക്കു പ്രചുരമായ പ്രചാരം ലഭിക്കട്ടെ.

(N. B. ഒരു പുസ്തകംവച്ചു്, അതിൽ ഈ ലീഗിൽ ചേരുന്നവരുടെ പേരുകൾ എഴുതുന്നതു് നല്ലതാണു്.)

# പരിഹാരപ്രവൃത്തികൾ

(കെ സി ചാക്കൊ എം എ എം എസ്)

അവശ്യാവശ്യമായ ഈ പരിഹാരപ്രവൃത്തികളുടെ സ്വീകാര്യതയെപ്പററിയുള്ള ബോദ്ധ്യം വിശുദ്ധന്മാർക്കുമാത്രം ഉണ്ടായിട്ടുള്ളതുപോലെ തോന്നുന്നു. ബാക്കിയുള്ളവർ അതു് അറിയുന്നില്ല. അവരുടെതന്നെ നന്മയ്ക്കുവേണ്ടി അവരെ അതു പറഞ്ഞും പ്രവർത്തിച്ചും ബോധ്യപ്പെടുത്തേണ്ടിയിരിക്കുന്നു. കുടുംബബന്ധങ്ങൾ വിച്ഛേദിച്ചും, ക്ഷാമവും രോഗവും അസ്വസ്ഥതയും മരണവും



എല്ലാം അവശേഷിപ്പിച്ചും ഭയങ്കരനൃത്തം നടത്തിയ രണ്ടു മഹായുദ്ധങ്ങൾക്കു ശേഷവും മനുഷ്യൻ ഈ യാഥാർത്ഥ്യം ഗ്രഹിച്ചിട്ടില്ലെന്നു തോന്നുന്നു. ജലപ്രളയവും കൊടുങ്കാററും, ഭൂകമ്പങ്ങളും, ഹിമബാധയും, ഒന്നും ഇനിയും അവൻെറ കണ്ണു വേണ്ടുവോളം തുറപ്പിച്ചിട്ടില്ല. ചുററുപാടും കാണുന്ന സങ്കടങ്ങളും പ്രയാസങ്ങളും കണ്ടു കണ്ടു തഴമ്പിച്ച ഒരു ഹൃദയത്തിൽ അവയിൽനിന്നു സ്വയം മോചനം നേടാനല്ലാതെ അതു ലഘൂകരിക്കുവാനുള്ള —പരിഹരിക്കുവാനുള്ള— ഒരു പ്രയത്നം കുറവായി മാത്രമേ കാണാറുള്ളു. യുദ്ധരംഗത്തെ ഒച്ചപ്പാടുകൾക്കും അട്ടഹാസങ്ങൾക്കും ഇടയിൽ മദോന്മത്തരായി ജീവിച്ചിട്ടുള്ളവരെപ്പററി നാം കേട്ടിട്ടുണ്ടു്. ശവസംസ്കാരവേളയിൽ ശവക്കുഴി വെട്ടുന്നവർ ഏതാണ്ടു ഹൃദയശൂന്യരായിക്കാണപ്പെടുന്നതുപോലെയുള്ള അനുഭവമാണു്, ഇന്നത്തെ ലോകത്തിൽ പരിഹാരപ്രവൃത്തികളുടെ ആവശ്യകതയെ ചോദ്യം ചെയ്യുന്നവരിൽ കാണാവുന്നതു്. മിശിഹായുടെ രക്ഷാകരവൃത്തിയെ സാധൂകരിച്ചുകൊണ്ടു ഫാദർ മാർട്ടിൻ ഡെയിൽ എന്ന പ്രസിദ്ധ ഈശോസഭാംഗം പറയുന്നു: "ദൈവപുത്രൻ പാപമില്ലാത്ത ഒരു ലോകത്തിൽ നമ്മെപ്പോലെ ഒരു മനുഷ്യനായി അവതരിച്ചിരുന്നെങ്കിൽ താൻ പാടുപീഡകൾ അനുഭവിക്കേണ്ടിവരുമായിരുന്നില്ല. എന്നാൽ ലോകം പാപംമൂലം അസ്വസ്ഥമായിരിക്കുന്നു. വ്യക്തികളുടെ മാത്രമല്ല, പലവംശങ്ങളുടെയും രാഷ്ട്രങ്ങളുടെയും പെരുമാററങ്ങളിൽ നാം ധാരാളം ക്രമക്കേടുകൾ കാണുന്നു. അങ്ങനെയുള്ള ഒരു ലോകത്തിൽ നമ്മുടെ ദിവ്യനാഥനു കഷ്ടാനുഭവം കൂടാതെ കഴിവില്ലായിരുന്നു. സ്വന്തം രക്ഷയ്ക്കായി ഒരു അത്ഭുതം പ്രവർത്തിച്ചുമാത്രമേ തനിക്കു മരണത്തിൽനിന്നു രക്ഷപെടാമായിരുന്നുള്ളു. അതു താൻ ചെയ്തുമില്ല. അതു് അറിഞ്ഞും നിശ്ചയിച്ചും കൊണ്ടാണു കുരിശുമരണംവരെ വിധേയത്വം പാലിക്കുവാനായി താൻ മനുഷ്യത്വത്തിലേക്കു പ്രവേശിച്ചതു്. എന്നാൽ താൻ അങ്ങനെ ജീവിക്കുകയും മരിക്കുകയും ഉത്ഥാനം ചെയ്യുകയും ചെയ്തതു് നമുക്കു പകരമായിട്ടല്ല, നമുക്കു വേണ്ടിയായിരുന്നു. അതുകൊണ്ടു നാം അദ്ദേഹത്തോടു് ഐക്യപ്പെട്ടിരുന്നേ മതിയാവൂ. നാം അദ്ദേഹത്തിൽ തന്നെ ആയിരിക്കണം. വി. പൗലോസ് ശ്ലീഹാ പറയുന്നതുപോലെ നാം തൻെറ രക്ഷാകരവ്യാപാരങ്ങളോടു് സഹകരിക്കണം. നമുക്കു തന്നെ ഒന്നും ചെയ്യാൻ കഴിവില്ല. നമ്മുടെ പാപത്തിൻെറ കെട്ടുകളിൽനിന്നു മോചിക്കപ്പെടുവാൻ നമുക്കു തനിയെ ഒന്നും ചെയ്യാൻ കഴിവില്ല. എന്നാൽ വി. അപ്പോസ്തലൻ പറയുന്നതുപോലെ മിശിഹായുടെ നിഗൂഢമായ ശരീരത്തിൻെറ അവയവങ്ങൾ എന്ന നിലയിൽ, എല്ലാംകൂടി സമ്പൂർണ്ണമായ ക്രിസ്തുവായിത്തീരുന്നതുവരെ നാംകൂടി തന്നിൽത്തന്നെ വളർന്നുകൊണ്ടിരിക്കുന്നു. തൻെറ അദ്ധ്വാനത്തിൻെറയും കഷ്ടപ്പാടുകളുടെയും ജീവിതം നമ്മിൽ തുടർന്നുകൊണ്ടിരിക്കുന്നു. മരണത്തിലും ഉത്ഥാനത്തിലുംകൂടി മഹത്വീകരിക്കപ്പെട്ടു് അതു തന്നിലേക്കു കടക്കുകയും ചെയ്യും. ഇതു് ഇനിയും പൂർത്തിയായിട്ടില്ല. മിശിഹായോടുകൂടി സഹകരിച്ചുകൊണ്ടു നാം വളരെയധികം ഇനിയും പ്രവർത്തിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടാണു വി. അപ്പോസ്തലൻ വിഭ്രമകരമായ ഈ അവകാശം മുഴക്കുന്നതു്: "നിനക്കുവേണ്ടി ഞാൻ സഹിക്കുന്ന പീഡകളിൽ ഞാൻ ആനന്ദിക്കുന്നു. തിരുസഭയാകുന്ന തൻെറ തിരുശ്ശരീരത്തിനുവേണ്ടി എൻെറ ശരീരത്തിൽ മിശിഹായുടെ അവർണ്ണ്യമായ ദുരിതാനുഭവങ്ങളെ ഞാൻ പൂർത്തിയാക്കുന്നു." (കൊളോ. 1, 1-4) നമ്മുടെ ദിവ്യരക്ഷകൻ സ്വർഗ്ഗത്തിലേക്കു എഴുന്നെള്ളിയശേഷവും വളരെയെല്ലാം ചെയ്തുതീർക്കേണ്ടിയിരുന്നു. വി. പൗലോസ് അതിൽ ഗണ്യമായ ഒരു ഭാഗം നിർവ്വഹിച്ചു. എന്നിട്ടും അതു മുഴുവനായില്ല. കടന്നുപോയ നൂററാണ്ടുകളിൽ തുടർന്നു പലരും വളരെയെല്ലാം ചെയ്തുകഴിഞ്ഞു. ഇപ്പോൾ നമ്മുടെ തലമുറയും നമ്മുടെ ചുമതലയും ആയിരിക്കുന്നു. പക്ഷെ വളരെ കുറച്ചു ക്രിസ്ത്യാനികൾ മാത്രമേ ഇതു മനസ്സിലാക്കുന്നുള്ളു. അതിലും വളരെക്കുറച്ചു പേർക്കുമാത്രമേ അതു പൂർണ്ണമായി നിർവ്വഹിക്കുവാൻ അവസരം ലഭിച്ചിട്ടുള്ളു. എന്നാൽ ജീവിതത്തിൽ മാത്രമല്ല താൻ അനുവദിക്കുന്നപക്ഷം മരണത്തിലുംകൂടി ക്രിസ്തുവിനോടൊപ്പം പീഡകൾ അനുഭവിക്കുവാൻ മാത്രം മഹാമനസ്കത ഉണ്ടായിരുന്ന ചില വീരാത്മാക്കൾ ഇതിനകം കുറെയെല്ലാം ഉണ്ടായിട്ടുണ്ടു്. നമുക്കു അറിയപ്പെട്ടിട്ടുള്ള അഗാധതത്വചിന്തകന്മാരായ ഭക്തന്മാരുടെയെല്ലാം സ്വയാർപ്പണം ഇപ്രകാരമായിരുന്നു. അവർ കഷ്ടാനുഭവത്തെയല്ല സ്നേഹിച്ചതും സ്വാഗതം ചെയ്തതും; പിന്നെയോ ക്രിസ്തുവിനെയായിരുന്നു; കുരിശിനെയല്ല, ക്രൂശിക്കപ്പെട്ടവനെ അവർ സ്നേഹിച്ചു."

ഇത്രയും വിശദീകരണം നൽകിക്കൊണ്ടാണു ഫാദർ മാർട്ടിൻ ഡെയിൽ ബ. അൽഫോൻസാമ്മയുടെ പരിഹാരബലി സാർത്ഥകമായിരുന്നിരിക്കാമെന്നും ദൈവത്തിനു സ്വീകാര്യമായിരുന്നിരിക്കാമെന്നും, അങ്ങനെയെങ്കിൽ ആ കന്യകയെ ദൈവം മഹത്വപ്പെടുത്തി നമുക്കു അറിവുതരുവാൻ പ്രാർത്ഥിക്കാം എന്നും അഭിപ്രായപ്പെട്ടതു്. "ലോകത്തെ രക്ഷിക്കുവാൻ പീഡകൾ സഹിച്ച കന്യക" എന്ന തലവാചകത്തോടെയാണു് ഒരു അമേരിക്കൻ വാരിക ബ. അൽഫോൻസാമ്മയെ അവർക്കു പരിചയപ്പെടുത്തിക്കൊടുത്തതു്. ദുസ്സഹമായ ശാരീരിക വേദനകൾക്കിടയിൽ ബ. അൽഫോൻസാമ്മ പറയുകയാണു്: "ഇതല്ല. ഇതിൽ കൂടുതലും സഹിക്കാൻ ഞാൻ സന്നദ്ധയാണു്. ഇന്നത്തെ ലോകം സുഖസന്തോഷങ്ങളിൽ മുഴുകി അധഃപതിച്ചുപോയിരിക്കുന്നു. നാശോന്മുഖമായ ഈ ലോകത്തിനുവേണ്ടിയും......ഈ എളിയ ബലിവസ്തുവിനെ അവിടുന്നു ഇഷ്ടാനുസരണം ചവിട്ടുകയോ കുത്തിമുറിപ്പെടുത്തുകയോ എന്തും ചെയ്തുകൊള്ളട്ടെ." ഈ തലമുറയിൽ നാം കണ്ട ഒരു പരിഹാരത്തിൻെറ ജീവിതമായിരുന്നു അതു്.

എന്നാൽ ഇതു് ഇന്നും ഇന്നലെയും ആരംഭിച്ചതും ഇപ്പോൾ മാത്രം ഉള്ളതും അല്ല. ലോകം എന്നും പരിഹാരപ്രവൃത്തികൾക്കു മാതൃകയും അംഗീകരണവും നൽകിയിട്ടുണ്ടു്. അഞ്ചാംനൂററാണ്ടിൽ ജീവിച്ചിരുന്ന വി. ശിമയോനെപ്പററി ഈ പരിഷ്കൃതലോകം അധികം കേട്ടുകാണുകയില്ല. ഇന്നും സിറിയാ സന്ദർശിക്കുന്നവരുടെ ഒരു തീർത്ഥകേന്ദ്രമാണു് അദ്ദേഹം മുപ്പതുവർഷത്തോളം പരിഹാരബലിയായി തന്നെത്താൻ സ്വീകരിച്ചിരുന്ന ആ വിചിത്രപീഠം. കഷ്ടിച്ചിരിക്കുവാൻമാത്രം വിസ്താരവും അറുപതടി ഉയരവുമുള്ള ഒരു സ്തൂപം. പതിനാറുവയസ്സുമുതൽ അദ്ദേഹം ആരംഭിച്ച ത്യാഗവൃത്തികൾ, ഒൻപതുവർഷത്തെ ആശ്രമജീവിതത്തിൻെറ ശിക്ഷണത്തിലും അടങ്ങാതെ, കൂടുതൽ കൂടുതൽ പരിഹാരത്തിനുവേണ്ടി കാററിലും മഴയിലും മഞ്ഞിലും സംരക്ഷണംകൂടാതെ ആകാശത്തേക്കുയരുന്ന ഒരു സ്തൂപത്തിൻെറ ഉച്ചിയിൽ അദ്ദേഹത്തെ എത്തിച്ചു. ചക്രവർത്തിമാർപോലും അദ്ദേഹത്തെ അന്നുതന്നെ അംഗീകരിച്ചു ബഹുമാനിച്ചു. ദൈവവും അദ്ദേഹത്തിൻെറ പരിഹാരം സ്വീകരിച്ചു് അദ്ദേഹത്തെ വിശുദ്ധപദത്തിലേക്കുയർത്തി.

പരിഹാരത്തിൻെറ അജയ്യമായ നേട്ടങ്ങളിൽ അനുഭവബോദ്ധ്യംവന്ന വി. ഫ്രാൻസിസ് അസ്സീസി, ലോകവ്യവഹാരത്തിൽ ഇടപെട്ടു് ജീവിക്കുന്നവരെ പ്രധാനമായി ഉദ്ദേശിച്ചു് സ്ഥാപിച്ച പരിഹാരത്തിൻെറ സഭയാണു് ഇന്നു് ഫ്രാൻസിസ്കൻ മൂന്നാംസഭയെന്നു് അറിയപ്പെടുന്നതു്.

ഇങ്ങനെ നിരവധി ഉദാഹരണങ്ങൾ എടുത്തുകാണിക്കുവാനുണ്ടു്. അവയുടെയൊക്കെ പശ്ചാത്തലത്തിലല്ലേ ഇന്നു് ഈ ആളുകളെല്ലാം ഈ കുരിശുംപിടിച്ചു് വെയിലുംകൊണ്ടു് പൊതുനിരത്തുകളിൽക്കൂടി നടക്കുന്നതു്. ഇതു് മൗലികമായ ഒരു വിശ്വാസപ്രഖ്യാപനം കൂടിയല്ലേ? ലോകത്തിൻെറ പ്രതിഷേധവും, നിന്ദയും കൃതഘ്നതയും അകൽച്ചയും ആകുന്ന പാപങ്ങളുടെ ഭാരം സ്വന്തം ചുമലിൽ താങ്ങിക്കൊണ്ടു് കൊലക്കളത്തിലേക്കു് യാത്രയായ ക്രിസ്തുവിൻെറ മരണവേദിയായ കുരിശു്: അതു് ഒരു മനുഷ്യൻെറ ഹൃദയത്തിൽ എന്തിനെയെല്ലാം സൂചിപ്പിക്കുന്നു. ലോകോദ്ധാരണാർത്ഥം മനുഷ്യനായി അവതരിച്ച കുരിശിൽ മരിച്ച ദൈവപുത്രനിലുള്ള വിശ്വാസം ഒരുവശത്തു്. കഷ്ടപ്പാടുകളും സങ്കടങ്ങളും മനുഷ്യൻെറ അവശതകളല്ല, അവൻെറ അവകാശങ്ങൾ, അവൻെറ രക്ഷാമാർഗ്ഗങ്ങൾ, ആണു് എന്നുള്ള സന്ദേശവും ഒരുകാലത്തു് നിന്ദ്യമായിരുന്ന ഒരു ശിക്ഷായന്ത്രത്തിൻെറ സ്ഥാനത്തുനിന്നു് ഇന്നു് സമ്പൂജ്യതയിലേക്കുയർന്നിരിക്കുന്ന ആ അടയാളം വിളിച്ചറിയിക്കുന്നില്ലേ?

എല്ലാററിലും ഉപരിയായി കാരുണ്യവാനും നീതിമാനും ആയ ഒരു പരാശക്തിക്കു് എതിരായി കേവലം സൃഷ്ടികളായ നാം ചെയ്യുന്ന തെററുകളെ പരിഹരിക്കുവാൻ എന്തും ചെയ്യുവാനുള്ള നമ്മുടെ സന്നദ്ധതയുംകൂടി അതു സൂചിപ്പിക്കുന്നില്ലേ? എൻെറ പരിഹാരപ്രവൃത്തികൊണ്ടു് എൻെറ മാത്രമല്ല എൻെറ കൂടപ്പിറപ്പിൻെറ തെററുകൾക്കുകൂടിയും കുറെയെല്ലാം പരിഹാരം അനുഷ്ഠിച്ചു് ദൈവത്തെ മഹത്വപ്പെടുത്തുവാനുള്ള ആഗ്രഹം ഈ പ്രദക്ഷിണം പ്രകടമാക്കുന്നില്ലേ?

ഇപ്പോൾ പലയിടത്തും അനേകംപേർ ചേർന്നു് കരങ്ങളിൽ മരക്കുരിശും വഹിച്ചുകൊണ്ടു് പരിഹാരപ്രദക്ഷിണം നടത്തിവരുന്നുണ്ടു്. ഈ പ്രദക്ഷിണം ഒരു പ്രദർശനം ആണോ? ഒരുപക്ഷെ ചിലരുടെ ദൃഷ്ടിയിൽ അങ്ങനെ ആയിരിക്കാം. എന്നാൽ ഒരു മനുഷ്യരും കാണാനില്ലാത്ത വിജനപ്രദേശങ്ങളിൽക്കൂടിയും അനേകം അനേകം നാഴികകൾ ജനങ്ങൾ ഈമാതിരി പ്രദക്ഷിണങ്ങൾ നടത്തുന്നതു് പ്രദർശനത്തിനല്ലല്ലോ. നല്ല പ്രവൃത്തികൾ മററുള്ളവർ കാണുവാനായിമാത്രം ചെയ്യുന്നതാണു് ഫലമില്ലാത്തതായി ദൈവം ചൂണ്ടിക്കാണിച്ചിട്ടുള്ളതു്. നല്ല പ്രവൃത്തികൾ മററുള്ളവർക്കു കാണാവുന്നതുപോലെ ചെയ്യുന്നതു് ഒരിക്കലും തെററല്ല. അതിനാണു് നല്ല മാതൃക എന്നു പറയുന്നതു്. അതും നാം ചെയ്യേണ്ടതാണു്. പക്ഷെ ആ സല്കർമ്മങ്ങളെ അവർ അനുകരിക്കണം എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. എത്ര ചെറിയ തോതിലെങ്കിലും നാം ശ്ലാഘിക്കപ്പെടണം എന്നായിരിക്കരുതു്. എന്താ പ്രദക്ഷിണം കേമമായിരുന്നോ? അതു് കണ്ടവരിൽ എല്ലാം, നമ്മുടെ സംഖ്യാബലത്തെപ്പററി, നമ്മുടെ സൃഷ്ടിപരമായ പ്രവർത്തനസാമർത്ഥ്യത്തെപ്പററി, നമ്മുടെ ക്രമീകരണങ്ങളെപ്പററി, നമ്മുടെ വിശ്വാസപ്രകടനസന്നദ്ധതയെപ്പററി, ഒരു മതിപ്പു് ഉണ്ടായോ എന്നുപോലും നാം ആകാംക്ഷയുള്ളവരാകരുതു്.

നല്ലവനായ എൻെറ ദൈവം സ്നേഹത്തിൻെറ പാരമ്യത്തിൽനിന്നു എന്നെയും എൻെറ കൂടപ്പിറപ്പുകളെയുംസൃഷ്ടിച്ചു. ഞങ്ങൾ സുഖംതേടി, കീർത്തിതേടി, ഭൗതികൈശ്വര്യങ്ങൾതേടി, തന്നിൽനിന്നും അകന്നുപോയി. ദൈവമേ, എന്നോടും ഞങ്ങളോടും ക്ഷമിക്കണമെ. ഞങ്ങളെ സമുദ്ധരിക്കുവാൻ അവിടുത്തെ തിരുക്കുമാരൻ സ്വീകരിച്ച ആക്ഷേപംനിറഞ്ഞ ആ കുരിശുമരണം. അതു് ഞാൻ എൻേറതായി സ്വീകരിക്കാൻ മനസ്സാകുന്നു. അവിടുത്തെ ആയുധം എൻെറ അടയാളം ആയിരിക്കട്ടെ. നശീകരണായുധങ്ങളെയോ, ഭൗതികലക്ഷ്യങ്ങളെയോ എൻെറ അടയാളമായി ഞാൻ സ്വീകരിക്കുന്നില്ല. കുരിശു് സൂചിപ്പിക്കുന്ന വിനയം വിധേയത്വം, ക്ലേശം സഹനം, ത്യാഗം മരണം ഇവയെല്ലാം ഞാൻ സ്വീകരിക്കുന്നു. സ്നേഹിക്കുന്നു. എൻെറ ജീവിതത്തോടു് അഭേദ്യമായി ഞാൻ ബന്ധി

# മരിയൻ സൊഡാലിററിയുടെ സർവ്വരാജ്യ ഫെഡറേഷൻ

(ഫാ. സാൽവഡോർ ടി. ഒ. സി ഡി)

(തുടർച്ച)

മാർപ്പാപ്പാ തിരുമേനി അനസ്യൂതം നൽകിക്കൊണ്ടിരിക്കുന്ന ഉദാരമായ പ്രോത്സാഹനങ്ങളുടെ ഫലമായി കത്തോലിക്കാലോകത്തിലെവിടെയും മരിയൻ സൊഡാലിററിയുടെ കാര്യത്തിൽ ഗണ്യമായ ഉണർവ്വും താല്പര്യവും പ്രത്യക്ഷപ്പെടുന്നുണ്ടു്. അമേരിക്കാ, ആസ്ത്രേലിയാ, അർജൻറീനാ, സ്പെയിൻ, പോർട്ടുഗൽ, ഇററലി തുടങ്ങിയ രാജ്യങ്ങളുടെ കാര്യം പ്രത്യേകം പ്രസ്താവ്യമത്രെ. ഇൻഡ്യയിൽ പ്രത്യേകം നമ്മുടെ കേരളത്തിലാണു് ഈ വിഷയത്തിലുള്ള അനാസ്ഥയും അശ്രദ്ധയും കൂടുതലായി കണ്ടുവരുന്നതു്. കേരളം മരിയഭക്തിക്കു് പണ്ടേ പ്രസിദ്ധമാണു്. പക്ഷെ നമ്മുടെ മരിയസഖ്യത്തിൻെറ കാര്യം സ്മരിക്കുമ്പോൾ നാം ലജ്ജിച്ചു് തലതാഴ്ത്തണം. നമ്മുടെ ഒട്ടുമിക്ക ഇടവകകളിലും, വിദ്യാലയങ്ങളിലും, മററു സ്ഥാപനങ്ങളിലും സൊഡാലിററികൾ സ്ഥാപിച്ചിട്ടുണ്ടാവാം. എന്നാൽ "ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും" എന്നവയിൽ പലതിനെപ്പററിയും പറയാം. മരിയസഖ്യമെന്ന പേരുപോലും അർഹിക്കാത്തവിധം അവയുടെ നിലവാരം അത്ര അധഃപതിച്ചാണു് കിടക്കുന്നതു്. മരിയൻ സൊഡാലിററിയുടെ സ്വഭാവം, ഉദ്ദേശ്യം, നിയമങ്ങൾ, ഇവ നിശ്ചയമുള്ള അംഗങ്ങൾ തന്നെ ചുരുക്കം. ആഴ്ചയിലൊരിക്കൽ കുറെപ്പേർ ഒന്നിച്ചുകൂടി മാതാവിൻെറ ഒപ്പീസ് നടത്തുകയും, സൗകര്യംപോലെ ചില യോഗങ്ങൾ കൂടുകയും, വിവിധ പരിപാടികളോടുകൂടെ ഒരു വാർഷികം കൊണ്ടാടുകയും ചെയ്താൽ തികതി സൊഡാലിററിയായി എന്നാണെന്നു തോന്നുന്നു പലരുടെയും ധാരണ! സൊഡാലിററി ഒരു ജീവിതരീതിയുടെയാണെന്നും, വ്യക്തിപരമായ ജീവിതവിശുദ്ധി സാധിച്ചു് പരസേവനവും സഭാസംരക്ഷണവും നടത്തി ഉത്തമകത്തോലിക്കരായി ജീവിക്കേണ്ടതു് തങ്ങളുടെ സർവ്വപ്രധാനമായ കടമയാണെന്നും മററുമുള്ള കാര്യങ്ങൾ അവർ വിസ്മരിച്ചുകളയുന്നു. സഖ്യത്തെ റോമിലുള്ള കേന്ദ്ര Prima Primaria ത്തോടു് അഫിലിയേററു ചെയ്താൽ മാത്രമേ അതിനു് പ്രദാനം ചെയ്തിട്ടുള്ള ആനുകൂല്യാവകാശങ്ങളും ദണ്ഡവിമോചനങ്ങളും ലഭിക്കുകയുള്ളൂ. പക്ഷെ ഇങ്ങനെ സംഘടിപ്പിച്ചു് മരിയസഖ്യത്തിൻെറ വിപുലവും വിലപിടിച്ചതുമായ സ്വർഗ്ഗീയനിക്ഷേപത്തിൽ പങ്കുപററിപ്പോരുന്ന സംഘങ്ങൾ നമ്മുടെ നാട്ടിൽ എത്രയുണ്ടു്?

സമർത്ഥമായ നേതൃത്വവും, നേരാംവണ്ണമുള്ള പ്രബോധനവും, നല്ല കേന്ദ്രീകരണവും ഇല്ലാഞ്ഞിട്ടാണു് നമ്മുടെ സഖ്യങ്ങൾ ഇന്നും കുത്തഴിഞ്ഞ പുസ്തകംപോലെ അധഃസ്ഥിതിയിൽ കിടക്കുന്നതു്. ഇടവകകളിലും, വിദ്യാലയങ്ങളിലും മററു സ്ഥാപനങ്ങളിലുമായി ഓരോതിരിഞ്ഞു കിടക്കുന്ന സഖ്യങ്ങൾ സന്ദർശിച്ചു്, നിർദ്ദേശങ്ങൾ നൽകി, സംസ്കരിച്ചു്, ഓർഗനൈസ് ചെയ്തു്, രൂപതാടിസ്ഥാനത്തിൽ സംഘടിപ്പിക്കുവാനായി വിജ്ഞനും കർമ്മകുശലനുമായ ഒരു വൈദികൻ ഓരോ രൂപതയിലും ഉണ്ടായിരിക്കുന്നതു് അഭിലഷണീയമാണു്. രൂപതയിലെ സംഘടന നിർവ്വഹിച്ചു് കഴിയുന്നതുവരെ മുഴുവൻ സമയവും ഈ വിഷയത്തിൽ ചെലവഴിക്കാൻ അദ്ദേഹത്തിനു് സൗകര്യമുണ്ടാകണം. ഈ രൂപതാ പ്രൊമോട്ടർ ഒരു സന്യാസവൈദികനാണെങ്കിൽ ഏററം നല്ലതു്. പ്രമോട്ടർ ബോംബെയിലുള്ള ദേശീയപ്രമോട്ടറുമായി സമ്പർക്കം പുലർത്തുകയും, രൂപതാതിർത്തിക്കകത്തു് 'പ്രീമാപ്രിമാരിയാ'യോടു് അഫിലിയേററുചെയ്യാത്ത എല്ലാ സഖ്യങ്ങൾക്കും അഫിലിയേഷൻ വാങ്ങിക്കൊടുക്കുകയും വേണം. ഇൻഡ്യാ, ബർമ്മാ, സിലോൺ എന്നീ രാജ്യങ്ങളിലെ സൊഡാലിററി സഖ്യങ്ങളെയെല്ലാം സംഘടിപ്പിച്ചു് കേന്ദ്രീകരിക്കുവാനായി അധികൃതസ്ഥാനത്തുനിന്നും നിയമിതനായിരിക്കുന്ന റവ. ഫാ. ബെന്നക്ക് എസ്. ജെ. ആണു് നമ്മുടെ ദേശീയപ്രൊമോട്ടർ. Rev. Fr. Benee S. J., St. Xavier's High School Bombay. ഇതാണു് അദ്ദേഹത്തിൻെറ പൂർണ്ണമായ വിലാസം. ബോംബെയിൽനിന്നും പുറപ്പെടുന്ന "മോർണിംഗ് സ്റ്റാർ" അദ്ദേഹത്തിൻെറ ഒരു ത്രൈമാസികയാണു്. ഫാ. ബെന്നക്കിൻെറ നേതൃത്വത്തിൽ വടക്കെ ഇൻഡ്യയിലെ പല രൂപതകളിലും സൊഡാലിററിസഖ്യങ്ങൾ സംഘടിപ്പിച്ചുവരുന്നുണ്ടു്. ദേശീയകേന്ദ്രമായ ബോംബെയിൽ ഗംഭീരവും ബൃഹത്തായതുമായ ഒരു സെൻട്രൽ ആഫീസ് പണിയിക്കാനുള്ള പ്ലാനും ഫാദർ ബെന്നക്കിനുണ്ടു്.

സഖ്യങ്ങളുടെ നേരാംവണ്ണമുള്ള പ്രവർത്തനത്തിനും നിലനില്പിനുംവേണ്ടി മരിയസഖ്യത്തിൻെറ വിവിധവശങ്ങളെപ്പററി സവിസ്തരം പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളും, മാതൃകാപരമായി നടത്തുന്ന സഖ്യങ്ങളുടെ റിപ്പോർട്ടുകൾ ഉൾക്കൊള്ളുന്നവയും കേന്ദ്രങ്ങളിൽനിന്നും നൽകുന്ന ഔദ്യോഗികനിർദ്ദേശങ്ങളും ആവശ്യകനവയുമായ പ്രസിദ്ധീകരണങ്ങളും സൊഡാലിററിക്കുണ്ടാകണം. കേരളത്തിലെ രൂപതാപ്രൊമോട്ടർമാർ എല്ലാവക്കും ഒരു പ്രാദേശിക സമിതിയും, അതിൻെറ അദ്ധ്യക്ഷനായി ഒരു പ്രാദേശിക പ്രൊമോട്ടറുമുണ്ടായിരുന്നാൽ ഉത്തമമായിരിക്കും. പ്രാദേശികകേന്ദ്രസമിതിയുടെ കീഴിൽ ഒരു പ്രസിദ്ധീകരണവകുപ്പും ആഫീസും ഉണ്ടായിരിക്കുകയും സമിതിയുടെ ആഭിമുഖ്യത്തിൽ നാട്ടുഭാഷയിൽ തയാർചെയ്യുന്ന ഗ്രന്ഥങ്ങളും പ്രസിദ്ധീകരണങ്ങളും മററും ആഫീസിൽനിന്നും വിതരണം നടത്തുകയും ചെയ്താൽ ഇക്കാര്യങ്ങളെല്ലാം കാര്യക്ഷമമായിത്തന്നെ നടക്കുമെന്നു തോന്നുന്നു. അച്ചടിച്ചു് വിതരണംചെയ്യുന്ന നിയമസംഹിതയുടെ ഒരു കോപ്പി സംഘാംഗങ്ങളിൽ ഓരോരുത്തനും ഉണ്ടായിരിക്കണം.

ഏതെങ്കിലും ഇടവകയിലോ മററു സ്ഥാപനങ്ങളിലോ ഉള്ള ഒരു സംഘത്തിൽ വളരെയധികം അംഗങ്ങളുണ്ടായിരുന്നാൽ രണ്ടോ, മൂന്നോ ഗ്രൂപ്പായി തിരിച്ചു് നടത്തുന്നതായിരിക്കും നല്ലതു്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വേറെവേറെ ഗ്രൂപ്പുകളാണു് ആശാസ്യം. അഖിലേന്ത്യാ സൊഡാലിററിദിനം, പാപ്പാദിനം, തുടങ്ങിയവപോലുള്ള വിശേഷാവസരങ്ങളിൽ വിവിധ ഗ്രൂപ്പുകൾചേർന്നു് പൊതുയോഗങ്ങൾ നടത്തണം. താദൃശസന്ദർഭങ്ങളിൽ സമീപത്തുള്ള പല ഇടവകകളിലെ സഖ്യങ്ങൾ ഒന്നുചേർന്നു സംയുക്താഘോഷങ്ങൾ നടത്തുന്നതും അഭിലഷണീയമാണു്. ആവിധമായ സമ്മിളിതപ്രകടനങ്ങൾ സംഘാംഗങ്ങൾക്കു് നവനവമായ ഉന്മേഷവും ഉണർവ്വും പ്രദാനംചെയ്യാതിരിക്കയില്ല. (തുടരും)

---

ക്കുന്നു. ഇതായിരിക്കട്ടെ ഈദൃശ സന്ദർഭങ്ങളിൽ നമ്മുടെ പ്രാർത്ഥന.

പരസ്യമായ ഈ ചടങ്ങുകൾ വഴി നാം ലോകത്തിനു് അമൂല്യമായ ഒരു സാക്ഷ്യവും നൽകുന്നു. സ്നേഹത്തിലും സാഹോദര്യത്തിലും ത്യാഗത്തിലും സഹനത്തിലും അടിയുറച്ച ഒരു ജീവിതധർമ്മത്തിൽ ഞാൻ വിശ്വസിക്കുന്നു എന്നു്. ബാഹ്യമായ പല വിധത്തിലുള്ള വ്യത്യാസങ്ങൾക്കു് ഉപരിയായി, ദൈവത്തിൻെറ പിതൃത്വത്തെ അധാരമാക്കിയുള്ള മനുഷ്യൻെറ സാഹോദര്യത്തിൽ ഞാൻ വിശ്വസിക്കുന്നു. എന്നു "എൻെറ സഹോദരൻെറ കാവൽക്കാരൻ" അവൻ എവിടെ എന്നു ദൈവം അന്വേഷിക്കുമ്പോൾ —"ഇതാ അവൻ— അവനോടും എന്നോടെന്നപോലെ കരുണാപൂർവ്വം വർത്തിക്കേണമേ" എന്നു പറയുവാൻ ആഗ്രഹിക്കുന്നവൻ എന്ന നിലയിൽക്കൂടി ജീവിക്കുവാൻ ഞാൻ പരിശ്രമിക്കുന്നു എന്നുംകൂടി ആയിരിക്കട്ടെ ഈ സാക്ഷ്യം.

---

വേദശാസ്ത്രപംക്തി

## തിരുപട്ടം

തിരുപ്പട്ടം എന്ന കൂദാശയുടെ കർമ്മസാധനം, കർമ്മസ്വരൂപം എന്നിവ ഏവയാണു് എന്ന സംഗതി വേദശാസ്ത്രജ്ഞന്മാരുടെ ഇടയിൽ പലപ്പോഴും വിവാദവിഷയമായിരുന്നിട്ടുണ്ടു്. എന്നാൽ 1947 നവംബർ30-ാംനു- 12-ാം പീയൂസ് മാർപ്പാപ്പാ ഏതത്സംബന്ധമായി ഒരവസാനതീരുമാനം ചെയ്തിരിക്കുന്നു. അതനുസരിച്ചു്, ആറാംപട്ടം, കുർബ്ബാനപ്പട്ടം, മെത്രാൻപട്ടം എന്നീ മൂന്നു പട്ടങ്ങളുടെ കാര്യത്തിലും കർമ്മസാധനം, കാർമ്മികനായ മെത്രാൻെറ കൈവെപ്പാണു്. എന്നുകരുതി, നിയമപ്രകാരമുള്ള മററു കർമ്മങ്ങളിൽ യാതൊന്നും ഉപേക്ഷിക്കാവുന്നതല്ലെന്നു പ്രത്യേകം എടുത്തുപറഞ്ഞിരിക്കുന്നു. പുരോഹിതാഭിഷേകത്തിൽ മെത്രാൻ രണ്ടുപ്രാവശ്യം വൈദികസ്ഥാനാർത്ഥികളുടെ മേൽ കൈവയ്ക്കുന്നുണ്ടു്. ഒന്നു് സകല പുണ്യവന്മാരുടേയും പ്രാർത്ഥന കഴിയുന്ന ഉടനേയും, മറെറാന്നു് അവസാനം, "നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ അവ അവർക്കു മോചിക്കപ്പെട്ടിരിക്കും......" എന്നുപറയുമ്പോഴും. ഇവയിൽ ആദ്യത്തേതാണു് കൂദാശയുടെ സാധുത്വത്തിനു് ആവശ്യമായ കൈവെപ്പെന്നു മാർപ്പാപ്പാതിരുമേനി അദ്ധ്യവസാനം ചെയ്തിരിക്കുന്നു. ആ കൈവെപ്പിനു ശേഷം കരങ്ങൾ വൈദികസ്ഥാനാർത്ഥികളുടെമേൽ ഉയർത്തിപ്പിടിച്ചു പ്രാർത്ഥിക്കുന്നുണ്ടു്. അതും "കർമ്മസാധന"ത്തിലെ അവശ്യഘടകമല്ല. കൂടാതെയും, കാർമ്മികൻ കൂദാശ സ്വീകരിക്കുന്ന ആളുടെ ശിരസ്സിന്മേൽ കൈവയ്ക്കണമെന്നാണു കർമ്മാനുഷ്ഠാനവിധി അനുശാസിക്കുന്നതെങ്കിലും കൂദാശയുടെ സാധുത്വത്തിനു യഥാർത്ഥസ്പർശനം ആവശ്യമില്ലെന്നും കരങ്ങൾ ഏറെക്കുറെ തൊട്ടതായിരുന്നാൽ (Moral, not necessarilyphysical Contact) മതിയെന്നുംകൂടി പരിശുദ്ധപിതാവിൻെറ തിരുവെഴുത്തിൽ പ്രസ്താവിക്കുന്നു.

പ്രസ്തുത മൂന്നു പട്ടങ്ങളുടെ കർമ്മസ്വരൂപങ്ങളെ (കാതലായ വചനങ്ങളെ) പ്പററിയും ആ തിരുവെഴുത്തിൽ ഔദ്യോഗിക തീരുമാനമുണ്ടായിട്ടുണ്ടു്. ആറാംപട്ടത്തിൽ കൈവെപ്പിനുശേഷം മെത്രാൻ ചൊല്ലുന്ന "പ്രെഫാസിയോ"യിലെ താഴെപറയുന്ന വചനങ്ങളാണു കാതലായവ: "കർത്താവേ, റൂഹാദക്കുദശായുടെ ഏഴു ദാനങ്ങളാൽ തങ്ങളുടെ ഉദ്യോഗത്തിൻെറ ചുമതലകൾ ഇവർ വിശ്വസ്തതയോടുകൂടി നിറവേററുന്നതിനു നിൻെറ പരിശുദ്ധാരൂപിയെ ഇവരുടെമേൽ അയക്കേണമെന്നു നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു."

പുരോഹിതാഭിഷേകത്തിൽ, ആദ്യത്തെ കൈവെപ്പിനുശേഷം ചൊല്ലുന്ന "പ്രെഫാസിയോ"യിലെ താഴെ ചേർക്കുന്ന വാക്കുകൾ കാതലായവയാണു്: "സർവ്വശക്തനായ പിതാവേ, പൗരോഹിത്യത്തിൻെറ വല്ലഭത്വത്തെ ഈ നിൻെറ ദാസന്മാർക്കു നൽകേണമെയെന്നു ഞങ്ങളിതാ അപേക്ഷിക്കുന്നു."

മെത്രാഭിഷേകത്തിലെ കർമ്മസ്വരൂപവും "പ്രെഫാസിയോ"യിലെ ഏതാനും വാക്കുകൾതന്നെയാണു്:— "അങ്ങേ പുരോഹിതനിൽ അങ്ങേ ശുശ്രൂഷയുടെ പൂർണ്ണതയെ ഉളവാക്കുകയും സർവ്വമഹത്വീകരണത്തിൻേറയും ഭൂഷണങ്ങളാൽ അയാളെ അലങ്കരിച്ചു് സ്വർഗ്ഗീയ സുഗന്ധതൈലത്താൽ അയാളെ വിശുദ്ധീകരിക്കുകയും ചെയ്യുക."

---

## പുസ്തകാഭിപ്രായം

### മരിയാഗൊരേററി

(ഗ്രന്ഥകർത്താ:- പി. ജി. എം. ദാസ് ചാരുമ്മൂട്ടു്. പ്രസാധകർ മെ. കുര്യൻകമ്പനി, മാന്നാനം. വില 6ണ.)

ജഡികാസക്തിയുടെ നീർച്ചുഴിയിൽ മുങ്ങിത്താഴുന്ന ആധുനിക യുവലോകത്തോടുള്ള ഒരു വെല്ലുവിളിയാണു് ആ പാവനനാമം —മരിയാ ഗൊരേററി. മദാന്ധനായ ഒരു യുവാവിൻെറ മാംസദാഹത്തിൻെറ പിച്ചച്ചട്ടിയിലേക്കു് അവൾ തൻെറ ഹൃദയരക്തം തന്നെ ഊററിക്കൊടുത്തു. ചാരിത്രത്തിൻെറ ബലിക്കല്ലിൽ ആ ധീരബാലിക സ്വപ്രാണൻതന്നെ അർപ്പിച്ചു. പക്ഷെ കന്യാത്വത്തിൻെറവിജയപതാക അവൾ സ്വർഗ്ഗത്തോളം ഉയർത്തി പാറത്തി. ഹൃദയസ്പൃക്കായ ഈ ഇതിവൃത്തമാണു് പ്രകൃതകാവ്യത്തിലെ പ്രതിപാദ്യം.

നാടകങ്ങളും ആഖ്യാനങ്ങളുമായി ഏതദ്വിഷയകമായ ഒട്ടേറെ ഗ്രന്ഥങ്ങൾ ഇതിനകം പ്രസിദ്ധീകൃതങ്ങളായിട്ടുണ്ടു്. എന്നാൽ കരൾ കവരുന്ന കവിതാതനുവിൽ അതു ആദ്യമായി കോർത്തിണക്കിയതു ശ്രീമാൻ പി. ജി. എം. ദാസു് അവർകളാണെന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാണു്. മികവും മിഴിവുമേറിയ ഗാനശൈലിയാണു ശ്രീ ദാസിൻേറതു്. ശബ്ദങ്ങളുടെ താളലയത്തെ തടസ്സപ്പെടുത്തുന്ന പരുക്കൻ പദങ്ങൾ വളരെ വിരളമായേ അദ്ദേഹം പ്രയോഗിക്കു.

"മാലാം പിശാചിൻ കഴുത്തു
കുരുക്കുവാൻ
നൂലുകളോടിക്കു മച്ചേറുപെൺ
കൊടി" (പുറം 2)

"ചോരയിൽ മുങ്ങിക്കുളിച്ചു കിടക്കുന്നു
പാരിൻെറ മാത്തട്ടിലോമൽ
ക്കുമാരിയാൾ" (പു. 7)

ഇത്യാദിസരളവും സുഗ്രാഹ്യവുമായ ഈരടികളുടെ ഗാനസൗകുമാര്യം അതീവഹൃദ്യമത്രെ.

പിഞ്ചുബാലികയുടെ പൊൽപൂമാറിടം കുത്തിമുറിക്കുന്ന ആ നിർദ്ദയനെ ശാസിക്കുന്നതിൽ കവിക്കു് അലംഭാവമില്ല. "ശക്തിയേറിയ വികാരങ്ങളുടെ നൈസർഗ്ഗികമായ കവിഞ്ഞൊഴുകലാണു കവിത"യെന്ന ആംഗല കവിസാർവ്വഭൗമനായ വേർഡ്സ്വെത്തിൻെറ അഭിപ്രായം അന്വർത്ഥമാകുന്നതു് ഇവിടെക്കാണാം.

"അല്ലല്ല പിന്നെയുമെന്തുചെയ്യുന്നു നീ,
കല്ലിലും കല്ലുതന്നാണു നിൻ
ഹൃത്തടം" (പു. 8)
മൊട്ടിട്ടു നിന്നൊരച്ചെമ്പനിനീർച്ചെടി
വെട്ടിമുറിച്ചിട്ടു തല്ലിച്ചതച്ചുനീ
(പു. 9)

കവിയുടെ വികാരം കാവ്യശരീരത്തിലേക്കു ലയിച്ചുചേരുന്ന സാമഞ്ജസ്യമാണു് പ്രസ്തുത വരികളിൽ കാണുന്നതു്. കാകളി, മാരകാകളി, ഉപസർപ്പിണി, താരാട്ടു് തുടങ്ങി കരുണരസപ്രതിപാദനത്തിനു ഏററവും പററിയ ഭാഷാവൃത്തങ്ങൾ തെരഞ്ഞെടുത്തിരിക്കുന്ന ശ്രീ ദാസിൻെറ ഉചിതജ്ഞതയും ശ്ലാഘനീയമത്രെ.

അനവധാനതകൊണ്ടോ മററോ പ്രകൃതഗ്രന്ഥത്തിൽ കടന്നുകൂടിയിട്ടുള്ള ചില ചില്ലറ വൈകല്യങ്ങൾകൂടെ ഗുണീകരണബുദ്ധ്യാ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ.

1. ഈരടികളിൽ ചിലതു സംവൃതോകാരത്തില വസാനിക്കുന്നതു ഗാനസുഗമതയെ ഹനിക്കാം. പാദാന്ത്യവർണ്ണം ദ്വിമാത്രകമായിരിക്കണമെന്നുണ്ടല്ലോ. (ഉദാ. പു. 8, 32-ാം വരി)
2. "അഗ്നിച്ചങ്ങല"യ്ക്കു് "കുസുമമാല" ഭാസ്വത്തായ ഉപമാനമല്ല. (പു. 24)
3. ചിലയിടത്തൊക്കെ പദങ്ങൾക്കു് അർത്ഥവ്യത്യാസം കൂടാതെ ഉച്ചാരണസുഖമുള്ള പുതിയ പാഠങ്ങൾ സ്വീകരിക്കാം. (വൈദ്യുദീപം — വിദ്യുദ്ദീപം പു. 10; അസ്സത്രി—അശ്രുപത്രി പു. 13—15)
4. VI-ാം വിഭാഗത്തിലെ വൃത്തം കാകളിയല്ല.

ശ്രീ ദാസിനും അദ്ദേഹത്തിൻെറ നവീനകലാശില്പത്തിനും മധുരമംഗളങ്ങൾ നേർന്നുകൊള്ളട്ടെ. (മണിമല)

---

### ചെസ്റ്റർട്ടൻെറ ഫാദർ ബ്രൗണിനെപ്പററി

ജി. കെ. ചെസ്റ്റർട്ടൻെറ ഒരു കഥാപാത്രമെന്ന നിലയിൽ സുപ്രസിദ്ധനായിരിക്കുന്ന "ഫാദർ ബ്രൗൺ" കുറേമുമ്പു ചരമഗതി പ്രാപിക്കയുണ്ടായല്ലോ. അദ്ദേഹത്തിൻെറ വകയായ പുസ്തകങ്ങൾ, പടങ്ങൾ, കൗതുകസാമാനങ്ങൾആദിയായവ ഈയിടെ ലേലത്തിൽ വിററതിൽ 2100 പവൻ ലഭിച്ചിരിക്കുന്നു. ഈ വരുമാനങ്ങൾ ദീർഘകാലം അദ്ദേഹത്തിൻെറ ഭരണത്തിൻകീഴിലിരുന്ന പഴയപള്ളിക്കു വച്ചിട്ടുള്ളതാണു്. ലണ്ടനിലെ ഒരു കൗതുകവില്പനഷാപ്പുകാരനാണു് ഇതെല്ലാം ലേലംവിളി കേട്ടതു്. ഫാദർ ബ്രൗണിനെപ്പററി അദ്ദേഹത്തിനു ഇതിനുമുമ്പു യാതൊരറിവും ഉണ്ടായിരുന്നതല്ല. സാമാനങ്ങളുടെ വൈചിത്ര്യംകണ്ടു കച്ചവടക്കാരൻ അത്ഭുതപ്പെട്ടുപോയി.

നീതികഥ

# കാകനും നരിയും

(ജി. സി. ടീലർ)

മദ്ധ്യാഹ്നസൂര്യനുപോലും പ്രവേശനം നിഷേധിക്കുന്ന ഘോരാരണ്യം. കരടി, കടുവാ, പുലി, സിംഹം മുതലായ ഹിംസ്രജന്തുക്കൾ സദാ വിഹരിക്കുന്നു അവിടെ. പച്ചിലക്കുടകൾ വിടുർത്തി നില്ക്കുന്ന അനേകം വൻവൃക്ഷങ്ങൾ കൈകൾ കോർത്തിണങ്ങി നില്ക്കുന്നതുപോലെ തോന്നും ഭീമങ്ങളായ കാട്ടുവള്ളികൾ ഊഞ്ഞാൽപ്പാകത്തിനു തൂങ്ങി പടന്നുകിടക്കുന്നതു കണ്ടാൽ. ചീവീടുകളുടെ വിശ്രമം കൂടാതുള്ള കരച്ചിൽ ആ വനത്തിന്റെ ഭയാനകതയെ വർദ്ധിപ്പിച്ചുകൊണ്ടിരുന്നു.



“ക്രാ, ക്രാ” ഒരു കരിന്താളിയുടെ തുഞ്ചത്തിരുന്നു് കാകൻ കരയുകയായിരുന്നു. പരിചയമുള്ള ഒരു സ്വരമെന്നു തോന്നി തന്റെ മാളത്തിൽ വിശ്രമിച്ചിരുന്ന കുറുനരിക്കു്. അവൻ പുറത്തേക്കു തലനീട്ടി മുകളിലേക്കുന്നംവച്ചൊന്നു കൂകി. തന്റെ സ്നേഹിതന്റെ സ്വരം കാകനും തിരിച്ചറിഞ്ഞു. ഉടനെ അവൻ താഴേക്കു പറന്നിറങ്ങി ഒരു ഞരളവള്ളിയേൽ അള്ളിപ്പിടിച്ചിരുന്നു. കുറുക്കൻ വലിഞ്ഞിറങ്ങി ഒരു പാറക്കെട്ടിന്റെ വിടവിലേക്കു്. അവർക്കു പരസ്പരം കാണാം ഇപ്പോൾ.

“എന്റെ സ്നേഹിതാ,” കുറുക്കൻ സംഭാഷണം ആരംഭിച്ചു: “നിന്നെ കണ്ടിട്ടു് എത്ര കാലമായി! വല്ലാതെ ക്ഷീണിച്ചിരിക്കുന്നു. വെളുത്തു വെളറിയും പോയി.”

“എനിക്കോ ക്ഷീണം! അങ്ങനെ തോന്നുന്നതാ. ഞാൻ വട്ടൻ പെറുക്കുന്ന പശു എന്നോടു പറഞ്ഞു ഞാൻ കുറേ മെഴുത്തു പോയെന്നു്.”

“നീ ഒരു ഭാഗ്യവാൻതന്നെ. എവിടെ ആയാലും നിനക്കു ശാപ്പാടിനു മുട്ടില്ലല്ലോ. ഒന്നുകിൽ ഹോട്ടലിലെ ഇല; അല്ലെങ്കിൽ പശുവിന്റെ വട്ടൻ; അല്ലെങ്കിൽ പഴുത്ത ഫലങ്ങൾ. ഞാൻ എത്ര ദിവസം പാത്തുപതുങ്ങി നടന്നാലാണു് ഒരു ജന്തുവിനെ പിടികിട്ടുക! അതിനു രാത്രിയിൽ ബുദ്ധിമുട്ടി നടക്കയുംവേണം.”

“അതു ശരിയാ. ചിലപ്പോൾ പട്ടികൾ ഓടിക്കും; ഇല്ലേ?”

കുറുക്കനു് ഒരു ഞെട്ടലുണ്ടായി പട്ടികളുടെ കാര്യം കേട്ടപ്പോൾ. അവൻ എഴുന്നേററു നിന്നു് നാലുദിക്കിലേക്കും നോക്കി. അടുത്തെങ്ങും പട്ടികളില്ലെന്നു മനസ്സിലാക്കി അവൻ പഴയസ്ഥാനത്തേക്കു വന്നു. എന്നിട്ടു പറയുകയാണു്: “എനിക്കൊരു പട്ടിയേയും ഭയമില്ല. എങ്കിലും ലോകം വിചാരിക്കുന്നു ഞാൻ പട്ടിയെ ഭയപ്പെട്ടു ജീവിക്കയാണെന്നു്. മറിച്ചാണു വാസ്തവം. എന്നെ ഭയന്നു പട്ടികൾ ഉറങ്ങുന്നില്ല. എന്നെ കാണുമ്പോൾ അവർ പേടിച്ചു നിലവിളിക്കാനും തുടങ്ങും.”

“അയ്യോ! അങ്ങനാണോ? ഞാൻ വിചാരിച്ചു പട്ടി കുരച്ചോടിക്കയാണെന്നു്.”

“എടാ വിഡ്ഢീ, രണ്ടുപേരുതമ്മിൽ വഴക്കുണ്ടാകുമ്പോൾ ജയിക്കുന്ന കക്ഷിയാണോ തോല്ക്കുന്ന കക്ഷിയാണോ അലച്ചു നിലവിളിക്കുന്നതു്?”

“അതു തോല്ക്കുന്ന കക്ഷിയാ.”

“എന്നാൽ ഇനി നീ വിധിക്കു് പട്ടിയോ ഞാനോ വീരൻ?”

“എന്റെ ചങ്ങാതീ, ഇപ്പഴല്ലേ കാര്യം മനസ്സിലായതു്. നീതന്നെ വീരൻ. എങ്കിലും ലോകം എന്തുമാത്രം തെററിദ്ധരിച്ചിരിക്കുന്നു നിന്നെപ്പററി! ഈ തെററിദ്ധാരണ ഒന്നു നീക്കണം.”

കാകന്റെ വിദഗ്ദ്ധാഭിപ്രായം നരിയെ പുളകിതഗാത്രനാക്കി. ഒന്നുരണ്ടു ചാട്ടം ചാടി അവൻ സന്തോഷം പ്രകടിപ്പിച്ചു. എന്നിട്ടു പറയുകയാണു്: “ലോകത്തിൽ ശരിയായി ചിന്തിക്കുന്ന ഒരു ജീവിയുണ്ടെങ്കിൽ അതു നീയാണു്. നിന്നെപ്പോലെ ഉശിരും തന്റേടവുമുള്ള മറെറാരാളെ ഞാൻ കണ്ടിട്ടില്ല. അതുകൊണ്ടു് നീ എന്നോടൊന്നു പറയണം ഈ പട്ടിയെ ലോകം ഇത്ര ബഹുമാനിക്കുവാൻ അവനിൽ എന്തു നന്മയാണുള്ളതെന്നു്. അവൻ തെണ്ടിനടക്കാറില്ലേ? വൃത്തികെട്ട സാധനങ്ങൾ തിന്നാറില്ലേ?”

“പിന്നെ; അതൊക്കെ പതിയെ പറയണോ. എങ്കിലും ഇതൊന്നും ലോകം കാണുന്നില്ല. അവൻ നല്ല വീടുസൂക്ഷിപ്പുകാരനാണു്, യജമാനസ്നേഹമുള്ളവനാണു് എന്നൊക്കെയാണു് അവനെപ്പററി ആളുകൾ പറഞ്ഞുപരത്തുന്നതു്. അതൊക്കെ സഹിക്കാം. കൊടുക്കുന്നെങ്കിൽ പട്ടിക്കുകൊടുക്കണമെന്നുകൂടി അവർ പറയുന്നതെങ്ങനെ സഹിക്കും?”

“അങ്ങനെയോ! കൊള്ളാം. എന്നാൽ അവനിലുള്ള ദോഷങ്ങളെല്ലാം കണ്ടുപിടിച്ചു് ഒരു പ്രചരണവേല നടത്തണം. നീ തിന്മകളെല്ലാം ചികഞ്ഞു കണ്ടുപിടിക്കുക. ഞാൻ അതെല്ലാം എടുത്തു കൂകി പ്രചരിപ്പിച്ചുകൊള്ളാം. ഇനി, നമ്മുടെ രണ്ടാം നമ്പർ ശത്രു ആരാണു്?”

“പട്ടി കഴിഞ്ഞാൽ പിന്നെ അടുത്തതു പശു. കാമധേനു എന്നും മററും പറഞ്ഞാണു് ലോകം അവളെ മതിക്കുന്നതു്. തുളസിഇല കടിച്ചുതിന്നുകൊണ്ടിരിക്കുന്ന പശുവിനെ വെണ്ണനെയ്യ് ഉരുട്ടി എറിയാമെന്നേ ബ്രാഹ്മണർക്കു വിധിച്ചിട്ടുള്ളു. അവളിൽ നിന്നും ലഭിക്കുന്ന അഞ്ചു സാധനങ്ങൾകൊണ്ടാണു് പഞ്ചഗവ്യം ഉണ്ടാകുന്നതു്. ഇങ്ങനെ പലതും ലോകം അവളെക്കുറിച്ചു പുകഴ്ത്തിപ്പറയുന്നു. അതു കേൾക്കുമ്പോൾ കുറച്ചൊന്നുമല്ല എനിക്കു ഹൃദയവേദന. അവളുടെ രക്തം ഈമ്പിക്കുടിക്കുന്ന വട്ടൻ കൊത്തിപ്പെറുക്കാൻ ഞാൻ വേണം. എന്നിട്ടു് ഒററ മനുഷ്യനെങ്കിലും എന്റെ കാര്യം പറയുന്നുണ്ടോ? വീടിന്റെ പരിസരങ്ങൾ വൃത്തിയാക്കാൻ ചെല്ലുന്ന എന്നെ പഞ്ഞക്കാക്ക എന്നുപോലും അവർ വിളിച്ചുകളയുന്നു.”

“എന്റെ സ്നേഹിതാ, ഈ ലോകത്തിനു വകതിരിവെന്നു പറഞ്ഞതു തൊട്ടുതേച്ചിട്ടുണ്ടോ? ചുണയും തന്റേടവുമില്ലാത്ത പശുക്കളെ ബഹുമാനിക്കുന്ന ഈ വ്യവസ്ഥിതി മാറി നമ്മളെ ഒക്കെ അറിഞ്ഞു വിലവയ്ക്കുന്ന ഒരു കാലമുണ്ടാകും. ഇന്നത്തെ ലോകം നമ്മുടെ വില അറിയുന്നില്ല. വെണ്ണയുടെയും പാലിന്റെയും പുറകേ പായുന്ന ലോകത്തിനു് യാഥാർത്ഥ്യംകാണുവാൻ കണ്ണില്ലാതെപോകുന്നതു അത്ഭുതമാണോ? ഇനി നാം രംഗത്തിറങ്ങി പ്രവർത്തിക്കണം. തൊഴിക്കുന്ന പശുക്കളില്ലേ? കുത്തുന്ന പശുക്കളില്ലേ? വിളവു നശിപ്പിക്കുന്ന പശുക്കളില്ലേ?”

“ഓഹോ; വളരെ, വളരെ.”

“എന്നാൽ അവരുടെയൊക്കെ കാര്യമങ്ങു വിളമ്പണം. അപ്പോൾ കാണാം പശുക്കൾ ഓരോന്നിനെ പിടിച്ചു മനുഷ്യർ കൊന്നുതിന്നാൻ തുടങ്ങുന്നതു്.”

“അതു പററിയ പണി. ഇന്നുതന്നെ അവക്കെതിരായി ഒരു പ്രചരണവേല നടത്തിയേക്കാം. നമ്മുടെ മൂന്നാംനമ്പർ ശത്രു, ആടുണ്ടല്ലോ.”

ആടു് എന്ന പേരു കേട്ടപ്പോൾത്തന്നെ കുറുക്കന്റെ നാക്കിൽക്കൂടി വെള്ളമൊഴുകുവാൻ തുടങ്ങി. എങ്കിലും അതൊന്നും പുറത്തറിയിക്കാതെ ആക്രോശിച്ചു: “ആ പാവപ്പെട്ട ജന്തുക്കൾ! അതിന്റെ പാലും മാംസവും ദുഷ്ടനായ മനുഷ്യനുവേണം. പുല്ലും വെള്ളവും അതിനു കൊടുക്കയുമില്ല. ഒരുതരം മാംസവും ഉപയോഗിക്കാത്തവർപോലും ആട്ടിറച്ചി കിട്ടിയാൽ വിട്ടുകളകയില്ല. ഡോക്ടർമാർ രോഗികൾക്കു വിധിക്കുന്നതു് ആട്ടിൻമാംസവും കരളും. അങ്ങനെ യഹോവാ സൃഷ്ടിച്ച ഒരു കുലം മുഴുവനായി നശിക്കുവാൻ പോകുന്നു. ആരാണു് ഇതേപ്പററി അല്പം ചിന്തിക്കുന്നതു്? പുരോഹിതന്മാരും മതഭക്തന്മാരുമില്ലേ മനുഷ്യരുടെ ഇടയിൽ ധാരാളം? അവക്കൊന്നും ഇതേപ്പററി ചിന്തിക്കേണ്ട ആവശ്യമില്ല. അവക്കതുകൊണ്ടാദായമില്ല. അതുതന്നെ കാരണം. അതുകൊണ്ടു് ഇന്നുതന്നെ നാം ആടുകളുടെ ഇടയിൽ ഒരു പ്രചരണവേല നടത്തണം. സ്വാതന്ത്ര്യത്തെപ്പററി അവരോടു പ്രസംഗിക്കണം. അവർ യജമാനന്മാരുടെ കൂടുവിട്ടിറങ്ങി ഈ വൻകാടുകളിൽ സ്വൈരമായി വിഹരിക്കട്ടെ.”

നരിയുടെ ആവേശഭരിതമായ പ്രസംഗം കേട്ടപ്പോൾ കാകന്റെ തൂവലുകളെല്ലാം എഴുന്നുനിന്നു. പലപ്രാവശ്യം ചിറകടിച്ചു തന്റെ അഭിനന്ദനം അവൻ രേഖപ്പെടുത്തി. “മഹാനായ സ്നേഹിതാ, നിന്റെ വിശാലമനസ്കതയുടെയും സമസൃഷ്ടിസ്നേഹത്തിന്റെയും മുമ്പിൽ എന്റെ ആയിരം ചിറകടികൾ”—എന്നു പറഞ്ഞു് ഒരു മണിക്കൂർ നേരത്തെ ചിറകടി കാകൻ. തന്നെ പ്രശംസിക്കുന്ന ഒരാളെ കണ്ടുമുട്ടിയതിൽ കുറുനരിക്കുണ്ടായ ആനന്ദം അവർണ്ണനീയമായി. അവൻ തുടർന്നു: “നാം ഉദ്ധരിക്കേണ്ട ഒരു കൂട്ടർകൂടിയുണ്ടു്—കോഴികൾ.”

കോഴിക്കുഞ്ഞുങ്ങളുടെ കാര്യമോർത്തപ്പോൾ കാക്കയുടെ ചുണ്ടു കോരിത്തരിച്ചു. കാലേൽ അതു തേച്ചുമിനുക്കി അവൻ. എന്നിട്ടു് പൊങ്ങിപ്പറന്നു ചുററും കണ്ണോടിച്ചു. തിരിച്ചുവന്നു ഞരളവള്ളിയേൽ ഇരിപ്പായി. “കോഴിയെ ഉദ്ധരിക്കാൻ ഒരു പററിയപണി ഞാൻ പറയട്ടേ?”

സുപ്രസിദ്ധങ്ങളും
നീർവീഴ്ച, ക്ഷയം, ഏങ്ങൽ മുതലായ രോഗങ്ങളിൽ ഏററവും ഫലപ്രദങ്ങളുമായ 3 സിദ്ധൗഷധങ്ങൾ
നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാതൈലം
കൂടുതൽ വിവരങ്ങൾ
അറിയേണ്ടും കാര്യങ്ങൾ
എന്ന പുസ്തകത്തിൽ.
പേജ് 500 — വില 2—0—0
ടി. ഔഷധങ്ങളും പുസ്തകവും ഏതെല്ലാം സ്ഥലങ്ങളിൽ കിട്ടും, എന്നുംമററുമുള്ള വിശദവിവരങ്ങൾക്കു് എഴുതുക:
കാളൻ, നെല്ലായി

“നിന്റെ ഏതഭിപ്രായവും എനിക്കു സ്വീകാര്യമാണു്. നിന്നെപ്പോലെ ബുദ്ധിയുള്ള മറെറാരാളെ ഞാൻ കണ്ടിട്ടില്ലെന്നു മുമ്പേതന്നെ ഞാൻ പറഞ്ഞല്ലോ.”

“കോഴിയെ ഉദ്ധരിക്കണമെങ്കിൽ കോഴിയുടെ ശത്രുക്കളെ നശിപ്പിക്കണം. പരുന്തും കഴുകനുമാണു് പാവപ്പെട്ട കോഴിക്കുഞ്ഞുങ്ങളെ വിഴുങ്ങി ആ കുലത്തിനു നാശം വരുത്തിവയ്ക്കുന്നതു്.”

“ഭോഷാ, പൊങ്ങിപ്പറക്കുന്ന ജാതിയാണു കഴുകനും പരുന്തും. നമുക്കാർക്കും പിടികിട്ടുകയില്ല. മനുഷ്യർക്കുമാത്രമേ അവരെ ഓടിക്കുവാൻ സാധിക്കൂ.”

“കഷ്ടം! ബുദ്ധിമാനായ നീ അബദ്ധം പറയുവാൻ തുടങ്ങിയിരിക്കുന്നു. പരുന്തിനേയും കഴുകനേയും ഓടിക്കുവാൻ എനിക്കു കഴിയും.”

“എന്നാൽ വളരെ നന്നു്. തരം കിട്ടുമ്പോഴെല്ലാം നീ അവയെ ഓടിച്ചുകൊള്ളുക. കോഴിയുടെ ഒരു കുഞ്ഞിനും നാശം ഭവിക്കരുതു്. യഹോവായുടെ ശ്രേഷ്ഠസൃഷ്ടിയായ മനുഷ്യനു മുട്ടയും മാംസവും നൽകുന്ന ഒരു വകയാണതു്. അതിനു് കാററും വെളിച്ചവും ധാരാളം കിട്ടത്തക്കവിധത്തിൽ കൂടിന്റെ അഴികൾക്കു തമ്മിൽ അകലമുണ്ടായിരിക്കണമെന്നുപദേശിച്ചുകൊള്ളുക. അതിന്റെ യജമാനൻ സമ്മതിക്കയില്ലെങ്കിൽ അയാളുടെ പടിക്കൽ രാത്രിയിൽ ഒരു കുത്തിയിരുപ്പുസത്യഗ്രഹം അതു നടത്തട്ടെ.”

“അതിന്റെ കുഞ്ഞുങ്ങൾക്കു സ്വാതന്ത്ര്യം കൊടുത്തു വളർത്തണമെന്നാണു് എന്റെ പക്ഷം. അധികം പ്രായമായിക്കഴിഞ്ഞാൽ സ്വാതന്ത്ര്യബോധം ഒന്നിന്റെയും തലയിൽ കയറുകയില്ല. കൂട്ടിൽ തഴങ്ങിയതു് കൂടേ ഇഷ്ടപ്പെടൂ. അതിനാൽ മൂത്ത കോഴികളെ വിട്ടിട്ടു കോഴിക്കുഞ്ഞുങ്ങളെ നാം അഭ്യസിപ്പിക്കണം. അവ കൂടില്ലാതെ വളരട്ടെ.”

“അവർതമ്മിൽ അല്പം ദീർഘമായി നടന്നു മൂത്ത കോഴിയേയും കുഞ്ഞുകോഴിയേയും സംബന്ധിച്ചുള്ള വാഗ്വാദം. ഇരുവരുടെയും ഭാഗത്തു് യുക്തിയായ ന്യായങ്ങൾ നിരന്നുനിന്നതിനാൽ ഇരുവരും തോററുമില്ല ജയിച്ചുമില്ല. എങ്കിലും മററുള്ള എല്ലാക്കാര്യങ്ങളിലും രണ്ടുപേർക്കും വാക്സമരം കൂടാതെ യോജിക്കുവാൻ കഴിഞ്ഞു എന്നതു് ഇരുവരിലും കൃതാർത്ഥതയുളവാക്കി. അന്നത്തെ അവരുടെ സമാഗമത്തിന്റെ ഒരു സ്മാരകം നിലനിറുത്തുവാൻതന്നെ അവർ തീരുമാനിച്ചു. നരിയാണു് ഉപസംഹാരം നിർവ്വഹിച്ചതു്. അവൻ പറഞ്ഞു: “മാന്യസ്നേഹിതാ, നിന്നെയും എന്നെയും ലോകം ആക്ഷേപവർഷം ചെയ്യുകയാണു്. വഞ്ചനയ്ക്കും, ചതിക്കും, ശോഷണത്തിനും പര്യായമായി ലോകം എന്റെ നാമം ഉപയോഗിക്കുന്നു. കൊതിക്കും ദുരാഗ്രഹത്തിനും നിന്റെ നാമവും. എന്നാൽ നമ്മെപ്പററി പറയുവാൻ, നമ്മെ സ്തുതിക്കുവാൻ ലോകത്തിൽ ഒരു നാവും ഉയരുന്നില്ല. അതുകൊണ്ടു നാംതന്നെ അക്കാര്യം നോക്കണം. പകൽ മുഴുവനും നീ നിന്നെപ്പററി പ്രശംസിച്ചു് ഏവരോടും പറഞ്ഞുകൊള്ളുക. രാത്രി മുഴുവനും ഞാൻ എന്നെപ്പററി പറഞ്ഞുകൊള്ളാം. അങ്ങനെ നാം ഇരുവരും കൂട്ടുചേർന്നാൽ രാത്രിയും പകലും നമ്മുടേതായിത്തീരും.”

കാകനു വളരെ സ്വീകാര്യമായിത്തോന്നി ആ അഭിപ്രായം. പകൽ മുഴുവനും ഇപ്പോൾ “ക്രാ, ക്രാ,” എന്നു കരഞ്ഞുകൊണ്ടു് അതു ലോകത്തെ ദ്രോഹിക്കയാണു്. കാണുന്നവരെല്ലാം അതിനെ ആട്ടിപ്പായിക്കയും ചെയ്യുന്നു. രാത്രി മുഴുവനും കുറുക്കൻ “ക്കുവാ, ക്കുവാ” എന്നു കൂകുകയാണു്. ആ സ്വരം കേൾക്കുന്നമാത്രയിൽ പട്ടികൾ കൂട്ടംകൂടി അവനെ ഓടിക്കുന്നു. മനുഷ്യർ അവന്റെ പുറകേ പട്ടിയെ ഓടിച്ചു് “പിടി, പിടി” എന്നു പറയുന്നു. കാക്കയുടെ ചരിത്രവും കുറുക്കന്റെ ചരിത്രവും എല്ലാവർക്കും അറിയാം. അതിനാൽ അവരുടെ ക്രായും, ക്കുവായും തിരസ്കരിക്കപ്പെടുന്നു.



“പകൽ മുഴുവനും നീ നിന്നെപ്പററി പ്രശംസിച്ചു് ഏവരോടും പറയുക. രാത്രി മുഴുവനും ഞാൻ എന്നെപ്പററി പറഞ്ഞുകൊള്ളാം.”

—— 

## ഗ്രീക്കു ശീശ്മ കുടുംബങ്ങൾ കത്തോലിക്കാസഭയിലേക്കു്

അമേരിക്കയിൽ ഓഹിയോ പ്രദേശത്തുള്ള ഒരു ഗ്രീക്കു ശീശ്മ ഇടവക മുഴുവൻ ഈയിടെ കത്തോലിക്കാസഭയിൽ പ്രവേശിച്ചിരിക്കുന്നു. ഒരു നൂറോളം കുടുംബങ്ങളുള്ള ഈ ഇടവകയുടെ വികാരിയായിരുന്ന ഫാദർ ബാസിൽ അന്റോനോഫ് എന്ന ദേഹം ഏതാനും കൊല്ലങ്ങൾക്കു മുമ്പു ഇതിനു ശ്രമം തുടങ്ങിയതാണു്. നാലുകൊല്ലംമുമ്പു് അദ്ദേഹം തന്റെ മരണശയ്യയിൽവച്ചു കത്തോലിക്കനായി ദേഹവിയോഗംചെയ്തു. അദ്ദേഹത്തിന്റെ പിൻഗാമിയായ ഫാദർ ഗ്രിഗരി ബേർസിനേക്കു് ഇപ്പോൾ ആ ഉദ്യമം സഫലമാക്കുകയാണുണ്ടായതു്.

# Sathya Deepam

Vol. 26 Ernakulam April 22, 1953 No. 34


# വിവിധവൃത്താന്തങ്ങൾ

### പുതിയ ജർമ്മൻ കർദ്ദിനാൾ തയ്യൽക്കാരന്റെ പുത്രൻ

മ്യൂണിച്ചു മെത്രാപ്പോലീത്തായായ കാർഡിനൽ വെൻഡെൽ തിരുമനസ്സുകൊണ്ടു കർദ്ദിനാൾ സ്ഥാനത്തേക്കു് ഉയർത്തപ്പെട്ടതിനെത്തുടർന്നു് സ്വന്തമാതാപിതാക്കന്മാരെ തന്റെ ഭദ്രാസനനഗരത്തിൽ കൊണ്ടുവന്നു താമസിപ്പിച്ചിരിക്കയാണു്. തിരുമേനിയുടെ പിതാവു സാർപ്രദേശത്തു വസിച്ചിരുന്ന ഒരു തയ്യൽജോലിക്കാരനത്രെ. ഇപ്പോൾ 82 വയസ്സു പ്രായമുണ്ടു്. മാതാവിനു 78 കഴിഞ്ഞു. തന്റെ മുൻഗാമിയായിരുന്ന കാർഡിനൽ ഫവുൾഹാബർ തിരുമേനി ഒരു ബോമ്മക്കാരന്റെ പുത്രനായിരുന്നു. കാർഡിനൽ വെൻഡെൽ എഞ്ചിനീയറിങ്ങു് ജോലികളിൽ വളരെ വിദഗ്ദ്ധനാണു്. റോമിലെ ജർമ്മൻകോളെജിൽ അദ്ധ്യയനം ചെയ്തുകൊണ്ടിരുന്ന കാലത്തു് അദ്ദേഹം സ്വന്തകൈപ്പണികൾകൊണ്ടു അവിടെ ഒരു പുതിയ ലൈററിങ്ങുസമ്പ്രദായം ഏർപ്പെടുത്തുകയുണ്ടായി. തിരുമേനി സ്പെയറിലെ മെത്രാനായിരിക്കയിൽ ഒരിക്കൽ കത്തീഡ്രലിലെ ലൗഡ്സ്പീക്കർ പ്രവർത്തിക്കാതായി. പല വിദഗ്ദ്ധന്മാർ ശ്രമിച്ചിട്ടും അതു നടത്താൻ സാധിച്ചില്ല. ഒടുവിൽ മെത്രാൻതന്നെ ചെന്നു മൈക്കു് ശരിപ്പെടുത്തുകയാണുണ്ടായതു്.

### ഫാദർ പെയ്റ്ററൻ ജർമ്മനിയിൽ

കുടുംബ ജപമാല പ്രാർത്ഥനയുടെ പ്രചാരണത്തിനായി ലോകപര്യടനം നടത്തിവരുന്ന ഫാദർ പാട്രിക്കു് പെയ്റ്ററൺ ഇപ്പോൾ ജർമ്മനിയിൽ എത്തിയിരിക്കയാണു്. മ്യൂണിച്ചിൽ ആസ്ഥാനം ഉറപ്പിച്ചുകൊണ്ടു റേഡിയോ വഴി ഇരുമ്പുയവനികയ്ക്കുള്ളിലേക്കും തന്റെ സന്ദേശം പ്രചരിപ്പിക്കുന്നതിനാണു് അദ്ദേഹം ശ്രമിക്കുന്നതു്. വിവിധ കമ്മ്യൂണിസ്റ്റു് പ്രദേശങ്ങളിൽനിന്നുമായി അവിടെയുള്ള അഭയാർത്ഥികൾമുഖേന റഷ്യ തുടങ്ങിയുള്ള നിരീശ്വരരാജ്യങ്ങളിലേക്കു് അവരവരുടെ ഭാഷകളിൽ പ്രക്ഷേപണം നടത്തുന്നതാണു്. "11 കൊല്ലമായി നടത്തിവരുന്ന ജപമാലാപ്രേഷിതജോലിയിൽ ഇവിടത്തേതു് ഏററം പ്രധാനമായി ഞാൻ കരുതുന്നു" എന്നത്രെ അദ്ദേഹം ഒരു പ്രസ്താവനയിൽ പറയുന്നതു്.

### ഇററാലിയൻകമ്മ്യൂണിസ്റ്റുകാർ പാർട്ടിയിൽനിന്നു പിരിയുന്നു

ദക്ഷിണ ഇററലിയിലെ മൂന്നു നഗരങ്ങളിൽനിന്നായി അനേകശതം കർഷകർ കമ്മ്യൂണിസ്റ്റു് പാർട്ടി വിട്ടു് ക്രിസ്റ്റ്യൻ ഡെമോക്രാററിക്കു് പാർട്ടിയിൽ ചേർന്നിരിക്കുന്ന വിവരം റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു. ദാരിദ്ര്യത്തിന്റെയും ഭക്ഷ്യദൗർലഭ്യത്തിന്റെയും കേന്ദ്രങ്ങളായിരുന്ന ഈ പ്രദേശങ്ങൾ കമ്മ്യൂണിസ്റ്റുകാരുടെ വാഗ്ദാനങ്ങളാൽ വശീകൃതമായി അവരുടെ കെണികളിൽ നിപതിച്ചിരുന്നതാണു്. എന്നാൽ കമ്മ്യൂണിസ്റ്റുവാഗ്ദാനങ്ങൾ വ്യർത്ഥമാകയും, മാർഷൽ പദ്ധതി സംബന്ധിച്ചുള്ള പബ്ലിക്കമരാമത്തു ജോലികൾ അവിടെ ധാരാളമായി ആരംഭിക്കയും ചെയ്തതോടെ അവർ ഡെമൊക്രാററിക്കു് പാർട്ടിയിലേക്കു പിന്തിരിയുകയാണു ചെയ്യുന്നതു്. സാൻസെവേരോ നഗരം മിക്കവാറും പൂർണ്ണമായി കമ്മ്യൂണിസ്റ്റുവലയിൽ പെട്ടുപോയിരുന്നു. 400 തൊഴിലാളികൾ ഒന്നിച്ചു് അവിടെ പാർട്ടിബന്ധം പരിത്യജിച്ചതുമുതൽ അവിടത്തെ ചെങ്കോട്ട തകർന്നു തുടങ്ങിയിരിക്കയാണു്. അസ്കോളി, സത്രിയാനോ, കന്റേല്ലുച്ചിയോ എന്ന നഗരങ്ങളിലെ അനുഭവവും ഇതുതന്നെ. സാധു കർഷകർക്കു കൃഷിക്കു വേണ്ട ധനസഹായങ്ങളും സ്ഥലസൗകര്യങ്ങളും ഗവർമ്മെന്റു അവിടെ നൽകിവരുന്നതിനാൽ സ്ഥിതിഗതികൾ അതിവേഗത്തിൽ വ്യത്യാസപ്പെട്ടുവരുന്നു. പ്രസംഗംകൊണ്ടു മാത്രം കമ്മ്യൂണിസം നശിക്കയില്ലെന്നുള്ള ചൊല്ലു് അവിടെയും സ്ഥിരീകരിക്കപ്പെട്ടുവെന്നു ചുരുക്കം.

### കാർഡിനൽ ഗിൽറോയി പത്രപ്രതിനിധികളോടു

ശതാബ്ദാഘോഷങ്ങൾ കഴിഞ്ഞു് കാർഡിനൽ ഗിൽറോയി ഫിലിപ്പൈൻസ് ദ്വീപിലേക്കാണു പോയതു്. ജനുവരി 6 മുതൽ മൂന്നാഴ്ചക്കാലത്തേക്കു മനിലായിൽവച്ചു നടന്ന അവിടത്തെ പ്രഥമ പ്ലെനറി കൗൺസിലിൽ തിരുമേനിതന്നെയായിരുന്നു പേപ്പൽ പ്രതിനിധി. ക്ലേശാവഹങ്ങളായ ഈ ജോലികളെല്ലാം വിജയകരമായി നിർവ്വഹിച്ചശേഷം ഓസ്ട്രേലിയായിൽ മടങ്ങിയെത്തിയ തിരുമേനി തന്റെ പര്യടനത്തിന്റെ ഒരു ചുരുങ്ങിയ വിവരം പത്രപ്രതിനിധികൾക്കു നൽകുകയുണ്ടായി. മൈലാപ്പൂരിൽ മാർത്തോമ്മാശ്ലീഹായുടെ കബറിടത്തിങ്കൽ ദിവ്യപൂജ അർപ്പിച്ചതും, മൈസൂർ ചീഫ്മിനിസ്റ്റർ സ്റ്റെയിററ്ഡിന്നർ നൽകിയതും, മാർ ഈവാനിയോസ് തിരുമേനിയെ സന്ദർശിച്ചതും, തിരു-കൊച്ചി രാജപ്രമുഖനോടൊന്നിച്ചു ലഞ്ചുനടത്തിയതും, ഫാത്തിമാ കോളെജു് ആശീർവ്വദിച്ചതും, തൃശ്ശൂർ നഗരത്തിലെ ആഘോഷസ്വീകരണവും മററും പ്രത്യേകം എടുത്തുപറഞ്ഞിട്ടുണ്ടു്. ശതാബ്ദാഘോഷപ്പന്തലിന്റെ നാമംതന്നെ കൗതുകപൂർവ്വം പലപ്രാവശ്യം ആവർത്തിച്ചുപറഞ്ഞിരിക്കുന്നതായിക്കാണാം. ഒന്നരമൈൽ ദീർഘിച്ച ദിവ്യകാരുണ്യപ്രദക്ഷിണത്തിന്റെ പ്രൗഢിയും തിരുമേനി വിസ്മരിച്ചില്ല. "ഞാൻ സന്ദർശിച്ച സ്ഥലങ്ങളിലെല്ലാം പ്രത്യക്ഷമായ ഭാരതീയകത്തോലിക്കരുടെ ഭക്തിപ്രചുരിമ എന്നെ അഗാധമായി സ്പർശിച്ചു. അതു അത്യന്തം മാതൃകാപരമായിരുന്നെന്നുതന്നെ പറയണം. അവരുടെ മതം അവരുടെ ജീവിതചര്യയിൽ പ്രഥമഘടകമായി അവർ കരുതുന്നു. പരിശുദ്ധ പിതാവിന്റെ നേർക്കുള്ള അവരുടെ സ്നേഹാദരങ്ങൾ എന്നെ വല്ലാതെ ഇളക്കിക്കളഞ്ഞു" എന്നിങ്ങനെ തിരുമേനി സമാപിച്ചിരിക്കുന്നു.

### താറുവെള്ളത്തിന്റെ പ്രേഷിതനായിരുന്ന ബിഷപ്പ്

അയർലണ്ടിൽ ക്ലോയിൻ എന്ന സ്ഥലത്തെ പ്രോട്ടസ്റ്റൻറു ബിഷപ്പായിരുന്ന ജോർജ്ജു ബെർക്കെലി എന്ന ദേഹം മരിച്ചിട്ടു ഈ മാസത്തിൽ ഇരുനൂറുകൊല്ലം തികയുന്നു. അദ്ദേഹം ഒരു വലിയ തത്വശാസ്ത്രജ്ഞനും രസതന്ത്രജ്ഞനുമായിരുന്നു. എന്നാൽ താർവെള്ളത്തിന്റെ പ്രേഷിതൻ എന്ന നിലയിലാണു് അദ്ദേഹം കൂടുതൽ പ്രസിദ്ധനായിരുന്നതു്. അദ്ദേഹം തന്റെ ഒരു കുഴഞ്ഞ രോഗം താർവെള്ളം ഉപയോഗിച്ചു സുഖപ്പെടുത്തി. അനന്തരം പല രോഗങ്ങൾക്കും അതു പരീക്ഷിച്ചുനോക്കി. ഒടുവിൽ എല്ലാ രോഗങ്ങൾക്കും കൈകണ്ട ഔഷധമാണതു് എന്ന അഭിപ്രായത്തിൽ അദ്ദേഹം എത്തിച്ചേർന്നു. 1774-ൽ ഈ ഒററമൂലികയുടെ ഫലസിദ്ധിയെ സംബന്ധിച്ചു അദ്ദേഹം ഒരു പുസ്തകംതന്നെ പ്രസിദ്ധപ്പെടുത്തി. രണ്ടു ഷില്ലിങ്ങു വിലയായിരുന്ന ആ പുസ്തകത്തിൽ ഒരിടത്തു തന്റെ വൈദ്യവിധിയെ സമാഹരിച്ചു് അദ്ദേഹം പറയുന്നു: ഒരു ക്വാർട്ടു താർമഷി ഒരു ഗാലൻ വെള്ളത്തിലിട്ടു നാല്പത്തെട്ടുമണിക്കൂർ സൂക്ഷിക്കുക. അനന്തരം തെളിവെള്ളം ഊററിയെടുക്കണം. രാവിലെയും, ഉച്ചകഴിഞ്ഞു 5 മണിക്കും അരപൈൻറുവീതം ആ വെള്ളം കുടിക്കുക. പല രോഗങ്ങൾക്കും ഇതു പററിയ പ്രതിവിധിയായിരിക്കും." ഒരിടയ്ക്കു നമ്മുടെ നാട്ടിൽ ചിലേടത്തു പ്രചാരത്തിൽവന്ന ചുണ്ണാമ്പുവെള്ളച്ചികിത്സപോലെ അയർലണ്ടിൽ അക്കാലത്തു ഇതിനു വലിയ പ്രസിദ്ധിയായിരുന്നു. ഹോട്ടലുകളിലും മററും ഊണുകഴിഞ്ഞു്, ഒരു കപ്പു ചായയോ കാപ്പിയോ കൊടുക്കുന്നതിനുപകരം ഒരു ടംബ്ളർ താറുവെള്ളമാണത്രെ നൽകപ്പെട്ടിരുന്നതു്.

### വിൻസെൻറു ഡി പോൾ സംഘത്തിലെ ഒന്നാമത്തെ അനുഗൃഹീതൻ

കൊൻറാർഡോ ഫെരീനി എന്ന യൂണിവേർസിററി പ്രൊഫസർക്കാണു് ഈ ഉന്നതപദവി സിദ്ധിച്ചിരിക്കുന്നതു്. ഇററലിയിലെ മുൻപ്രധാനമന്ത്രിയായിരുന്ന സിഞ്ഞോർ ഒർലാൻഡോ, ഫെരീനിയോടൊന്നിച്ചു മെസ്സീനാ സർവ്വകലാശാലയിൽ പഠിപ്പിച്ചിരുന്ന കാലഘട്ടത്തെ ആ രാജ്യതന്ത്രപ്രമുഖൻ ആജീവനാന്തം ഭക്ത്യാദരപൂർവ്വം സ്മരിച്ചിരുന്നു. ഒർലാൻഡോ കോമൺലോയും, ഫെരീനി റോമൻലോയുമാണു് അവിടെ പഠിപ്പിച്ചിരുന്നതു്. മാർട്ടിനേത്തി എന്ന വേറൊരു യുവപ്രൊഫസറും ഇവരോടൊന്നിച്ചു താമസിച്ചുവന്നു. മൂന്നുപേരും അടുത്തടുത്തുള്ള മുറികളിൽ പാർത്തിരുന്നു, ഒന്നിച്ചു ഭക്ഷിച്ചിരുന്നു, ഒന്നിച്ചു വിശ്രമിച്ചിരുന്നു. എന്നാൽ ദിവസേന രാവിലെ ഫെരീനി അപ്രത്യക്ഷനാകും. കൂട്ടുകാർക്കു രണ്ടുപേർക്കും ഇക്കാര്യത്തിൽ പല സംശയങ്ങളും തോന്നി. എവിടേക്കാണീ പുറപ്പാടെന്നു കണ്ടുപിടിക്കാൻ തന്നെ അവർ തീർച്ചപ്പെടുത്തി. 60 കൊല്ലങ്ങൾക്കു ശേഷം സിഞ്ഞോർ ഒർലാൻഡോ ഈ രഹസ്യം വെളിപ്പെടുത്തിയിരിക്കുന്നതു ഇപ്രകാരമാണു്: "ഞങ്ങൾ ഒളിവിൽ അദ്ദേഹത്തെ അനുഗമിച്ചു. കുറെ അകലെയായി സ്ഥിതിചെയ്യുന്ന ഒരു ചെറിയ ദേവാലയത്തിലെ ദിവ്യപൂജയുടെ സമയം നോക്കിയാണു് അദ്ദേഹം ഒളിച്ചുപോയിരുന്നതെന്നു അപ്പോഴാണു ഞങ്ങൾക്കു മനസ്സിലായതു്." ഈ പുണ്യസ്നേഹിതന്റെ നേർക്കുള്ള അപാരമായ കൃതജ്ഞത പ്രദർശിപ്പിക്കുന്നതിനായി ഒർലാൻഡോ പ്രശസ്തരായ തന്റെ പല സുഹൃത്തുക്കളോടൊന്നിച്ചു 1950-ൽ മെസ്സീനായിലേക്കു ഒരു തീർത്ഥാടനം നടത്തുകയും അനുഗൃഹീതനായ പണ്ഡിതാഗ്രേസരനോടൊന്നിച്ചു താൻ വസിച്ചിരുന്ന ഭവനം അവർക്കു പരിചയപ്പെടുത്തിക്കൊടുക്കുകയുമുണ്ടായി.

### നൈസാം മഹാരാജാവിന്റെ സംഭാവന

ലോകത്തിലെ കുബേരഗണത്തിൽ അഗ്രഗണ്യനെന്നു പണ്ടേ പേരുകേട്ട ഹൈദ്രബാദിലെ നൈസാം മഹാരാജാവു് അവിടത്തെ സെൻറു് ജോസഫ്സ് കത്തോലിക്കാ കത്തീഡ്രൽപ്പള്ളിക്കു് ഒരു സംഭാവന നൽകിയിരിക്കുന്നു. 280 പവൻ വിലയുള്ള ഒരു മനോഹരഘടികാരമാണതു്. കഴിഞ്ഞ ക്രിസ്തുമസ്സിനു പാതിരാക്കുർബാനയ്ക്കു തിരുമേനി പ്രസ്തുത പള്ളി സന്ദർശിക്കയുണ്ടായി. അതിന്റെ ഓർമ്മയ്ക്കായിട്ടാണത്രെ തിരുമേനി ഈ സംഭാവന സമർപ്പിച്ചതു്. ഒരു കോടി 60 ലക്ഷത്തോളം വരുന്ന ഹൈദ്രാബാദിലെ ജനസംഖ്യയിൽ അറുപതിനായിരംപേർ മാത്രമേ കത്തോലിക്കരായിട്ടുള്ളു എന്നതും ഇത്തരുണത്തിൽ സ്മരണീയമായിട്ടുണ്ടു്.

### സിനിമാനടി കന്യകാമഠത്തിൽ ചേർന്നു

അമേരിക്കയിലെ പേരുകേട്ട സിനിമാതാരങ്ങളിലൊരാളായ ജൂണേഹാവെർ ഉപവിയുടെ കന്യാസ്ത്രീകളുടെ നവസന്യാസഭവനത്തിൽ ആശ്രമവാസം ആരംഭിച്ചിരിക്കുന്നു. രണ്ടുകൊല്ലം മുമ്പൊരിക്കൽ സഭയുടെ മാതൃഭവനം സന്ദർശിക്കാനിടയായതിനോടെ ഈ മഹതിക്കു് ഈ ആഗ്രഹം അങ്കുരിച്ചതാണു്. അനന്തരം സാന്താമോണിക്കായിൽ അവർ നടത്തിവരുന്ന ആസ്പത്രിയും വിദ്യാലയവുമായി അടുത്തു പെരുമാറിയതിന്റെ ഫലമായി അതു സഫലമായിത്തീരുകയുംചെയ്തു. മിസ്സ് ഹാവെറിനു 26 വയസ്സു പ്രായമേയുള്ളു. സഭാപ്രവേശനത്തിനുമുമ്പു ചെയ്ത ഒരു പ്രസ്താവനയിൽ അവൾ പറയുന്നു: "ദൈവം എന്നിൽനിന്നും ആവശ്യപ്പെട്ടതു നിർവ്വഹിപ്പാൻ തന്നെ ഞാൻ തീർച്ചപ്പെടുത്തിയിരിക്കുകയാണു്. ദൈവത്തെ സേവിക്കുന്നതിലേക്കു സമസൃഷ്ടികളെ സേവിക്കുന്നതിനു ഞാൻ വിളിക്കപ്പെട്ടിരിക്കുന്നു. നാനാവിധത്തിൽ ഇതേവരെ എന്നെ സഹായിച്ചിട്ടുള്ള എന്റെ നിരവധി സുഹൃത്തുക്കൾ എന്റെ ഉദ്ദേശ്യസാദ്ധ്യത്തിനായി എനിക്കുവേണ്ടി പ്രാർത്ഥിപ്പാൻ ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു."

### ഹോളണ്ടുരാജ്യത്തിന്റെ ദയനീയ സ്ഥിതി

കടലിനോടു സദാ പടവെട്ടി കഴിയുന്ന രാജ്യങ്ങളാണു ഹോളണ്ടു്, ബൽജിയം മുതലായ നെതർലണ്ടുപ്രദേശങ്ങൾ. 1421-ൽ ഉണ്ടായ ഒരു കടൽക്ഷോഭംകൊണ്ടു ഒരു രാത്രികാലത്തിനിടയ്ക്കു രണ്ടായിരം ചതുരശ്രമൈൽ സ്ഥലം സമുദ്രത്തിലാണ്ടു് അവിടെ ഒരുൾക്കടൽതന്നെ ഉണ്ടായതാണു്. കാലാന്തരത്തിൽ ജനങ്ങളുടെ അക്ഷീണപരിശ്രമത്താൽ അതിൽ മിക്കഭാഗവും നമ്മുടെ കായൽപ്പാടങ്ങൾപോലെയുള്ള കൃഷിസ്ഥലങ്ങളായി രൂപാന്തരപ്പെടുത്തി എടുത്തു. കടൽത്തീരസ്ഥലങ്ങൾ നൂറിൽപ്പരം മൈൽ ദൂരം സമുദ്രനിരപ്പിനു താഴെയാണു കിടക്കുന്നതു്. വലിയ ചിറകൾ കെട്ടിപ്പൊക്കി ആ സ്ഥലങ്ങൾ സംരക്ഷിച്ചുവരുന്നു. ഇടയ്ക്കിടെ കടൽക്ഷോഭത്താൽ ചിറകൾ അവിടവിടെ പൊട്ടി വലിയ നാശങ്ങൾ വരുത്താറുണ്ടു്. എന്നാൽ ഇക്കഴിഞ്ഞ ഫെബ്രുവരി 1-ാംനു- രാത്രിയുണ്ടായ നാശം രണ്ടുമൂന്നു നൂററാണ്ടിനിടയ്ക്കു ഉണ്ടായിട്ടുള്ളതിൽ ഏററം ഭയങ്കരമായിരുന്നു. 80 മൈലിനിടയ്ക്കു 50 സ്ഥലത്താണു മട വീണതു്. കഷ്ടനഷ്ടങ്ങളുടെ വിവരം ഇനിയും മുഴുവനായി അറിയപ്പെട്ടിട്ടില്ല. ആയിരത്തിൽപ്പരം ആളുകൾ മരിച്ചതായിട്ടും, മൂന്നുലക്ഷം ജനങ്ങൾ വഴിയാധാരമായി തീർന്നിട്ടുള്ളതായും ഇതിനകം അറിവായിട്ടുണ്ടു്. രോഗശയ്യയിൽ കിടന്നിരുന്ന പരിശുദ്ധ പിതാവു തന്റെ നൺഷിയോമാർവഴി കഴിവുള്ള സഹായങ്ങൾ ഉടൻ ചെയ്തു. അമേരിക്ക, ഫ്രാൻസു്, ജർമ്മനി, ബ്രിട്ടൺ മുതലായ രാജ്യങ്ങളിൽനിന്നെല്ലാം ഉദാരമായ സഹായങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു.


തൈക്കാട്ടുമൂസ്സ് വക

## ഇ. ടി. എം. വൈദ്യശാല

ബ്രാഞ്ചു്: ആലുവാ (റെയിൽവെസ്റ്റേഷനു സമീപം)

എല്ലാ വ്യാഴാഴ്ചയും ഒരുമണിമുതൽ അഞ്ചുമണിവരെ

ഇ. ടി. ആര്യൻമൂസ്സ് അവർകൾ

വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു് ചികിത്സ നിശ്ചയിക്കുന്നതുമാണു്.


സിസ്റ്റർ അൽഫോൻസാമ്മയുടെ സഹായത്താൽ ഉണ്ടായ രോഗശാന്തിക്കും മറെല്ലാ അനുഗ്രഹങ്ങൾക്കും നന്ദി. താമസിപ്പിച്ചതിനു ക്ഷമാപണം.

ഏ. വി. ജോസഫ്

അവിരാപ്പാട്ടു്, കോതമംഗലം


*Permissu Ecclesiastico*

Printed & Published by

K. L. Varkey

at the Mar Louis Memorial Press

Ernakulam